# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2019 ആഗസ്റ്റ്
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





നിലാവിന്റെ ഭംഗി
(നോവൽ )
**പെരുമ്പടവം ശ്രീധരൻ**
വില ₹50




ഭാരതീയ സംഗീതധാര
(വൈജ്ഞാനികം)
**ഡോ. ജയപ്രകാശ് ശർമ**
വില ₹90




ആകാശപ്പറവകൾ
(തിരക്കഥ)
**ഡോ. അശോക് ഡിക്രൂസ്**
വില ₹80




നമ്മുടെ സൗരയൂഥം
(വൈജ്ഞാനികം)
**പി എം സിദ്ധാർഥൻ**
വില ₹70





മായുന്ന ഗ്രാമക്കാഴ്ചകൾ
(വൈജ്ഞാനികം)
**മുരളീധരൻ തഴക്കര**
വില ₹80




വള്ളിനിക്കറിട്ട ബാല്യം
(കഥ)
**ഡെന്നിസ് അറയ്ക്കൽ**
വില ₹120




വിചിത്രക്കണ്ണാടി
(കഥ)
**പി കെ സുധി**
വില ₹90




നന്മ മലയാളം
നമ്മുടെ മലയാളം
(വൈജ്ഞാനികം)
**ഷാജി മാലിപ്പാറ**
വില ₹70




ബീർബൽ കഥകൾ
(പുനരാഖ്യാനം )
**സാഗാ ജെയിംസ്**
വില ₹120




കായൽകഥകൾ
(വൈജ്ഞാനികം)
**ഉണ്ണി അമ്മയമ്പലം**
വില ₹100




ഖുദിറാം ബോസ്
(ജീവചരിത്രം)
**ഡോ. ടി എസ് ജോയി**
വില ₹100




ഈസോപ്പ് കഥകൾ
(പുനരാഖ്യാനം )
**സി വി സുധീന്ദ്രൻ**
വില ₹170

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ആഗസ്റ്റ് 2019
വില ₹20
വാർഷികവരിസംഖ്യ ₹200


ഉള്ളടക്കം



## സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിലെ സ്ത്രീപങ്കാളിത്തം 8

**ശ്രീകല ചിങ്ങോലി**

പുരുഷകർത്തൃത്വത്തിന്റെ പാഠങ്ങൾ മാത്രം പരാമർശിക്കപ്പെട്ടു പോന്നിരുന്ന നമ്മുടെ സ്വാതന്ത്ര്യ സമരചരിത്രത്താളുകളിൽ സുവർണലിപികളാൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ത്രീനായകത്വത്തിന്റെ, കേരളീയ സ്ത്രീപക്ഷ പോരാട്ടങ്ങളുടെ ചരിത്രമാണ് ഇതിലൂടെ പരാമർശിക്കുന്നത്.

## ഇന്ത്യ നമ്മുടെ രാജ്യം 22

**ഉണ്ണി അമ്മയമ്പലം**

വലിയവൻ ചെറിയവനെന്ന തരംതിരിവിന്റെ, വർഗീയതയുടെ, വിദ്വേഷത്തിന്റെ, വെറുപ്പിന്റെ, പകയുടെ, പ്രതികാരത്തിന്റെ വേലിക്കെട്ടുകൾ പൊളിച്ചു മാറ്റിയാലേ ഇന്ത്യ നമ്മുടെ രാജ്യമായി മാറുകയുള്ളൂ എന്ന തിരിച്ചറിവ് പകർന്നുതരികയാണ് മനോഹരമായ ഈ നാടകം.





## ഇംഗ്ലണ്ട് ലോകചാമ്പ്യന്മാർ 32

**മോഹൻദാസ് അമ്പാട്ട്**

പന്ത്രണ്ടാം ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ആദ്യമായി ക്രിക്കറ്റിന്റെ ജന്മനാടായ ഇംഗ്ലണ്ട് ലോക കിരീടം സ്വന്തമാക്കി. ഏറ്റവും ആവേശം നിറഞ്ഞ ഒരു മത്സരത്തിന്റെ അന്ത്യത്തിൽ, ഭാഗ്യത്തിന്റെ കൂടി പിന്തുണയോടെ ഇംഗ്ലണ്ട് ലോകചാമ്പ്യന്മാരായി.


**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം** ....................5
എൻ ടി രാജീവ്
**കവിതാപരിചയം**....................14
ഈശ്വരവാര്യർ
**സ്വാതന്ത്ര്യദിനത്തിൽ** ....................15
അമ്പലപ്പുഴ രാജഗോപാൽ
**മുത്തശ്ശിയെ ഉത്തരം മുട്ടിച്ച പേരമകൾ**....................16
ബഷീർ ചുങ്കത്തറ
**ആരോഗ്യം**....................20
ഡോ. ബി പത്മകുമാർ
**കടപയാദി**....................26
പള്ളിയറ ശ്രീധരൻ
**അറിയണം കാക്കണം ജീവന്റെ വൈവിധ്യം**....................27
സീമ ശ്രീലയം
**പ്രകൃതി**....................29
ഷാജി ആന്റണി
**സാഫല്യം**.................... 30
പി ടി മണികണ്ഠൻ
**കുട**....................31
രാജഗോപാലൻ നാട്ടുകൽ
**ടോം സോയറുടെ സാഹസികജീവിതം**......36
പുനരാഖ്യാനം: ജോളി വർഗീസ്
**കുന്നും കുഞ്ഞും**....................39
സുരേന്ദ്രൻ കാടങ്കോട്
**ഗ്രഹാംബെൽ മെറ്റൽ ഡിറ്റക്റ്റർ കണ്ടെത്തിയത് എങ്ങനെ?**............40
പി പി കെ പൊതുവാൾ
**ഹൃദയത്തെ വെടിപ്പാക്കുക**............44
ഉല്ലല ബാബു
**ബഷീറിന്റെ ആദ്യത്തെ കഥാരചന**....................46
ജോസഫ് പനയ്ക്കൽ
**മഹാഭാരതം** .......... ....................50
സുഗതകുമാരി
**ഇളംതളിര്**.......... ....................52



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**സജി വി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org,**
**director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: സുധീർ പി വൈ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

മുതിർന്നവരെക്കൊണ്ട് 'നല്ലകുട്ടി' എന്നു പറയിപ്പിക്കാൻ നിങ്ങളിൽ എത്രപേർക്കു സാധിക്കും? അച്ഛനമ്മമാർ മാത്രമല്ല, അധ്യാപകർ മാത്രമല്ല പരിചയപ്പെടുന്ന അന്യരും നിങ്ങളെപ്പറ്റി നല്ല കുട്ടി എന്നുപറയണമെങ്കിൽ നാം എന്താണു ചെയ്യേണ്ടത്?

ഞാൻ രണ്ടുമൂന്ന് ഉദാഹരണങ്ങൾ പറയാം. ഇതൊന്നും ഭാവനയിൽ നിന്നു പറയുന്നതല്ല. സ്വന്തം അനുഭവങ്ങളാണ്.

കുറച്ചുനാൾ മുമ്പ് ഞാനൊരു സുഹൃത്തിന്റെ വീട്ടിൽ പോയി. വാതിൽ തുറന്നുകിടന്നതിനാൽ സന്ദർശകമുറിയിലേക്കു പ്രവേശിച്ചു. അവിടെ കസേരയിൽ ഒരു പന്ത്രണ്ടുവയസ്സുകാരൻ ഇരിപ്പുണ്ട്. എന്നെ കണ്ട മട്ടില്ല. ഞാൻ ചോദിച്ചു. ''അമ്മൂമ്മ ഇവിടെയില്ലേ മോനേ?'' കൈയിലിരുന്ന മൊബൈലിലാണ് അവന്റെ ശ്രദ്ധ മുഴുവൻ. 'ശല്യം' എന്ന മട്ടിൽ അവനൊന്നു മുഖമുയർത്തി നോക്കി. എന്നിട്ട് ഉറക്കെ 'മമ്മീ' എന്നൊരു വിളി വിളിച്ചു. മമ്മി എന്ന ചെറുപ്പക്കാരി ഇറങ്ങിവന്നു. ''അല്ലാ ഇതാര്! ടീച്ചറോ? ഇരിക്കണം. അമ്മയെ ഇപ്പോൾ വിളിക്കാം'' എന്നുപറഞ്ഞ് തിടുക്കത്തിൽ അകത്തേക്കു പോയി. പുത്രൻ ഇതേ ഇരിപ്പാണ്. മുഖമുയർത്തുന്നുപോലുമില്ല. ഞാൻ മനഃപൂർവം ചോദിച്ചു. ''എന്താ മോന്റെ പേര്?'' അവൻ എന്തോ പിറുപിറുത്തു. അപ്പോഴേക്കും അവന്റെ അമ്മൂമ്മ ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ചു. ''മോനേ... ഇതാരാണെന്നറിയാമോ? എണീറ്റുവന്ന് കാലിൽ തൊട്ടു വന്ദിക്കൂ'' എന്നായി അമ്മൂമ്മ. മോൻ കേട്ട മട്ടുനടിക്കാതെ അവന്റെ മൊബൈലുമായി അകത്തേക്കു കയറിപ്പോയി. അമ്മയും അമ്മൂമ്മയും ചിരിച്ചു. അവൻ അങ്ങനെയൊക്കെയാണ് എന്നൊരു സമാധാനവും പറഞ്ഞു. ഞാൻ പതുക്കെ എന്റെ കൂട്ടുകാരിയോടു പറഞ്ഞു. ''പ്രഭേ, കൊച്ചുമോനെ നന്നായി പെരുമാറാൻ ശ്രദ്ധിച്ചു പഠിപ്പിക്കണം. വീട്ടിൽ ഒരതിഥി വന്നാൽ കണ്ടില്ലെന്നു ഭാവിക്കുന്നതു ശരിയല്ല. രണ്ട് അമ്മമാരുടെയും മുഖം മങ്ങി. ഞാൻ ഇങ്ങനെ തുറന്നു പറയുമെന്ന് അവർ വിചാരിച്ചിരുന്നില്ല. മാത്രമല്ല ഇതൊക്കെ ഒരു കുട്ടിക്കളിയായി കാണാനാണ് അവർക്കു പ്രിയം. പക്ഷേ മിണ്ടാതെ പോരാൻ എന്റെ മനസ്സു സമ്മതിക്കില്ലല്ലോ.

മറ്റൊരു സംഭവം. ഒരു പിറന്നാൾ ഊണിനു പോയിട്ട് ഞങ്ങൾ കൈകഴുകാൻ നിൽക്കുകയാണ്. ചെറിയ വീടാണ്. ഒരു പൈപ്പു മാത്രമേയുള്ളൂ. ഓരോരുത്തരായി കൈകഴുകി മാറുവാൻ ഞങ്ങൾ കാത്തുനിൽക്കുമ്പോൾ ഒരു

പത്തുവയസ്സുകാരൻ ഓടിവന്ന് എല്ലാവരെയും തള്ളിമാറ്റി മുമ്പിൽ കയറി. അവൻ കൈകഴുകിക്കൊണ്ടുനിന്ന ഒരു വൃദ്ധയെക്കൂടെ തള്ളിമാറ്റി കൈകഴുകിയിട്ട് ഓടിപ്പോയി. ''എത്ര മോശമായി വളർത്തിയിരിക്കുന്നു ആ കുട്ടിയെ'' എന്ന് എല്ലാവരും മനസ്സിൽ കരുതിക്കാണും. ഇങ്ങനെ പറയാൻ എത്രയോ ഉദാഹരണങ്ങൾ കാണും.


ഇനി മറ്റൊരു വീട്ടിലെ കഥ പറയാം. ഇതിൽ പേരുകൾ പറയാൻ എനിക്ക് സന്തോഷമേയുള്ളൂ. ഡൽഹിയിലുള്ള ഞങ്ങളുടെ സുഹൃത്ത് കരുണാകരന്റെ വീട്. ഞങ്ങൾ അന്ന് ഡൽഹിയിൽ താമസിക്കുകയാണ്. ഒരു വൈകുന്നേരം എന്റെ ഭർത്താവ് വേലായുധൻ നായരും ഞാനും കരുണാകരനെയും അദ്ദേഹത്തിന്റെ സുന്ദരിയായ ഭാര്യ വിജയത്തെയും കണ്ടുകളയാമെന്നു കരുതി ചെന്നുകയറി. ബെല്ലടിച്ചപ്പോൾ രണ്ട് ആൺകുട്ടിക (ഇരട്ടകൾ)ളാണ് വന്ന് കതകുതുറന്നത്. പത്ത് പതിനൊന്നു വയസ്സുപ്രായം. ഞങ്ങളെ പരിചയമില്ലെങ്കിലും അവർ കൈകൂപ്പി നമസ്തേ പറഞ്ഞു. അകത്തുവന്നിരിക്കാൻ ക്ഷണിച്ചു. ഞങ്ങൾ അകത്തുചെന്ന് സെറ്റിയിൽ ഇരുന്നപ്പോൾ അവർ പറഞ്ഞു.


''അച്ഛനും അമ്മയും ഇവിടെയില്ല. പുറത്തുപോയിരിക്കുകയാണ്.'' ''ശരി പിന്നെ വരാം'' എന്നു പറഞ്ഞ് ഞങ്ങൾ എഴുന്നേൽക്കാൻ തുടങ്ങിയപ്പോൾ അവരുടെ അനിയത്തി ഒരു ചന്തമുള്ള എട്ടുവയസ്സുകാരി ഓടിവന്നു തടഞ്ഞു. ''പോകരുത്. ചായ കുടിച്ചിട്ടു പോകാം.'' ഞാൻ അമ്പരന്നു ചോദിച്ചു. ''മോളേ ആരുണ്ടാക്കും ചായ?'' ചേട്ടന്മാർ ഒരേ സ്വരത്തിൽ പറഞ്ഞു. ''ഞങ്ങൾ.'' അവർ ഓടിപ്പോയി ചായയുണ്ടാക്കി കൊണ്ടുവന്നുതന്നു. കൊച്ചുമകൾ എന്റെ അരികിൽ വന്നിരുന്ന് കൊഞ്ചിക്കൊഞ്ചി വർത്തമാനം പറഞ്ഞു. ചായ കുടിപ്പിച്ച് നമസ്തേ പറഞ്ഞ് ഞങ്ങളെ മുറ്റംവരെ അനുഗമിച്ച ശേഷമേ അവർ അകത്തേക്കു പോയുള്ളൂ.

പിന്നീടൊരിക്കൽ അവരുടെ അച്ഛനമ്മമാരോട് ഞാനീ സത്കാരകഥ സന്തോഷത്തോടെ പറഞ്ഞപ്പോൾ അവർ ഒന്നു ചിരിച്ചതേയുള്ളു. ഇതൊന്നും അത്ര വലിയ കാര്യമല്ല എന്ന മട്ടിൽ.

വലിയ കാര്യമാണ് കുഞ്ഞുങ്ങളേ. മുതിർന്നവരെ ആദരിക്കാൻ, എല്ലാവരോടും മര്യാദയോടു പെരുമാറാൻ, നല്ല വാക്കു പറയുവാൻ അല്പമൊന്നു ശ്രദ്ധിച്ചാൽ മതി. നിങ്ങൾക്കീലോകത്തെ സന്തോഷം കൊണ്ടു നിറയ്ക്കാം.

സ്നേഹത്തോടെ
**സുഗതകുമാരി**








"ചിലപ്പോൾ ഒരു ജനക്കൂട്ടത്തിനരികിൽ എത്തുമ്പോൾ, അത്യുച്ചത്തിലുള്ള ഒരു ജയാരവം എന്നെ എതിരേൽക്കാറുണ്ട്. 'ഭാരതമാതാ കീ ജയ്". ഞാൻ ചിലപ്പോൾ അവരോട് ചോദിക്കും, ആരാണ് ഈ ഭാരതമാതാവ്? ആരുടെ ജയമാണ് അവർ നേരുന്നത്? ഈ ചോദ്യം അവർക്ക് നേരമ്പോക്കായി തോന്നും. അവരെ അത്ഭുതപ്പെടുത്തും. എന്നിട്ട് എന്താണ് ഉത്തരം പറയേണ്ടതെന്നറിയാതെ അവർ പരസ്പരം നോക്കും. പിന്നീട് എന്റെ മുഖത്തേക്കും. ഞാൻ വീണ്ടും വീണ്ടും ആ ചോദ്യം തന്നെ ആവർത്തിക്കും. ഒടുവിൽ ശക്തനായ ഒരു ജാട്ട്, യുഗയുഗാന്തരങ്ങളായി മണ്ണുമായി ബന്ധപ്പെട്ട ഒരു ഗ്രാമീണൻ, എഴുന്നേൽക്കും. അയാൾ പറയും, അത് 'ധാത്രി'യാണ്, ഈ നല്ല മണ്ണ്. ഏതു മണ്ണ്? ഞാൻ ചോദിക്കും. ഈ ഗ്രാമത്തിന്റേതോ? ഈ പ്രവിശ്യയുടേതോ? അതോ ഈ മുഴുവൻ ഇന്ത്യയുടേതുമോ? അങ്ങനെ ഈ ചോദ്യോത്തരങ്ങൾ തുടരും. അവർ വിചാരിച്ചതെല്ലാമാണത്; പോരാ, അതിൽ എത്രയോ കൂടുതലുമാണ്, എന്ന് ഞാൻ പറയും. ഈ പർവതങ്ങളും നദികളും കാടുകളും പരന്നുകിടക്കുന്ന പച്ചപ്പാടങ്ങളും നമുക്ക് പ്രിയതരമാണ്. പക്ഷേ അതിലും ഉപരിയായി ഉള്ളത് ഇന്ത്യയിലെ ജനങ്ങളാണ്. അവരെപ്പോലെയും എന്നെപ്പോലെയുമുള്ള ജനങ്ങൾ. ഈ അനന്തമായ രാജ്യത്തിൽ അങ്ങോളമിങ്ങോളം പരന്നുകിടക്കുന്ന ജനങ്ങൾ. ഭാരതമാതാവ് എന്നുവച്ചാൽ ജനകോടികളാണ്. ഭാരതമാതാ ജയിക്കട്ടെ എന്നുവച്ചാൽ ഈ ജനാവലിക്ക് വിജയം നേരുകയാണ്. നിങ്ങൾ ഈ ഭാരതമാതാവിന്റെ അംശങ്ങളാണ്, ഞാൻ പറയും - നിങ്ങൾ തന്നെയാണ് ഭാരതമാതാവ്."

ജവഹർലാൽ നെഹ്റു

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്











# സ്വാതന്ത്ര്യ സമരപോരാട്ടങ്ങളിലെ സ്ത്രീപങ്കാളിത്തം

**ശ്രീകല ചിങ്ങോലി**

സ്ത്രീയുടെ രാഷ്ട്രീയ വ്യവഹാരത്തെ അനുകൂലമായി നിശ്ചയിക്കുന്ന ചില നിർണായക ഘടകങ്ങൾ ഉണ്ട്. അവ വിദ്യാഭ്യാസം, സാമ്പത്തികം, തൊഴിൽ എന്നിവയാണ്. ഈ മേഖലകളിൽ അവർക്ക് സ്വതന്ത്രമായി ഇടപെടാൻ അവകാശമുണ്ടെങ്കിൽ അത് അവരുടെ രാഷ്ട്രീയ പങ്കാളിത്തത്തെ അടയാളപ്പെടുത്തുന്നു. അതില്ലാത്തവർ അത് നേടിയെടുക്കാൻ നടത്തിയ ശ്രമങ്ങളാണ് നമ്മുടെ സ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളിലെ സ്ത്രീപങ്കാളിത്തം വ്യക്തമാക്കുന്നത്.

1916 ൽ ആനിബസന്റിന്റെ ഹോംറൂൾ പ്രസ്ഥാനത്തോടെയാണ് പ്രക്ഷോഭങ്ങളിലൂടെ രാഷ്ട്രീയ അവകാശങ്ങൾ നേടിയെടുക്കുക എന്ന ലക്ഷ്യം സ്ത്രീകളിൽ രൂഢമൂലമാകുന്നത്. കേരളത്തിൽ ആദ്യമായി മലബാറിലാണ് സ്ത്രീസമാജങ്ങൾക്ക് തുടക്കം കുറിച്ചത്. 1890 ൽ കാരായി ദമയന്തിയുടെ നേതൃത്വത്തിൽ തലശ്ശേരിയിൽ പിറവിയെടുത്ത സ്ത്രീസമാജമാണ് കേരളത്തിലെ ആദ്യ മഹിളാ സംഘടന. വിമൻസ് ഇന്ത്യ അസോസിയേഷന്റെ കമ്മിറ്റികൾ കോഴിക്കോട്ടും തലശ്ശേരിയിലും ആരംഭിച്ചു. കോഴിക്കോട് ഇതിന് നേതൃത്വം നൽകിയത് മാർഗരറ്റ് കസിൻസാണ്. ഇതിന്റെ ആദ്യ പ്രസിഡന്റ് അന്നപൂർണി അമ്മാളായിരുന്നു. പാട്ടത്തിൽ ദേവകിയമ്മ യമുനാഭായി, മഞ്ചേരി കമലമ്മാൾ, കെ ഇ ശാരദ ടീച്ചർ, ടി എം നാരായണി കോവിലമ്മ തുടങ്ങിയവർ ഇതിലെ അംഗങ്ങളായിരുന്നു.

മലബാറിൽ സ്ത്രീകളിൽ രാഷ്ട്രീയബോധം വരുത്താനും സാമൂഹ്യ ഉത്തരവാദിത്തം ബോധ്യപ്പെടുത്താനും വിമൻസ് ഇന്ത്യ അസോസിയേഷൻ വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനങ്ങളിലും സ്വാതന്ത്ര്യ സമരത്തിലും നിസ്തുലമായ സംഭാവനകൾ നൽകിയ ധീരവനിതകളെ പരിചയപ്പെടുത്തുക എന്നതാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

# അക്കാമ്മ ചെറിയാൻ

നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ എക്കാലവും ഓർമിക്കപ്പെടേണ്ട ഒരു വ്യക്തിത്വമാണ് അക്കാമ്മ ചെറിയാൻ. കോട്ടയം കാഞ്ഞിരപ്പള്ളിയിൽ കരിപ്പാമ്പറമ്പിൽ തൊമ്മൻ ചെറിയാന്റെയും അന്നമ്മയുടെയും രണ്ടാമത്തെ മകളായിട്ടാണ് 1909 ഫെബ്രുവരി പതിനാലിന് ആ മഹതി ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ചരിത്രത്തിൽ ബിരുദം നേടി കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് സ്കൂളിൽ പ്രധാനാധ്യാപികയായി. ഇക്കാലത്താണ് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് രൂപവത്കരിക്കപ്പെടുന്നതും ഉത്തരവാദിത്തഭരണം ആവശ്യപ്പെട്ട് പ്രക്ഷോഭം ആരംഭിക്കുന്നതും. ഇതിന്റെ തുടക്കംമുതൽ തന്നെ ഈ പ്രസ്ഥാനത്തിന്റെ ആശയങ്ങളോട് അക്കാമ്മ ചെറിയാന് പ്രതിപത്തിയുണ്ടായിരുന്നു. എന്നാൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി പി രാമസ്വാമി അയ്യർ അക്കാമ്മയുടെ പ്രവർത്തനങ്ങളെ അടിച്ചമർത്താൻ ശ്രമിച്ചിരുന്നു. 1938 ആഗസ്റ്റ് 26 ന് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രത്യക്ഷസമരം ആരംഭിച്ചു. യുവജനസംഘടനയായ യൂത്ത്ലീഗിനെയും സ്റ്റേറ്റ് കോൺഗ്രസ്സിനെയും അദ്ദേഹം നിയമവിരുദ്ധമായി പ്രഖ്യാപിച്ചു.

എന്നാൽ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തകർ ഇതുകൊണ്ടൊന്നും പിന്മാറിയില്ല. അവർ തങ്ങളുടെ പ്രവർത്തനരീതിയിൽ മാറ്റം വരുത്തി. പ്രവർത്തകസമിതി പിരിച്ചുവിട്ടു. പ്രസിഡന്റിൽ സർവാധികാരവും അനുവദിച്ച് നിയമലംഘന സമരം ആരംഭിച്ചു. 1938 ഓഗസ്റ്റ് 26 ന് കോൺഗ്രസ്സ് പ്രസിഡന്റ് പട്ടം താണുപിള്ളയെ അറസ്റ്റുചെയ്തു. തുടർന്നുവന്ന പത്ത് പ്രസിഡന്റുമാരെയും അറസ്റ്റുചെയ്യുകയും നൂറ് കണക്കിന് പ്രവർത്തകരെ നിയമലംഘനത്തിന് അറസ്റ്റുചെയ്ത് ജയിലിൽ അടയ്ക്കുകയും ചെയ്തു. പലസ്ഥലങ്ങളിലും ലാത്തിച്ചാർജ്ജ്, വെടിവയ്പ്പ് എന്നിവ നടന്നു. യുവാക്കളായ പ്രവർത്തകർ അറസ്റ്റിലായതോടെ കോൺഗ്രസ്സ് സംഘടനാപ്രവർത്തനങ്ങൾക്കായി സ്ത്രീകൾ മുന്നോട്ടുവരികയും അവരുടെ നേതൃത്വം അക്കാമ്മ ചെറിയാൻ ഏറ്റെടുക്കുകയും ചെയ്തു. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന് നിവേദനം നൽകി അക്കാമ്മ രാഷ്ട്രീയത്തടവുകാരെ മോചിപ്പിച്ചു. തിരുവിതാംകൂറിന്റെ 'ഝാൻസി റാണി' എന്ന് ആ ധീരവനിത അറിയപ്പെട്ടു.



**1938 ഓഗസ്റ്റ് 26 ന് കോൺഗ്രസ്സ് പ്രസിഡന്റ് പട്ടം താണുപിള്ളയെ അറസ്റ്റുചെയ്തു. നൂറ് കണക്കിന് പ്രവർത്തകരെ നിയമലംഘനത്തിന് അറസ്റ്റുചെയ്ത് ജയിലിൽ അടച്ചു. പലയിടത്തും ലാത്തിച്ചാർജ്ജ്, വെടിവയ്പ്പ് എന്നിവ നടന്നു. യുവാക്കളായ പ്രവർത്തകർ അറസ്റ്റിലായതോടെ സംഘടനാപ്രവർത്തനങ്ങൾക്കായി സ്ത്രീകൾ മുന്നോട്ടുവരികയും അവരുടെ നേതൃത്വം അക്കാമ്മ ചെറിയാൻ ഏറ്റെടുക്കുകയും ചെയ്തു.**

# ആനി മസ്ക്രീൻ

1902 ജൂൺ ആറാം തീയതിയാണ് ആനി മസ്ക്രീന്റെ ജനനം. ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാളികളിൽ അഗ്രഗണ്യയും തിരുവനന്തപുരം എം പി യുമായി മാറിയ ധീരവനിതയായിരുന്നു ആനി. ലത്തീൻ കത്തോലിക്ക കുടുംബത്തിൽ പിറന്ന ആനി മസ്ക്രീന്റെ പിതാവ് ഗബ്രിയേൽ, തിരുവിതാംകൂറിലെ ഒരു സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. ചരിത്രത്തിലും സാമ്പത്തികശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടിയശേഷം നിയമബിരുദവും സമ്പാദിച്ചു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്ന ആദ്യവനിതകളിൽ ഒരാളായിരുന്നു ആനി മസ്ക്രീൻ. അക്കാമ്മ ചെറിയാനും പട്ടം താണുപിള്ളയ്ക്കുമൊപ്പം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത ആനി മസ്ക്രീൻ തടവുശിക്ഷയും



അനുഭവിച്ചിട്ടുണ്ട്. രാഷ്ട്രനിർമാണത്തിനു വേണ്ടിയും ജനാധിപത്യത്തിനുവേണ്ടിയും നമ്മുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയും സധൈര്യം പോരാടിയ ആ വീരാംഗനയുടെ സേവനം നമ്മുടെ മന്ത്രിസഭയിലും നന്നായി പ്രതിഫലിച്ചിരുന്നു.



# എ വി കുട്ടിമാളു അമ്മ

1905 ൽ പാലക്കാട്ടു ജില്ലയിലെ ആനക്കരയിലാണ് എ വി കുട്ടിമാളു അമ്മയുടെ ജനനം. കേരളത്തിലെ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകരിൽ ഒരാളായിരുന്നു കുട്ടിമാളു അമ്മ. 1931 ൽ സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കുക എന്ന ആശയവുമായി പിക്കറ്റിങ് നടത്തിയതിന്റെ നേതൃനിരയിൽ കുട്ടിമാളു അമ്മയുണ്ടായിരുന്നു. രണ്ടുമാസം മാത്രം പ്രായമുള്ള തന്റെ കൈക്കുഞ്ഞുമായിട്ടാണ് കുട്ടിമാളു അമ്മ സിവിൽ നിയമലംഘന പ്രസ്ഥാനത്തെ നയിച്ചത്. കോഴിക്കോടായിരുന്നു അവരുടെ കർമവേദി. 1936 ലും 1947 ലും മദ്രാസ്സ് അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ക്വിറ്റിന്ത്യാ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് രണ്ടുവർഷം തടവുശിക്ഷ അനുഭവിച്ചു. 1944 ൽ കേരളാപ്രദേശ്, കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡന്റായി. ഇതുകൂടാതെ ഹിന്ദി പ്രചാരസഭയുടെയും പ്രസിഡന്റ്



പദവി വഹിച്ചിട്ടുണ്ട്. കാമരാജിന്റെ പ്രസംഗങ്ങൾ തമിഴിൽ നിന്ന് മലയാളത്തിലേക്ക് തർജമ ചെയ്തിട്ടുണ്ട്.

നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ സുപ്രധാനമായ പങ്കുവഹിച്ച വനിതകളുടെ നിരയിൽ ഏറെ ശ്രദ്ധേയയാണ് കുട്ടിമാളു അമ്മ.



## കെ ആർ ഗൗരിയമ്മ

ആധുനിക കേരളം കണ്ട പ്രൗഢരായ വനിതാ ഭരണാധികാരികളിൽ ശ്രദ്ധേയയായിരുന്നു കെ ആർ ഗൗരിയമ്മ. ചേർത്തല താലൂക്കിലെ പട്ടണക്കാട് പ്രദേശത്തുള്ള അന്ധകാരനഴി എന്ന ഗ്രാമത്തിൽ കളത്തിപ്പറമ്പിൽ കെ എ രാമൻ-പാർവതിയമ്മ എന്നിവരുടെ മകളായി 1919 ജൂലൈ 14 ന് ആണ് ഗൗരിയമ്മ ജനിച്ചത്. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് ബിരുദവും എറണാകുളം ലോ കോളജിൽ നിന്ന് നിയമബിരുദവവും കരസ്ഥമാക്കി. കമ്യൂണിസ്റ്റുപാർട്ടിയുടെ സജീവ പ്രവർത്തകനായ സുകുമാരന്റെ പാത പിന്തുടർന്നാണ് ഗൗരിയമ്മ രാഷ്ട്രീയത്തിലെത്തിയത്.

1957 ൽ കമ്യൂണിസ്റ്റ് മന്ത്രിസഭയിലെ മന്ത്രിയായ ടി വി തോമസിനെ ഗൗരിയമ്മ ജീവിത പങ്കാളിയായി സ്വീകരിച്ചു. 1964 ൽ കമ്യൂണിസ്റ്റു പാർട്ടി പിളർന്നപ്പോൾ അവർ വിഭിന്ന ചേരികളിലായി. 1952-53, 1954-55 കാലഘട്ടങ്ങളിലെ തിരുവിതാംകൂർ കൊച്ചി നിയമസഭകളിലും കേരള സംസ്ഥാനത്തിന്റെ ആവിർഭാവത്തോടെ അഞ്ചാം നിയമസഭയിലൊഴികെ ഒന്നുമുതൽ പതിനൊന്നുവരെയുള്ള എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നു. റവന്യൂ, വിജിലൻസ്, വ്യവസായം, ഭക്ഷ്യം, കൃഷി, എക്സൈസ്, സാമൂഹ്യക്ഷേമം, ദേവസ്വം, മൃഗസംരക്ഷണം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കപ്പെട്ടതിനുശേഷം ജനാധിപത്യ സംരക്ഷണ സമിതി (ജെ എസ് എസ് ) എന്ന പാർട്ടി രൂപീകരിച്ചു.

1957 ലെ പ്രഥമ കേരള മന്ത്രിസഭയിലെ റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ചരിത്രപ്രധാമായ ഭൂ പരിഷ്ക്കരണനിയമം (1967), കേരള സർക്കാർ ഭൂമി പതിച്ചു കൊടുക്കൽ നിയമം (1958) എന്നിവ നിയമസഭയിൽ അവതരിപ്പിച്ചതും പാസ്സാക്കിയതും നടപ്പിൽ വരുത്തിയും കേരളത്തിലെ പിത്കാല സാമ്പത്തിക- സാമൂഹ്യ ചരിത്രഗതി നിർണിയിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. അതോടെ കേരളത്തിൽ ജന്മിത്തം നിരോധിക്കപ്പെട്ടു. 3.5 ദശലക്ഷം കുടിയേറ്റക്കാരും 500000 കുടികിടപ്പുകാരും ഭൂമിയുടെ ഉടമസ്ഥരായി. ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ച് അത് ഗ്രാമീണ മേഖലയിലെ കർഷകത്തൊഴിലാളികൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. ഏറ്റവുമധികം തവണ നിയമസഭയിലേക്കു വന്ന അംഗം, ഏറ്റവും പ്രായം കൂടിയ നിയമസഭാംഗം എന്നീ ബഹുമതികൾ ഗൗരിയമ്മയ്ക്കുള്ളതാണ്.



## ആര്യാ പള്ളം

സമൂഹത്തിലെ സവർണവിഭാഗത്തിൽ നിന്ന് നമ്മുടെ നവോത്ഥാന പ്രസ്ഥാനങ്ങളിലേക്ക് കടന്നുവന്ന് ശ്രദ്ധപതിപ്പിച്ച വനിതാരത്നമാണ് ആര്യാ പള്ളം. വള്ളുവനാട്ടിലെ അധഃകൃതർക്ക് വഴി നടക്കാനും ക്ഷേത്രങ്ങളിൽ ആരാധന നടത്താനുമുള്ള പ്രക്ഷോഭങ്ങൾ നയിച്ചവരിൽ പ്രമുഖസ്ഥാനത്തിനർഹയാണ് ആര്യാ പള്ളം. പാലിയം സത്യഗ്രഹത്തിൽ ബ്രാഹ്മണയുവതികളെ നയിച്ചത് ആര്യയായിരുന്നു. മറക്കുടയും ഘോഷയും ബഹിഷ്കരിക്കാൻ അവർ സ്വസമുദായാംഗങ്ങളെ പ്രേരിപ്പിച്ചു. ബ്രാഹ്മണ സമുദായത്തിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും തുറന്നെഴുതിയ മഹതിയായിരുന്നു ആര്യാ പള്ളം.

## റോസമ്മ പുന്നൂസ്



സ്വാതന്ത്ര്യസമര ചരിത്രത്തിലെ തിരുവിതാംകൂറിന്റെ ഝാൻസിറാണിയായ അക്കാമ്മ ചെറിയാന്റെ സഹോദരിയാണ് റോസമ്മ പുന്നൂസ്. കാഞ്ഞിരപ്പള്ളിയിലാണ് ജനനം.ദേവികുളത്തുനിന്നും 1957 ൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പിലൂടെ കേരള നിയമസഭയിലേക്ക് എത്തിയ ആദ്യ വനിതയെന്ന ഖ്യാതി റോസമ്മ പുന്നൂസിന് അവകാശപ്പെട്ടതാണ്. 1938 ൽ അവർ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്നു. 'ദേശസേവികമാർ' എന്ന പേരിൽ വനിതകളുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ വോളന്റിയർ ഗ്രൂപ്പായി പ്രവർത്തനം തുടങ്ങിയത് റോസമ്മ പുന്നൂസിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്.



## കൗമുദി ടീച്ചർ



ലാളിത്യത്തിന്റെയും ത്യാഗത്തിന്റെയും നിലാവാണ് കൗമുദിടീച്ചർ. 1917 ൽ കണ്ണൂരിൽ എ കെ രാമവർമരാജയുടെയും ദേവകി കെട്ടിലമ്മയുടെയും മകളായി ജനനം. ഹരിജനോദ്ധാരണ ഫണ്ടുശേഖരത്തിനായി ഗാന്ധിജി കേരളത്തിൽ എത്തിയപ്പോൾ കേവലം കൗമാരപ്രായം പിന്നിടാത്ത കൗമുദി തന്റെ ആഭരണങ്ങൾ സംഭാവന ചെയ്ത് ശ്രദ്ധേയയായി. 'നിന്റെ ത്യാഗമനോഭാവം നിന്റെ ആഭരണം തന്നെയാണെന്ന്' ഗാന്ധിജി കൗമുദിയെ പ്രശംസിച്ചു. ഹരിജൻ മാസികയിൽ 'കൗമുദി കീ ത്യാഗ്' എന്ന പേരിൽ ഗാന്ധിജി ഒരു ലേഖനം തന്നെ എഴുതി. ഗാന്ധിയൻ ആശയങ്ങളെ പ്രചരിപ്പിച്ച് ഖാദി നിർമാണത്തിന് വനിതകളെ സജ്ജരാക്കി. ഹിന്ദിയുടെ പ്രചാരണത്തിന് നടുനായകത്വം വഹിച്ച കൗമുദി ടീച്ചറുടെ പ്രവർത്തനങ്ങൾ നമ്മുടെ സ്വാതന്ത്ര്യ സമരചരിത്രത്താളുകളിലും ഇടം പിടിച്ചിട്ടുണ്ട്. സ്വദേശി പ്രസ്ഥാനത്തിനും ടീച്ചർ നിസ്തുലസേവനം നൽകിയിട്ടുണ്ട്.



## നഫീസത്ത് ബീവി

കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ, ആദ്യ വനിതാ കമ്മീഷനിൽ സാമൂഹിക സന്നദ്ധ പ്രവർത്തക എന്നിങ്ങനെ വിശേഷണങ്ങളിൽ ഒതുങ്ങാത്ത ഒരു വ്യക്തിത്വമായി ഒരു സാധാരണ മുസ്ലിം കുടുംബത്തിലെ പെൺകുട്ടി കടന്നുവന്നത് എല്ലാവരെയും ആശ്ചര്യപ്പെടുത്തി. ആൺകാലത്തെ പെൺതാരകമായി മാറിയ അപൂർവ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു നഫീസത്ത് ബീവി. കാലം മായ്ക്കാത്ത കൈയൊപ്പ് പതിപ്പിച്ച് കടന്നുപോയവരുടെ നിരയിലെ പെണ്ണടയാളപ്പെടുത്തലിന്റെ ചരിത്രമാണ് എ നഫീസത്ത് ബീവിയുടേത്. പ്രവർത്തനപന്ഥാവിൽ തന്റെ വ്യക്തിത്വം തെല്ലും കളങ്കിതമാക്കാതെ പൊതു രാഷ്ട്രീയ ഭൂമികയിലെ നിറസാന്നിധ്യമായി ആ മഹതി മാറുകയായിരുന്നു. 1924 മാർച്ച് 22 ന് അബ്ദുൾ കരീമിന്റെയും ഹവ്വാ ഉമ്മയുടെയും മൂത്തപുത്രിയായി കൊല്ലത്തു ജനിച്ചു. ഒട്ടും അനുകൂലമല്ലാത്ത സാഹചര്യങ്ങളെ വകഞ്ഞ് പഠിച്ചു ബിരുദം നേടി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെ രാഷ്ട്രീയ പ്രവർത്തനം തുടങ്ങി.



## സുശീലാ ഗോപാലൻ



കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ശ്രദ്ധേയമായ സാന്നിധ്യം കൊണ്ട് എന്നും ഓർമിക്കപ്പെടുന്ന വനിതയാണ് സുശീലാ ഗോപാലൻ. 'പാവങ്ങളുടെ പടത്തലവൻ' എന്ന അപരനാമധേയത്തിൽ അറിയപ്പെട്ട എ കെ ഗോപാലന്റെ പത്നിയാണ് സുശീല. വയലാർ സ്റ്റാലിൻ എന്നറിയപ്പെട്ട സി കെ കുമാരപ്പണിക്കരുടെ അനന്തിരവളായിരുന്നു സുശീല. ജന്മിത്ത വാഴ്ചയ്ക്കും കർഷകത്തൊഴിലാളി ചൂഷണത്തിനുമെതിരെ ശക്തമായ നിലപാടു കൈക്കൊണ്ട സുശീല കേരള മന്ത്രിസഭയിൽ മന്ത്രിയും പിന്നീട് പാർലമെന്റ് അംഗവുമായി.

*ഇങ്ങനെ പുരുഷകർത്തൃത്വത്തിന്റെ പാഠങ്ങൾ മാത്രം പരാമർശിക്കപ്പെട്ടു പോന്നിരുന്ന നമ്മുടെ സ്വാതന്ത്ര്യ സമരചരിത്രത്താളുകളിൽ സുവർണലിപികളാൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ത്രീ നായകത്വത്തിന്റെ, കേരളീയ സ്ത്രീപക്ഷപോരാട്ടങ്ങളുടെ ചരിത്രമാണ് ഇതിലൂടെ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുള്ളത്.*

***(ക്യാപ്റ്റൻ ലക്ഷ്മിയെ കുറിച്ചുള്ള ലേഖനം ഇതോടൊപ്പം വായിക്കുമല്ലോ.)***



# ഇടിമുഴക്കം

ഈശ്വരവാര്യർ

എന്തെന്തിതെന്തൊരിടിമുഴക്കം
നീലമലയിലെ കോളിളക്കം!
വർഷവധുവിൻ വളകിലുക്കം
വർഷവും വേനലുമായ് പിണക്കം
ഘോര പ്രകൃതിതന്നേർ പടക്കം
ശ്രീ ശൈലരാജന്റെ പല്ലിറുക്കം!
മിന്നലാടുമ്പോൾ പുറകിലാരോ
നിന്നു മൃദംഗമടിച്ചിടുന്നോ?
ഓട്ടുപാത്രങ്ങളുരുട്ടിയാരോ
തട്ടിയിട്ടൊച്ച മുഴക്കിടുന്നോ!
എന്തെന്തിതെന്തൊരിടിമുഴക്കം
നീലമലയിലെ കോളിളക്കം!

വര: സുധീർ പി വൈ

# സ്വാതന്ത്ര്യദിനത്തിൽ

**അമ്പലപ്പുഴ രാജഗോപാൽ**

മൂവർണ്ണക്കൊടി പാറുന്നൂ-
മേലെ മാനത്തുയരത്തിൽ
'വന്ദേമാതര' മൊഴുകുന്നൂ -
പൊന്തും ദേശസ്നേഹത്തിൽ.
'ഒന്നാ' ണൊന്നായ്പ്പാടുന്നു
എന്നും ഭാരതഹൃദയത്തിൽ
സഹനം ചെയ്തവർ പലരല്ലോ
സ്വാതന്ത്ര്യത്തിൻ സ്മൃതിയല്ലോ
മൂവർണ്ണക്കൊടി പാറുന്നൂ-
മാനത്തഴകായ് താളത്തിൽ
എത്ര പതിറ്റാണ്ടായാലും-
എത്തും സ്മൃതികളിലീച്ചിത്രം.



വര: സുജിത്ത് പി വി

# മുത്തശ്ശിയെ ഉത്തരം മുട്ടിച്ച പേരമകൾ

**ബഷീർ ചുങ്കത്തറ**

നിറയെ മുത്തുകളുള്ള മാലയും കഴുത്തിലണിഞ്ഞുകൊണ്ട് പണിക്കു വന്നിരുന്ന ആ ചെറുമി സ്ത്രീകളോടും അവരുടെ കുട്ടികളോടും ആ കൊച്ചു പെൺകുട്ടിക്ക് വല്ലാത്തൊരു ഇഷ്ടം തോന്നി. അവളുടെ അതേ പ്രായക്കാരിയായ ഒരു കുട്ടിയും അവരോടൊപ്പം ഉണ്ടായിരുന്നു. അവൾക്ക് ആ കുട്ടിയോടൊപ്പം കളിക്കാൻ മോഹം തോന്നി. അവൾ ആ കുട്ടിയെ തന്നോടൊപ്പം കളിക്കുന്നതിനായി ക്ഷണിച്ചു.

കുട്ടി ഭയത്തോടെ പറഞ്ഞു. ''അയ്യോ, വയ്യ തമ്പ്രാട്ടീ വയ്യ...''

എന്തുകൊണ്ടാണ് ആ കുട്ടിക്ക് തന്നോടൊപ്പം കളിക്കാൻ ഭയം തോന്നുന്നത് എന്ന് അവൾക്കു മനസ്സിലായില്ല. ആ കുട്ടി എന്താണ് തന്നോട് അങ്ങനെ പെരുമാറിയത് എന്ന് അവൾ മുത്തശ്ശിയോട് ചെന്ന്



വര: സന്തോഷ് വെളിയന്നൂർ

ചോദിച്ചു.

മുത്തശ്ശി പറഞ്ഞു; ''അയ്യോ മോളേ അവരെ തൊടരുത്. തൊട്ടാൽ കണ്ണ് പൊട്ടിപ്പോകും.''

ഈ വാക്കുകൾ പെൺകുട്ടിയിൽ അത്ഭുതം ഉണർത്തി. മുത്തശ്ശി ഒരിക്കലും അങ്ങനെ പറയുമെന്ന് അവൾ കരുതിയിരുന്നില്ല. പക്ഷേ മുത്തശ്ശി പറഞ്ഞത് അപ്പാടെ വിശ്വസിക്കാൻ അവൾ തയ്യാറുമായിരുന്നില്ല. അതൊന്ന് പരീക്ഷിച്ചു നോക്കാൻ തന്നെ അവൾ തീരുമാനിച്ചു.

സമപ്രായക്കാരായ കുട്ടികൾക്കു മുന്നിൽ വച്ച് ആ കുട്ടിയെ തൊട്ടുനോക്കാൻ തന്നെ അവൾ തീരുമാനിച്ചു.

അവൾ അടുത്തേക്കു ചെല്ലുന്തോറും ആ കുട്ടി ഓടാൻ തുടങ്ങി. അവളും വിട്ടില്ല. അവളും പിറകെ ഓടി. ഓടിച്ചിട്ട് പിടിച്ച് അവൾ ആ കുട്ടിയെ കെട്ടിപ്പിടിച്ചു. കൂടി നിന്നിരുന്ന മറ്റു കുട്ടികളോട് അവൾ പറഞ്ഞു.

''കണ്ടില്ലേ..? എന്റെ കണ്ണൊന്നും പൊട്ടിപ്പോയിട്ടില്ലല്ലോ...''

അവിടെ നിന്നും അവൾ നേരെ പോയത് മുത്തശ്ശിയുടെ അടുത്തേക്കാണ്. താൻ ആ ചെറുമിക്കുട്ടിയെ കെട്ടിപ്പിടിച്ച കാര്യം അവൾ മുത്തശ്ശിയോട് പറഞ്ഞു. എന്നിട്ട് ചോദിച്ചു.

''മുത്തശ്ശിയെന്തിനാണിങ്ങനെ കളവ് പറയ്ണ്...? എന്റെ കണ്ണൊന്നും പൊട്ടിയിട്ടില്ലല്ലോ...''

ധീരയായ ആ പേരമകളുടെ ചോദ്യത്തിന് ആ മുത്തശ്ശിക്ക് ഉത്തരം ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യസമരസേനാനിയും ഇന്ത്യൻ നാഷണൽ ആർമിയുടെ പ്രവർത്തകയുമായിരുന്ന ക്യാപ്റ്റൻ ലക്ഷ്മിയായിരുന്നു മുത്തശ്ശിയെ ഉത്തരം മുട്ടിച്ച ആ പെൺകുട്ടി.

സ്വാമിനാഥൻ – അമ്മു ദമ്പതിമാരുടെ രണ്ട് പെൺമക്കളിൽ മൂത്തയാളായിരുന്നു ലക്ഷ്മി. ഇവരെ കൂടാതെ രണ്ട് ആൺമക്കളും ഈ ദമ്പതിമാർക്കുണ്ടായിരുന്നു. മദ്രാസ് നഗരത്തിലെ പ്രശസ്തനായ ഒരു വക്കീലായിരുന്നു സ്വാമിനാഥൻ. കുട്ടിക്കാലത്ത് വളരെ ദരിദ്രനായിരുന്നു അയാൾ. ഗോവിന്ദമേനോൻ എന്ന ജഡ്ജിയുടെ സഹായത്താൽ അയാൾ ഉയർന്ന വിദ്യാഭ്യാസം നേടി. ആ ജഡ്ജിയുടെ മകളായിരുന്നു അമ്മു. മറ്റുള്ളവർക്ക് മാതൃകയായി ജീവിച്ച ആ ദമ്പതിമാർക്ക് നാല് മക്കളുണ്ടായി. രണ്ട് ആണും രണ്ട് പെണ്ണും. സ്വാമിനാഥനും അമ്മുവും മക്കളെ ആൺ പെൺ വ്യത്യാസമില്ലാതെ തുല്യനിലയിൽ കണ്ട് പൂർണ്ണ സ്വാതന്ത്ര്യത്തോടെ വളർത്തി. അന്ന് സാധാരണ വീടുകളിൽ പെൺകുട്ടികൾ അനുഭവിച്ചിരുന്ന വിലക്കുകളൊന്നും ലക്ഷ്മിക്കും അനുജത്തി മൃണാളിനിക്കും അനുഭവിക്കേണ്ടി വന്നില്ല. അവരുടെ വീട്ടിൽ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നും ചർച്ച ചെയ്തിരുന്നു. ലക്ഷ്മി അതെല്ലാം ശ്രദ്ധയോടെ കേൾക്കുമായിരുന്നു. അന്നത്തെ കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ടവർ താണ ജാതിയിൽ പെട്ടവരോട് കാണിച്ചിരുന്ന അയിത്തമൊന്നും ആ വീട്ടിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ എല്ലാ ജാതിയിൽപെട്ട മനുഷ്യരെയും ഒരുപോലെ കാണാൻ കഴിയുന്ന ഒരു മനസ്സ് കുട്ടിക്കാലത്ത് തന്നെ ലക്ഷ്മിക്ക് കിട്ടി.

സ്കൂൾ അവധിക്കാലത്ത് ലക്ഷ്മിയും സഹോദരങ്ങളും അമ്മയുടെ വീടായ ആനക്കരയിലെ വടക്കത്ത് തറവാട്ടിലേക്ക് വിരുന്നു പോവുക പതിവായിരുന്നു. ലക്ഷ്മിയുടെ മദ്രാസിലെ വീട്ടിലുള്ള രീതികളൊന്നും ആനക്കരയിലെ വീട്ടിൽ ഉണ്ടായിരുന്നില്ല. ആ വീട്ടിലെ ഏറ്റവും മുതിർന്നയാൾ മുത്തശ്ശിയായിരുന്നു. മുത്തച്ഛൻ ഗോവിന്ദമേനോൻ നേരത്തേ മരിച്ചു. മുത്തശ്ശിയുടെ കയ്യിലായിരുന്നു തറവാടിന്റെ ഭരണം.

പേരക്കുട്ടികളോടൊക്കെ വലിയ സ്നേഹമായിരുന്നു മുത്തശ്ശിക്ക്. പഴയ ആചാരങ്ങളിൽ കടുത്തവിശ്വാസമായിരുന്നു മുത്തശ്ശിക്ക്. ധാരാളം കൃഷിഭൂമികൾ സ്വന്തമായി ഉള്ളവരായിരുന്നു വടക്കത്ത് തറവാട്ടുകാർ. ഒരുപാട് ആളുകൾ അവിടെ ജോലിയും ചെയ്തിരുന്നു. അവരിൽ കൂടുതലും താഴ്ന്ന ജാതിയിൽ പെട്ട ചെറുമി വിഭാഗത്തിൽ പെട്ടവരായിരുന്നു. ഈ സമയത്തായിരുന്നു മേൽപ്പറഞ്ഞ സംഭവം അരങ്ങേറിയത്.

മദ്രാസിൽ ബ്രിട്ടീഷുകാർ നടത്തിയിരുന്ന ഒരു സ്കൂളിലായിരുന്നു ലക്ഷ്മി പഠിച്ചിരുന്നത്. അധ്യാപകരിൽ വെള്ളക്കാരും ഇന്ത്യാക്കാരും ഉണ്ടായിരുന്നു. എല്ലാവരും ബ്രിട്ടീഷ് അനുകൂലികൾ. സ്വാതന്ത്ര്യസമരത്തെ കുറിച്ച് തെറ്റായ ധാരണകൾ

**സമപ്രായക്കാരായ കുട്ടികൾക്കു മുന്നിൽ വച്ച് ആ കുട്ടിയെ തൊട്ടുനോക്കാൻ തന്നെ അവൾ തീരുമാനിച്ചു. അവൾ അടുത്തേക്കു ചെല്ലുന്തോറും ആ കുട്ടി ഓടാൻ തുടങ്ങി. അവളും വിട്ടില്ല. അവളും പിറകെ ഓടി. ഓടിച്ചിട്ട് പിടിച്ച് അവൾ ആ കുട്ടിയെ കെട്ടിപ്പിടിച്ചു.**



കുട്ടികളിൽ വളർത്താനായിരുന്നു അവർ ശ്രമിച്ചിരുന്നത്. ചെറിയ ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയായിരുന്നുവെങ്കിലും ലക്ഷ്മിക്ക് അത് മന:പ്രയാസമുണ്ടാക്കി.

അവൾ വീട്ടിലെത്തി അമ്മയോട് സ്വാതന്ത്ര്യസമരത്തെ കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ചോദിച്ചുമനസ്സിലാക്കി. ക്ലാസ്സിലെ കുട്ടികളെ ബ്രിട്ടീഷ് അനുകൂലികളാക്കി മാറ്റാൻ ടീച്ചർമാർ നടത്തുന്ന ശ്രമങ്ങളെ ഉള്ള അറിവ് വെച്ച് നേരിടാൻ ലക്ഷ്മി നിശ്ചയിച്ചു.

ക്ലാസ്സിൽ ടീച്ചർമാർ ഇല്ലാത്ത സമയത്ത് സ്വാതന്ത്ര്യസമരത്തിന്റെ കാര്യങ്ങൾ അവൾ കൂട്ടുകാരുമായി ചർച്ച ചെയ്തു. അവളുടെ ശ്രമം വിജയിച്ചു. കുറച്ച് ദിവസങ്ങൾകൊണ്ട് തന്നെ ക്ലാസ്സിലെ മുഴുവൻ കുട്ടികളും ബ്രിട്ടീഷ് വിരോധികളായി മാറി.

**ക്ലാസ്സിൽ ടീച്ചർമാർ ഇല്ലാത്ത സമയത്ത് സ്വാതന്ത്ര്യസമരത്തിന്റെ കാര്യങ്ങൾ അവൾ കൂട്ടുകാരുമായി ചർച്ച ചെയ്തു. അവളുടെ ശ്രമം വിജയിച്ചു. കുറച്ച് ദിവസങ്ങൾകൊണ്ട് തന്നെ ക്ലാസ്സിലെ മുഴുവൻ കുട്ടികളും ബ്രിട്ടീഷ് വിരോധികളായി മാറി. അങ്ങനെയൊരു മാറ്റത്തിനു പിന്നിൽ ലക്ഷ്മിയാണെന്നത് ടീച്ചർമാർക്ക് മനസ്സിലായി. അവർ അതിന്റെ ഇഷ്ടക്കേട് ഇടയ്ക്കിടെ ലക്ഷ്മിയോട് കാണിക്കുകയും ചെയ്തു.**

അങ്ങനെയൊരു മാറ്റം കുട്ടികളിൽ വന്നതിന് പിന്നിൽ ലക്ഷ്മിയാണെന്നത് ടീച്ചർമാർക്ക് മനസ്സിലായി. അവർ അതിന്റെ ഇഷ്ടക്കേട് ഇടയ്ക്കിടെ ലക്ഷ്മിയോട് കാണിക്കുകയും ചെയ്തു. അപ്പോഴും തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ആരെയും പേടിക്കാതെ പറയാനും പ്രവർത്തിക്കാനും അവൾ ധൈര്യം കാണിച്ചു.

രണ്ടാം ലോകയുദ്ധകാലത്ത് ബ്രിട്ടീഷുകാരുടെ അധീനതയിൽ ഉണ്ടായിരുന്ന സിംഗപ്പൂർ ജപ്പാൻകാർ പിടിച്ചടക്കി. അവിടെയുണ്ടായിരുന്ന ബ്രിട്ടീഷ് സൈന്യത്തിൽ ഭൂരിപക്ഷം ആളുകളും ഇന്ത്യാക്കാരായ പട്ടാളക്കാരായിരുന്നു. അവരെല്ലാം അവിടെ ജപ്പാന്റെ തടവുകാരായി മാറി. അവരിൽ പകുതിയിലേറെ ആളുകളും സ്വാതന്ത്ര്യസമരത്തോട്

അനുഭാവമുള്ള ദേശസ്നേഹി കളായിരുന്നു.

ജപ്പാന്റെ തടവുകാരായി രുന്ന ആ ഇന്ത്യൻ പട്ടാളക്കാർ ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം ചെയ്ത് സ്വാതന്ത്ര്യ സമരത്തെ സഹായിക്കാൻ തീരുമാനിച്ചു. ലോകയുദ്ധത്തിൽ തങ്ങളുടെ ശത്രുക്കളായ ബ്രിട്ടീഷുകാർക്ക് എതിരായ ഒരു നീക്കമായതി നാൽ ജപ്പാൻകാർ അതിന് എല്ലാ സഹായവും നൽകി. ജനറൽ മോഹൻസിംഗ് എന്നയാളാ യിരുന്നു അവരുടെ നേതാവ്. അവർ ഇന്ത്യൻ നാഷണൽ ആർമിയെന്ന ഒരു സൈനിക ഗ്രൂപ്പ് രൂപീകരിച്ച് പ്രത്യേക പരിശീലനം തുടങ്ങി.

ഇന്ത്യൻ സ്വാതന്ത്ര്യസമര ത്തിന്റെ മുൻനിര നേതാവാ യിരുന്നു നേതാജി സുഭാഷ് ചന്ദ്രബോസ്. വീട്ടുതടവിലാ യിരുന്ന അദ്ദേഹം ബ്രിട്ടീഷ് പോലീസിനെ കബളിപ്പിച്ച് ഇന്ത്യയിൽ നിന്നും പുറത്തു കടന്ന് ജർമ്മനി വഴി ജപ്പാനി ലെത്തി. ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം നേതാജി ഏറ്റെടുത്തു. അതോടെ ധാരാളം പേർ ഐ എൻ എയിൽ ചേരാൻ ആവേശത്തോടെ മുന്നോട്ടു വന്നു. മുപ്പതിനായിരത്തിലേറെ പേരുള്ള ഒരു വലിയ സൈന്യ മായി ഐ എൻ എ മാറി.

സ്ത്രീകളോടും ഐ എൻ എ യിൽ ചേർന്ന് ബ്രിട്ടീഷു കാർക്കെതിരെ യുദ്ധം ചെയ്യാൻ നേതാജി ആഹ്വാനം ചെയ്തു. ഡോക്ടറായി ജോലി ചെയ്യാൻ സിംഗപ്പൂരിൽ എത്തിയിരുന്ന ലക്ഷ്മി ജോലി ഉപേക്ഷിച്ച് ഐ എൻ എ യിൽ ചേർന്നു. ആയിര ത്തോളം വനിതാ പോരാളികൾ ഉണ്ടായിരുന്ന ഐ എൻ എ യുടെ വനിത വിഭാഗമായിരുന്ന ഝാൻസി റാണി റജിമെന്റിന്റെ ക്യാപ്റ്റനായി ലക്ഷ്മി മാറി. അങ്ങനെ ഡോക്ടർ ലക്ഷ്മി ക്യാപ്റ്റൻ ലക്ഷ്മിയായി.

ബ്രിട്ടീഷുകാർക്കെതിരെ തോക്കെടുത്ത് യുദ്ധം ചെയ്യുന്ന ഇന്ത്യൻ നാഷണൽ ആർമി യിലെ വനിതാ പോരാളികളായ ക്യാപ്റ്റൻ ലക്ഷ്മിയെയും സഹ പ്രവർത്തകരെയും കുറിച്ചുള്ള വാർത്തകൾ ഇന്ത്യക്കാരിൽ മാത്രമല്ല ലോകമാകെ തന്നെ ആവേശം പടർത്തി.

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടി. അതിനു മുമ്പ് തന്നെ ബ്രിട്ടീഷ് പട്ടാള ത്തിന്റെ തടവിൽ നിന്നും മോചനം നേടി ലക്ഷ്മി ഇന്ത്യ യിൽ എത്തിയിരുന്നു. സ്വാത ന്ത്ര്യത്തിനു ശേഷം സ്ഥാനമാ നങ്ങളൊന്നും സ്വീകരിക്കാതെ ജനസേവനം നടത്തുകയാണ് ലക്ഷ്മി ചെയ്തത്. ഉത്തർപ്രദേ ശിലെ കാൺപൂരിൽ താമസ മാക്കി ഡോക്ടർ ആയി ജോലി ചെയ്തുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് ഏറ്റവും കുറഞ്ഞ ചിലവിൽ അവർ ചികിത്സ നൽകി. അവിടത്തെ ജനങ്ങൾ അവരെ സ്നേഹത്തോടെ 'ഡോക്ടർ മമ്മിജി' എന്നാണ് വിളിച്ചിരുന്നത്. 1971 ൽ ഇന്ത്യയും പാക്കിസ്താനും തമ്മിൽ ഒരു യുദ്ധമുണ്ടായി. അന്ന് ബംഗ്ലാദേ ശിൽ നിന്നും ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകൾ അഭയാർ ഥികളായി ഇന്ത്യയിലെത്തി. അഭയാർഥി ക്യാമ്പുകളിൽ കഴിയുന്നവർക്ക് സൗജന്യമായി ചികിത്സ നൽകാൻ മാസങ്ങ ളോളം ബംഗാളിൽ താമസി ച്ചുകൊണ്ട് ലക്ഷ്മി ജോലി ചെയ്തു.

1984 ൽ മധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിൽ ഒരു ഫാക്ടറിയിൽ നിന്നും പുറത്ത് വന്ന വിഷവാതകം കാരണം നാലായിരത്തില ധികം പേർ മരണപ്പെട്ടു. പതി നായിരക്കണക്കിന് ആളുകൾക്ക് വിഷബാധയേറ്റു. അപ്പോൾ ക്യാപ്റ്റൻ ലക്ഷ്മി അവിടേക്ക് ചെന്ന് മാസങ്ങളോളം താമ സിച്ച് നിസ്സഹായരായ ആ മനുഷ്യർക്ക് സൗജന്യമായി ചികിത്സ നൽകി.

സ്വാതന്ത്ര്യത്തിനു ശേഷം രാഷ്ട്രീയത്തിലൊന്നും താത് പര്യമില്ലാതെ ജനസേവനം നടത്തി പ്പോന്നിരുന്ന ക്യാപ്റ്റൻ ലക്ഷ്മി 1972ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. എങ്കിലും തന്റെ ചികി ത്സാരംഗത്തെ സേവനങ്ങൾ തുടർന്നുകൊണ്ടുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളിലേ അവർ ഏർപ്പെട്ടിരുന്നുള്ളൂ.

സ്വാതന്ത്ര്യസമരത്തിലെ വീരനായികയായിരുന്ന ക്യാപ്റ്റൻ ലക്ഷ്മിയെ 1998ൽ 'പത്മവിഭൂഷൺ' ബഹുമതി നൽകി രാജ്യം ആദരിച്ചു. 2012 ജൂലൈ 23ന് ആ മഹത് ജീവിതം അവസാനിച്ചു.

തന്റെ ശരീരം മെഡിക്കൽ വിദ്യാർഥികൾക്ക് പഠിക്കാൻ കൊടുക്കണം എന്നും കാഴ് ചയില്ലാത്ത ആർക്കെങ്കിലും തന്റെ കണ്ണുകൾ ദാനം ചെയ്യ ണമെന്നും അവർ മരണ പത്രത്തിൽ എഴുതിവച്ചിരുന്നു. ലക്ഷ്മിജിയുടെ ആഗ്രഹപ്ര കാരം അവരുടെ മൃതശരീരം കാൺപൂരിലെ മെഡിക്കൽ കോളേജിന് കൈമാറി. കാഴ്ചയി ല്ലാത്ത രണ്ട് പേർക്ക് കണ്ണുകൾ ദാനം ചെയ്തു. കുഞ്ഞായിരു ന്നപ്പോൾ താഴ്ന്നജാതിക്കാരെ തൊട്ടാൽ പൊട്ടിപ്പോകുമെന്ന് മുത്തശ്ശി പറഞ്ഞു പേടിപ്പിച്ച കണ്ണുകൾ 98 വർഷം ലക്ഷ്മിക്ക് കാഴ്ച നൽകി. മരണത്തിനു ശേഷവും ആ കണ്ണുകൾ പ്രകാ ശിച്ചുകൊണ്ടിരുന്നു.

# ഹൈപ്പർടെൻഷൻ എന്ന നിശ്ശബ്ദഘാതകൻ

ഡോ. ബി പത്മകുമാർ



നമ്മുടെ ശരീരത്തിലെ രക്തസമ്മർദ്ദം ഉയരുന്ന അവസ്ഥയാണ് രക്താതിസമ്മർദ്ദം അഥവാ ഹൈപ്പർ ടെൻഷൻ. ഒരുപക്ഷേ കൂട്ടുകാരുടെ വീട്ടിലാർക്കെങ്കിലും ഹൈപ്പർടെൻഷന്റെ പ്രശ്നമുണ്ടായെന്നുവരാം. കാരണം സമൂഹത്തിൽ ഇന്നേറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലീരോഗമാണ് രക്താതിസമ്മർദ്ദം. തിരക്കുപിടിച്ച ആധുനിക ജീവിതരീതികളും മാറി വരുന്ന ഭക്ഷണസംസ്കാരങ്ങളുമൊക്കെയാണ് ഹൈപ്പർടെൻഷനെ രോഗങ്ങളുടെ കൂട്ടത്തിൽ ഒന്നാം സ്ഥാനത്തു നിർത്തിയിരിക്കുന്നത്.

## എന്താണ് രക്തസമ്മർദ്ദം?

ഒരു പൈപ്പിലൂടെയെന്നതുപോലെ രക്തക്കുഴലുകളിലൂടെ ഒഴുകുന്ന രക്തം രക്തധമനികളുടെ പാർശ്വഭിത്തിയിൽ ചെലുത്തുന്ന മർദ്ദമാണ് രക്തസമ്മർദ്ദം. രക്തസമ്മർദ്ദം അധികരിക്കുമ്പോഴാണ് അത് രക്താതിസമ്മർദ്ദമെന്ന രോഗമായി മാറുന്നത്. 120/80 എന്ന മാജിക് നമ്പറാണ് നോർമൽ ബ്ലഡ് പ്രഷർ. ഹൃദയം സങ്കോചിക്കുമ്പോൾ രക്തധമനികളിൽ അനുഭവപ്പെടുന്ന മർദ്ദമാണ് സിസ്റ്റോളിക് മർദ്ദം. അതിനെയാണ് 120 എന്ന സംഖ്യ സൂചിപ്പിക്കുന്നത്. ഹൃദയം വികസിക്കുമ്പോൾ രക്തധമനികളിൽ അനുഭവപ്പെടുന്ന മർദ്ദമാണ് ഡയസ്റ്റോളിക് മർദ്ദം. 80 എന്ന സംഖ്യ ഡയസ്റ്റോളിക് മർദ്ദത്തെയാണ് സൂചിപ്പിക്കുന്നത്. ഒരാളുടെ രക്തസമ്മർദ്ദം 140/90 എന്ന അളവിനു മുകളിൽ പോകുമ്പോഴാണ് ആ വ്യക്തിക്ക് ഉയർന്ന ബി പി ഉണ്ടെന്നു പറയുന്നത്.

## നിശ്ശബ്ദനായ കൊലയാളി

ഹൈപ്പർ ടെൻഷന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണമെന്താണ്? ഒരു ലക്ഷണവുമില്ല എന്നതു തന്നെയാണ് രക്താതിസമർദ്ദത്തിന്റെ പ്രത്യേകത. പലപ്പോഴും ബി പി കൂടി ഹൃദയസ്തംഭനമോ, പക്ഷാഘാതമോ, കണ്ണിനു കാഴ്ചക്കുറവോ വൃക്കരോഗങ്ങളോ ഒക്കെ ഉണ്ടാകുമ്പോഴായിരിക്കും രക്താതിസമ്മർദ്ദം ഉണ്ടെന്നു മനസ്സിലാക്കുന്നതുതന്നെ. അതുകൊണ്ടാണ് പ്രായമുള്ള എല്ലാവരും വർഷത്തിലൊരിക്കലെങ്കിലും ബി പി പരിശോധിക്കണമെന്നു പറയുന്നത്. കൂട്ടുകാരുടെ അച്ഛനോ അമ്മയോ മറ്റു മുതിർന്ന ബന്ധുക്കളോ ബി പി നോക്കിയിട്ടില്ലെങ്കിൽ തീർച്ചയായും പരിശോധിച്ചറിയാൻ പറയണം. സ്ഫിഗ്മോ മാനോമീറ്റർ എന്ന ഉപകരണം ഉപയോഗിച്ചാണ്

ബി പി പരിശോധിക്കുന്നത്. രണ്ടു മൂന്നു തവണ പരിശോധിച്ചതിനു ശേഷം മാത്രമേ ഹൈപ്പർ ടെൻഷനുണ്ടെന്ന് സ്ഥിരീകരിക്കാറുള്ളൂ.

## കുട്ടികൾക്ക് ബി പി കൂടുമോ?

ചില പ്രത്യേക വിഭാഗം കുട്ടികൾക്ക് രക്താതിസമ്മർദ്ദത്തിന്റെ പ്രശ്നങ്ങൾ ഉണ്ടായെന്നുവരാം. പൊണ്ണത്തടിയുള്ള കുട്ടികൾക്ക് ബി പി കൂടാനുള്ള സാധ്യതയേറെയാണ്. മറ്റൊന്ന് പാരമ്പര്യത്തിന്റെ സ്വാധീനമാണ്. അച്ഛനമ്മമാർക്കും അടുത്ത ബന്ധുക്കൾക്കും ഉയർന്ന ബി പി ഉണ്ടെങ്കിൽ കുട്ടികൾക്കും കൂടാനിടയുണ്ട്. മാനസികമായ പിരിമുറുക്കം, ഉറക്കക്കുറവും കൂർക്കം വലിയുമുള്ള കുട്ടികൾ, പുകവലിക്കുന്നവർ തുടങ്ങിയവർക്കു ചെറുപ്രായത്തിൽ തന്നെ രക്താതിസമ്മർദ്ദം ഉണ്ടാകാനിടയുണ്ട്.


ബി പി കൂടാനിടയുള്ള കുട്ടികളുടെ രക്തസമ്മർദ്ദം വർഷത്തിലൊരിക്കൽ നോക്കുന്നതു നല്ലതാണ്. പരിശോധനയിൽ പ്രശ്നമൊന്നുമില്ലെങ്കിൽ അടുത്ത പരിശോധന നാലഞ്ചു വർഷം കഴിഞ്ഞു മതിയാകും.

ഹൈപ്പർടെൻഷൻ ഉണ്ടാകാതെയിരിക്കാൻ എന്തുചെയ്യണം? മറ്റെല്ലാ ജീവിതശൈലീരോഗങ്ങളെയും പോലെ ജീവിതശൈലി ആരോഗ്യകരമാക്കുക എന്നതാണ് ഹൈപ്പർടെൻഷൻ പിടികൂടാതെയിരിക്കാനുള്ള മാർഗം. ഭക്ഷണകാര്യത്തിലും വ്യായാമത്തിലുമൊക്കെ പ്രത്യേകം ശ്രദ്ധ വേണ്ടിവരും.



ഏറ്റവും പ്രധാനം ഭക്ഷണക്രമീകരണം തന്നെ. ഉപ്പിന്റെ ഉപയോഗം നന്നായി കുറയ്ക്കണം. ഒരുദിവസം നമുക്ക് അനുവദനീയമായ ഉപ്പിന്റെ പരിധി 5 ഗ്രാമാണ്. ഉപ്പിലിട്ടത്, പപ്പടം, അച്ചാറിനങ്ങൾ, ചിപ്സ്, വറപൊരി സാധനങ്ങൾ തുടങ്ങിയവ കഴിയുന്നതും ഒഴിവാക്കണം. പഴങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ തുടങ്ങിയവ ഭക്ഷണത്തിൽ ധാരാളം ഉൾപ്പെടുത്തണം. കൂട്ടുകാരെക്കുറിച്ച് അമ്മമാർക്കുള്ള പ്രധാന പരാതിയാണ് വീട്ടിലുണ്ടാക്കുന്നതൊന്നും കഴിക്കില്ല. ഹോട്ടൽ ഭക്ഷണത്തോടാണ് പ്രിയം. എന്നാൽ ഓർക്കുക- ഹോട്ടൽ ഭക്ഷണത്തിൽ രുചിയാണ് പ്രധാനം. ഗുണത്തിനല്ല. അതുകൊണ്ട് അമ്മ ഉണ്ടാക്കിത്തരുന്ന ഭക്ഷണത്തോടായിരിക്കണം നമുക്ക് പ്രിയം.

ശരീരഭാരം ക്രമീകരിച്ചുനിർത്തുക എന്നതാണ് മറ്റൊരു പ്രധാന കാര്യം. പൊണ്ണത്തടി ഉണ്ടാകാതെ സൂക്ഷിക്കണം. ദിവസവും ഒരു മണിക്കൂറെങ്കിലും കൂട്ടുകാർ ഓടിച്ചാടി കളിക്കാൻ സമയം കണ്ടെത്തണം. വയറുനിറയെ വറപൊരി സാധനങ്ങളും തിന്ന് ടി വിയുടെ മുന്നിൽ മണിക്കൂറുകളോളം ചടഞ്ഞിരിക്കുന്ന കുട്ടികൾക്കാണ് പൊണ്ണത്തടിയും ഹൈപ്പർ ടെൻഷനുമൊക്കെ ഉണ്ടാകാൻ കൂടുതൽ സാധ്യത. മാനസിക പിരിമുറുക്കവും ടെൻഷനുമൊക്കെ ഒഴിവാക്കാൻ യോഗ, ധ്യാനം തുടങ്ങിയവ പരിശീലിക്കണം. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നല്ലേ പഴഞ്ചൊല്ല്. നല്ല ഭക്ഷണം കഴിച്ച് കൃത്യമായി വ്യായാമം ചെയ്ത് ഓടിക്കളിച്ച് ശരീരം ഫിറ്റായി സൂക്ഷിച്ചാൽ ഹൈപ്പർ ടെൻഷൻ എന്നല്ല ഒരു ജീവിതശൈലീരോഗവും നമ്മുടെ അടുത്തുകൂടി പോലും പോവുകയില്ല. തീർച്ച.



ലഘുനാടകം

# ഇന്ത്യ
# നമ്മുടെ രാജ്യം

ഉണ്ണി അമ്മയമ്പലം

(പ്രിയമുള്ളവരേ... നാടകത്തെ കുറിച്ചുള്ള അറിയിപ്പ് കഴിയുമ്പോൾ ഒരു നാടൻപാട്ടിന്റെ പശ്ചാത്തലത്തിൽ കർട്ടൻ ഉയരുന്നു. അന്നാട്ടിലെ കുട്ടികളുടെ കൂട്ടുകാരനും കുരുത്തംകെട്ടവനെന്ന് നാട്ടുകാർ മുദ്ര കുത്തിയവനുമായ പൂക്കുട്ടിയുടെ വീട്. ആ വീട്ടിലേക്ക് ഓടിക്കിതച്ച് കടന്നുവരുന്ന അവന്റെ കൂട്ടുകാർ.)

കുട്ടികൾ : അമ്മേ...അമ്മേ...
(കുട്ടികൾ രംഗത്തു വന്നു കിതയ്ക്കുന്നു.)
(അകത്തുനിന്ന് അമ്മ വരുന്നു.)

അമ്മ : ഓ... നിങ്ങളായിരുന്നോ? എന്തുപറ്റി?

കുട്ടികൾ : അമ്മേ... പൂക്കുട്ടി.

അമ്മ : (ആ പേരു കേട്ടു ഞെട്ടി) ങേ...പൂക്കുട്ടി.

കുട്ടികൾ : പൂക്കുട്ടി വേലി പൊളിച്ചിരിക്കുന്നു.



വര: സചീന്ദ്രൻ കാറഡുക്ക

അമ്മ : (തലയിൽ കൈവച്ച്) എന്റെ ഗുരുവായൂരപ്പാ ആ കുരുത്തം കെട്ട ചെക്കനെക്കൊണ്ടു ഞാൻ തോറ്റു.

(അമ്മ പുറത്തേക്കു പോകുന്നു. അതു നോക്കി അങ്ങോട്ടു പോകുന്ന കുട്ടികൾ. ശേഷം കുട്ടികൾ ബെഞ്ചിനു മുകളിൽ കയറി നിൽക്കുന്നു.)

കുട്ടി : അതേ, നിങ്ങൾക്കറിയോ... ആരാണീ പൂക്കുട്ടി...?

കുട്ടി : എന്താ അവന്റെ ജോലിയെന്നറിയോ?

കുട്ടി : എന്നാൽ ഞാൻ പറയാം...

കുട്ടികൾ : പൂക്കുട്ടി ഞങ്ങടെ ഫ്രണ്ടാ... കൂട്ടുകാരൻ.

കുട്ടി : പക്ഷേ... എന്താ അവന്റെ ജോലിയെന്നറിയോ... ഞേ...അറിയില്ലെന്നോ..?

കുട്ടി : ഈ നാട്ടുകാര് കെട്ടിയുണ്ടാക്കിയ വേലികളൊക്കെ പൊളിച്ചു കളയുക. അതാണവന്റെ ജോലി.

കുട്ടി : എന്തിനാണവൻ അങ്ങനെ ചെയ്യുന്നതെന്ന് ഞങ്ങൾക്കറിയില്ല. നിങ്ങൾക്കറിയാമോ... എന്ത്! അറിയില്ലെന്നോ... അതാണ് സത്യം.

എല്ലാ കുട്ടികളും ചേർന്ന് : ആർക്കുമറിയില്ല പൂക്കുട്ടി എന്തിനാണ് ഈ നാട്ടുകാരുടെ വേലികളെല്ലാം പൊളിക്കുന്നതെന്ന്.

കുട്ടി : പക്ഷേ... അവന്റെ മനസ്സിൽ എന്തൊക്കെയോ ഉണ്ട്. അതൊന്നും ഞങ്ങൾക്ക് മനസ്സിലാകാറില്ല.

അശരീരി : പ്രിയപ്പെട്ട നാട്ടുകാരേ...

(കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു.)

നാട്ടുകാരുടെ വേലികളെല്ലാം പൊളിക്കുന്ന കുരുത്തം കെട്ട പൂക്കുട്ടി എന്ന ചെക്കൻ ഇതാ നടന്നുവരുന്നേ...

(കുട്ടികൾ ഒരുമിച്ച്...)

ദേ... പൂക്കുട്ടി വരുന്നു. ഇനി നമ്മളിവിടെ നിന്നാൽ ശരിയാകില്ല. റെഡി വൺ ടൂ ത്രീ... (അവർ ലൈൻ ആയി നിൽക്കുന്നു). തോമസുകുട്ടി വിട്ടോടാ...

(അവർ പോകുന്നു. പൂക്കുട്ടിയുടെ ചെവിക്കു പിടിച്ചുകൊണ്ട് അവന്റെ അമ്മ കടന്നുവരുന്നു.)

അമ്മ : എന്റെ പൂക്കുട്ടീ, നിന്നോടമ്മ പറഞ്ഞിട്ടില്ലേ നാട്ടുകാരുടെ വേലിയൊന്നും

**‘ഇന്ത്യ എന്റെ രാജ്യമാണ്.**
**എല്ലാ ഇന്ത്യാക്കാരും എന്റെ**
**സഹോദരീ സഹോദരങ്ങളാണ്.’**
**ഇതാണു നമ്മൾ ചെയ്യുന്ന പ്രതിജ്ഞ. എല്ലാ ഇന്ത്യാക്കാരും സഹോദരങ്ങളാണെങ്കിൽ സഹോദരങ്ങൾക്കിടയിലെന്തിനാ ഈ വേലികൾ?**

പൊളിച്ചേക്കരുതെന്ന്.

പൂക്കുട്ടി : (ഒരു പുസ്തകമെടുത്തു കൊണ്ടു വന്നു നിവർത്തുന്നു.)

അമ്മേ ഇതു കണ്ടോ... (പുസ്തകം വായിക്കുന്നു).

*‘ഇന്ത്യ എന്റെ രാജ്യമാണ്.*
*എല്ലാ ഇന്ത്യാക്കാരും എന്റെ*
*സഹോദരീ സഹോദരങ്ങളാണ്.’*

(പുസ്തകം മടക്കുന്നു)

അമ്മേ... ഇതാണു നമ്മൾ ചെയ്യുന്ന പ്രതിജ്ഞ. എല്ലാ ഇന്ത്യക്കാരും സഹോദരങ്ങളാണെങ്കിൽ സഹോദരങ്ങൾക്കിടയിലെന്തിനാ ഈ വേലികൾ? അമ്മേ... നമ്മുടെ ഇന്ത്യയിലെ എല്ലാ ജനങ്ങളും ഒരമ്മപെറ്റ മക്കളെപ്പോലെ സ്നേഹത്തോടെയും സാഹോദര്യത്തോടെയും ജീവിക്കണം. അതാണെന്റെ സ്വപ്നം. അതിനു തടസ്സം നിൽക്കുന്ന ഈ വേലികൾ ഞാൻ പൊളിച്ചുമാറ്റും.

അമ്മ : എന്റെ ദൈവമേ... ഇവനെന്തൊക്കെയാ ഈ പറയുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ലല്ലോ. എന്റെ പൊന്നുമോനേ... നീ പറയുന്നതൊന്നും ഈ അമ്മയ്ക്കു മനസ്സിലാകുന്നില്ല. എനിക്ക് ഒരപേക്ഷയേ ഉള്ളൂ. ഇനി നീ നാട്ടുകാരുടെ വേലികളൊന്നും പൊളിച്ചേക്കരുത്.

പൂക്കുട്ടി : അമ്മേ... ഇന്ത്യാക്കാരനായ സഹോദരങ്ങൾക്കിടയിലെ ഈ വേലികൾ ഒരു ശാപമാണമ്മേ... വേലികളില്ലാത്ത, മതിൽക്കെട്ടുകളില്ലാത്ത... മനുഷ്യർ പരസ്പരം സ്നേഹിച്ച് സ്നേഹിച്ച് ഒന്നായി ജീവിക്കുന്ന ഒരു നാട്. അതാണെന്റെ ലക്ഷ്യം. അതിനു തടസ്സമാകുന്നതെന്തും





ഞാൻ പൊളിച്ചുകളയും.

അമ്മ : എന്റീശ്വരാ... ഇവൻ പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ലല്ലോ. ഇവനു നല്ല ബുദ്ധി കൊടുക്കണേ. (പോകുന്നു.)

(നിരാശനായ പൂക്കുട്ടി പാഠപുസ്തകത്തിലെ പ്രതിജ്ഞ വായിക്കുന്നു.

("ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരി സഹോദരങ്ങളാണ്.")

പൂക്കുട്ടി : ഞാൻ പറയുന്നതൊന്നും എന്താ ആർക്കും മനസ്സിലാകാത്തത്? (ഓഡിയൻസിനോട്) നിങ്ങൾക്കും മനസ്സിലാകുന്നില്ലേ. എന്റെ കൂട്ടുകാരെല്ലാം എന്നെ കളിയാക്കുന്നു. നാട്ടുകാരാരും എന്നോടു മിണ്ടുന്നില്ല. മനുഷ്യരെ പരസ്പരം അകറ്റുന്ന വേലികൾ പൊളിച്ചു കളയുന്നത് ഒരു തെറ്റാണോ? എന്താ ആരും എന്നെ മനസ്സിലാക്കാത്തത്?

(വേദനയോടെ വേദിയിലെ ബെഞ്ചിൽ ഇരിക്കുന്നു. കരയുന്നു. സാവധാനം കിടക്കുന്നു. അവൻ ഉറങ്ങിക്കഴിയുമ്പോൾ ഒരു അശരീരി. മുത്തശ്ശിയും മുത്തശ്ശനും അവനെ പേര് ചൊല്ലി വിളിക്കുന്ന ശബ്ദമാണ് അശരീരി. "പൂക്കുട്ടി... പൂക്കുട്ടി..."

പൂക്കുട്ടി മെല്ലെ എഴുന്നേൽക്കുന്നു. നോക്കുന്നു. 'ആരോ.... എന്നെ വിളിച്ചല്ലോ... (നോക്കുന്നു) ആരാ... എന്നെ വിളിച്ചത? ആരാ എന്നെ വിളിച്ചത്?

പൂക്കുട്ടി : ചോദിച്ചതു കേട്ടില്ലേ. ആരാ... എന്നെ വിളിച്ചതെന്ന്.

അശരീരി : ഇതു ഞങ്ങളാ മോനേ.... ഞങ്ങളാ നിന്നെ വിളിച്ചത്.

പൂക്കുട്ടി : ഞങ്ങളെന്നു പറഞ്ഞാൽ... ആരാണ് നിങ്ങൾ?

മുത്തശ്ശി : ദേ... ഇങ്ങോട്ടു നോക്ക്...
(അവൻ സ്റ്റേജിന്റെ പുറത്തേക്കു നോക്കുന്നു.)
(ഒരു മുത്തശ്ശനും മുത്തശ്ശിയും കടന്നുവരുന്നു)

**പാട്ട് :**

*മുറ്റത്തെ മുത്തശ്ശിപ്ലാവിന്റെ ചോട്ടിൽ*
*ആ ആ ആ*
*മുത്തുക്കുട വച്ചതും കൂടിക്കളിച്ചതും*
*ആ ആ ആ*
*കണ്ണൻ ചിരട്ടയിൽ മണ്ണപ്പം ചുട്ടതും*
*ഇന്നലെ ഇന്നലെ ഇന്നലെ...*

പൂക്കുട്ടി : ഹായ്... മുത്തശ്ശിയും മുത്തശ്ശനും.

മുത്തശ്ശൻ : ഹഹഹ... മോനേ... പൂക്കുട്ടി...

പൂക്കുട്ടി : എന്നെ ആരും മനസ്സിലാക്കുന്നില്ല മുത്തശ്ശാ... ഞാൻ പറയുന്നതൊന്നും ആർക്കും മനസ്സിലാകുന്നില്ലല്ലോ മുത്തശ്ശി.

മുത്തശ്ശൻ : ആരു പറഞ്ഞു നീ പറയുന്നതൊന്നും മനസ്സിലാകുന്നില്ലെന്ന്. മോനേ നീ പറയുന്നതെല്ലാം ഞങ്ങൾക്ക്, എനിക്ക് മനസ്സിലാകുന്നുണ്ട്.

പൂക്കുട്ടി : അങ്ങനെയെങ്കിൽ മുത്തശ്ശൻ പറ... ഞാനീ വേലി പൊളിക്കുന്നത് ഒരു തെറ്റാണോ. ഇന്ത്യ എന്റെ രാജ്യമാണെന്നും എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരങ്ങളാണെന്നും എല്ലാ ദിവസവും പ്രതിജ്ഞ ചൊല്ലുന്ന നമ്മൾ ഓരോരുത്തരും വേലികളും മതിൽക്കെട്ടുകളുമായി പരസ്പരം അകന്നു കഴിയുന്നു. ആ അകൽച്ചയില്ലാതാക്കി അവരെല്ലാം ഒന്നാകുന്നതിനു വേണ്ടിയാ മുത്തശ്ശാ ഞാനീ വേലിയെല്ലാം പൊളിക്കുന്നത്. അത് ഒരു തെറ്റാണോ?

മുത്തശ്ശി : അല്ലേയല്ല. വേലികൾ എല്ലാം പൊളിച്ചു മാറ്റുക തന്നെ വേണം. പക്ഷേ... പുറമേ കാണുന്ന ഈ വേലികളല്ല മോനേ പൊളിച്ചു മാറ്റേണ്ടത്!

പൂക്കുട്ടി : മുത്തശ്ശി എന്താ പറയുന്നത്... എനിക്കു മനസ്സിലാകുന്നില്ല.

മുത്തശ്ശി : മോനേ... ഈ പുറമേ കാണുന്ന വേലികളല്ല നമ്മൾ പൊളിച്ചു മാറ്റേണ്ടത്.

പൂക്കുട്ടി : പിന്നെ?

മുത്തശ്ശൻ : വലിയവൻ ചെറിയവനെന്ന തരംതിരിവിന്റെ വേലിക്കെട്ടുകളാണ് നമ്മൾ പൊളിച്ചു മാറ്റേണ്ടത്. (പൂക്കുട്ടി ആലോചിക്കുന്നു)

മുത്തശ്ശി : ഓരോ ഇന്ത്യാക്കാരന്റേയും ഉള്ളിന്റെയുള്ളിൽ അടിയുറച്ചുപോയ വർഗീയതയുടെ വേലികളാണ് നമ്മൾ പൊളിച്ചുമാറ്റേണ്ടത്.

(കുട്ടികൾ കടന്നുവരുന്നു.)

കുട്ടികൾ : അതേ... (അവർ വേദിയുടെ പിന്നിലുള്ള ബെഞ്ചിനു മുകളിൽ കയറി നിൽക്കുന്നു.)

കുട്ടി 1 : അതേ... ശത്രുതയുടെ വേലിക്കെട്ടുകളാണു നമ്മൾ പൊളിച്ചുമാറ്റേണ്ടത്.

കുട്ടി 2 : ജാതിഭ്രാന്തിന്റെ വേലിക്കെട്ടുകളാണ് നമ്മൾ പൊളിച്ചുമാറ്റേണ്ടത്.

കുട്ടി 3 : വലിയവൻ ചെറിയവനെന്ന തരംതിരിവിന്റെ വേലിക്കെട്ടുകളാണ് നമ്മൾ പൊളിച്ചുമാറ്റേണ്ടത്.

കുട്ടി 4 : അഹന്തയുടെ വേലിക്കെട്ടുകളാണ് നമ്മൾ പൊളിച്ചുമാറ്റേണ്ടത്.

കുട്ടി 1 : വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും പകയുടെയും പ്രതികാരത്തിന്റെയും വേലിക്കെട്ടുകളാണ് നമ്മൾ പൊളിച്ചു മാറ്റേണ്ടത്.

മുത്തശ്ശി : ഇപ്പൊ മനസ്സിലായില്ലേ. പുറമേയുള്ള വേലിക്കെട്ടിനേക്കാൾ അപകടമാണ് നമ്മുടെയൊക്കെ ഉള്ളിലുള്ള ഇത്തരം വേലിക്കെട്ടുകളെന്ന്. ഈ വേലിക്കെട്ടുകളാണ് ഇനി നമ്മൾ പൊളിക്കേണ്ടത്. അപ്പോഴാണ് ഇന്ത്യ നമ്മുടെ രാജ്യമായി മാറുന്നത്.

പൂക്കുട്ടി : അതെ ഇപ്പോഴെനിക്ക് മനസ്സിലായി മുത്തശ്ശാ. പുറമേ കാണുന്ന ഈ വേലിക്കെട്ടുകളെക്കാൾ അപകടമാണ് നമ്മുടെ ഉള്ളിന്റെയുള്ളിൽ അടിയുറച്ചുപോയ ഇത്തരം വേലിക്കെട്ടുകൾ. അത് പൊളിക്കണം. അങ്ങനെ ഇന്ത്യ എന്റെ രാജ്യമാക്കി മാറ്റണം. അതെ. അങ്ങനെ, അങ്ങനെയൊരിക്കൽ ഇന്ത്യ എന്റെ രാജ്യമായി മാറും. (ലഘു ദേശീയ പതാക കൈകളിൽ മുന്നോട്ട് നീട്ടിപ്പിടിക്കുന്ന കുട്ടികൾ. ഈ സമയം 'ഇന്ത്യ എന്റെ രാജ്യമാണ് എന്ന പ്രതിജ്ഞ മുഴങ്ങുന്നു. പ്രതിജ്ഞ തീരുമ്പോൾ ദേശീയഗാനം അവസാനിക്കുന്നിടത്ത് കർട്ടൻ വീഴുന്നു.)

# ഗുണനക്രിയയിലെ അക്കങ്ങൾ മറിച്ചിട്ടാൽ

പള്ളിയറ ശ്രീധരൻ

ഗുണനക്രിയയിലെ അക്കങ്ങൾ മറിച്ചിട്ടാൽ ഒരേ ഗുണനഫലം കിട്ടുമോ? ഇല്ലെന്നാണ് കൂട്ടുകാരുടെ മറുപടി പ്രതീക്ഷിക്കുന്നത്.

32 X 45 = 1440

23 X 54 = 1242

ഈ രണ്ട് ഗുണനഫലങ്ങളും തുല്യമല്ല. പക്ഷേ അത്ഭുതമെന്ന് പറയട്ടെ തുല്യമാകുന്ന ഉദാഹരണങ്ങളുമുണ്ട്.

13 X 93 = 1209

31 X 39 = 1209

ഇവിടെ അക്കങ്ങൾ മറിച്ചിട്ടപ്പോഴും ഗുണനഫലത്തിൽ മാറ്റമില്ല. ഇങ്ങനെയുള്ള എത്ര ഉദാഹരണങ്ങൾ നിങ്ങൾക്ക് കണ്ടെത്താം?

ഗുണനക്രിയയിലെ അക്കങ്ങൾ മറിച്ചിട്ടാൽ ഒരേ ഗുണനഫലം കിട്ടുന്നവ ഇവയാണ്.



1) 14 X 82 = 1148
41 X 28 = 1148

2) 23 X 64 = 1472
32 X 46 = 1472

3) 34 X 86 = 2924
43 X 68 = 2924

4) 12 X 42 = 504
21 X 24 = 504

5) 12 X 63 = 756
21 X 36 = 756

6) 12 X 84 = 1008
21 X 48 = 1008

7) 23 X 96 = 2208
32 X 69 = 2208

8) 13 X 62 = 806
31 X 26 = 806

9) 24 X 84 = 2016
42 X 48 = 2016

10) 46 X 96 = 4416
64 X 69 = 4416

palliyarasreedharan@gmail.com

MALAYALAM MISSION
മലയാളം മിഷൻ

# അറിയണം, കാക്കണം; ജീവന്റെ വൈവിധ്യം

സീമ ശ്രീലയം

എത്രവായിച്ചാലുംഎത്രഅറിഞ്ഞാലും എത്ര പഠിച്ചാലും തീരാത്ത വലിയൊരു പാഠപുസ്തകം അതാണ് പ്രകൃതി. ഇത്തിരിക്കുഞ്ഞു ജീവികൾ മുതൽ ഏറ്റവും വലിയ ജീവിയായ നീലത്തിമിംഗലങ്ങൾവരെ എന്തൊരു വൈവിധ്യമാണ് നമ്മുടെ ജീവലോകത്തിന്! ഓരോ ജീവിക്കും അവകാശപ്പെട്ടതാണീ ഭൂമി. എന്നാൽ അതിവേഗത്തിലാണ് പല ജീവികളും ഭൂമിയിൽ നിന്നും എന്നെന്നേക്കുമായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്. ഇതിൽ മുഖ്യപ്രതി മറ്റാരുമല്ല. മനുഷ്യൻ തന്നെ, എന്നുവച്ചാൽ നമ്മുടെ വിവേചനരഹിതമായ പ്രവർത്തനങ്ങൾ. എത്രയോ ജീവികൾ ഭൂമിയിൽ നിന്നും എന്നെന്നേക്കുമായി അപ്രത്യക്ഷമായി കഴിഞ്ഞു. ഓരോ വർഷവും റെഡ് ലിസ്റ്റിൽ അതായത് വംശനാശം നേരിടുന്ന ജീവികളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടിവരുന്ന ജീവജാലങ്ങളുടെ എണ്ണം കൂടിക്കൊണ്ടേയിരിക്കുന്നു.

നമ്മുടെ ജൈവവൈവിധ്യം അമൂല്യമാണെന്നും വരാനിരിക്കുന്ന എത്രയോ തലമുറകൾക്കായി കണ്ണിലെ കൃഷ്ണമണി പോലെ അതു കാത്തുസൂക്ഷിക്കണം എന്നുമുള്ള ഓർമ്മപ്പെടുത്തലുമായാണ് എല്ലാ വർഷവും മെയ് 22 ന് അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനം കടന്നുവരുന്നത്. “നമ്മുടെ ജൈവവൈവിധ്യം, നമ്മുടെ ഭക്ഷണം, നമ്മുടെ ആരോഗ്യം” എന്നതായിരുന്നു ഇത്തവണത്തെ ജൈവവൈവിധ്യ ദിന വിഷയം. ഭൂമിയിൽ നിന്നു കുറ്റിയറ്റു പോയിക്കൊണ്ടിരിക്കുന്ന ജീവികളുടെ എണ്ണം ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ തൊടിയിലേക്കൊന്നു കണ്ണോടിച്ചാൽത്തന്നെ മനസ്സിലാവും കണ്ടുകണ്ടങ്ങിരിക്കുന്ന ജീവികളുടെ എണ്ണം എത്ര പെട്ടെന്നാണ് കുറയുന്നതെന്ന്. കലപില കൂട്ടിയെത്തുന്ന കരിയിലപക്ഷികളുടെയും കുരുവികളുടെയും കൂരിരിട്ടിന്റെ കിടാത്തിയും സൂര്യപ്രകാശത്തിന്റെ ഉറ്റതോഴിയുമായ കാക്കകളുടെയും പോക്രോം പോക്രോം ശബ്ദമുണ്ടാക്കുന്ന തവളകളുടെയും ചിൽ ചിൽ ശബ്ദമുണ്ടാക്കുന്ന അണ്ണാറക്കണ്ണ

photo Amaansyedd



സിംഹം

photo Anuwar ali hazarika



ഒറ്റകൊമ്പൻ കാണ്ടാമൃഗം

ന്മാരുടെയും ഭൂമിയുടെ കലപ്പയായ മണ്ണിരയുടെയു മൊക്കെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയല്ലേ.

കാടും മേടും പാടങ്ങളും തണ്ണീർത്തടങ്ങളും കുന്നുകളുമൊക്കെ നശിപ്പിച്ചു കൊണ്ടുള്ള വിവേചനരഹിതമായ വികസനവും രാസകീടനാശിനികളുടെ അമിതമായ ഉപയോഗവും മലിനീകരണവുമൊക്കെ പാവം ജീവികളുടെ നിലനിൽപ്പു തന്നെ അപകടത്തിലാക്കികൊണ്ടിരിക്കുന്നു. പശ്ചിമഘട്ടത്തിലെ വരയാടുകളും ഗുജറാത്തിലെ ഗിർവനങ്ങളിലെ സിംഹവും ഹിമാലയത്തിലെ ഹിമപ്പുലിയും അസമിലെ ഒറ്റകൊമ്പൻ കാണ്ടാമൃഗവും ഗംഗയിലെ ഡോൾഫിനുകളുമൊക്കെ വംശനാശഭീഷണിയിൽ ആണെന്ന് യു എൻ റിപ്പോർട്ട് മുന്നറിയിപ്പു നൽകുന്നു.

പല അന്ധവിശ്വാസങ്ങളും ജീവികളുടെ വംശനാശത്തിനു കാരണമാവുന്നുണ്ട്. കാണ്ടാമൃഗങ്ങളുടെ കൊമ്പിന് ദിവ്യൗഷധശേഷിയുണ്ടെന്നും കരിങ്കുരങ്ങിന് ഔഷധഗുണമുണ്ടെന്നും വെള്ളിമൂങ്ങ, നക്ഷത്ര ആമ, ഇരുതലമൂരി പാമ്പ് എന്നിവയ്ക്ക് വീട്ടിൽ ഐശ്വര്യം കൊണ്ടുവരാനുള്ള കഴിവുണ്ടെന്നും തുടങ്ങി എത്രയെത്ര അന്ധവിശ്വാസങ്ങളാണ്.


photo Bernard Landgraf

ഹിമപ്പുലി


photo ml.wikipedia

വരയാട്

ഇതെല്ലാം പാവം ജീവികളുടെ നാശത്തിനു കാരണമാവുന്നുണ്ട്!

മനുഷ്യന്റെ ചെയ്തികൾ കാരണം ജീവികളുടെ ആവാസ വ്യവസ്ഥകൾ ചുരുങ്ങിക്കൊണ്ടേയിരിക്കുന്നു. ആഗോളതാപനം, കാലാവസ്ഥാവ്യത്യയാനം, വിവേചനരഹിതമായ വികസനപ്രവർത്തനങ്ങൾ ഗുരുതരമായ മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ അമിത ചൂക്ഷണം, ആവാസ വ്യവസ്ഥയിലുള്ള അന്യ സ്പീഷിസുകളുടെ അധിനിവേശം എന്നിവയൊക്കെ വംശനാശത്തിന് ആക്കം കൂട്ടികൊണ്ടിരിക്കുന്ന ഘടകങ്ങളാണ്. ഭൂമി ഇപ്പോൾ ആറാമത്തെ കൂട്ട വംശനാശ ഘട്ടത്തിലേക്ക് കടന്നിരിക്കുന്നുവെന്ന് വിവിധ പഠനങ്ങൾ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. ഐ യു സി എൻ (ഇന്റർ നാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ) ആണ് വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ പട്ടികയായ റെഡ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്.

ദിനോസറുകളും മാമത്തുകളുമൊക്കെ ഒരുനാൾ തിരികെ വന്നാലെങ്ങനെയായിരിക്കും? വംശനാശം സംഭവിച്ച പല ജീവികളെയും ക്ലോൺ ചെയ്യാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ബയോടെക്നോളജിയും ജനിതക എഞ്ചിനീയറിംഗും ക്രിസ്പർ എന്ന നൂതന ജീൻ എഡിറ്റിംഗ് മാർഗവുമൊക്കെ കൈകോർക്കുമ്പോൾ പാടേ കുറ്റിയറ്റുപോയ ജീവി വർഗങ്ങൾ തിരിച്ചുവന്നു കൂടെന്നില്ല. മഞ്ഞിൽ പുതഞ്ഞുകിടന്ന വൂളി മാമോത്തിന്റെ അവശിഷ്ടങ്ങളിൽ നിന്നും അവയെ ക്ലോൺ ചെയ്യാനുള്ള ശ്രമത്തിലാണ് ഗവേഷകർ. ഇതുപോലെ ഡോഡോ, സഞ്ചാരിപ്രാവ്, ടാസ്മാനിയൻ ടൈഗർ വുൾഫ് തുടങ്ങി പല ജീവികളേയും ക്ലോണിങ്ങിലൂടെ പുന:സൃഷ്ടിക്കാനുള്ള ഗവേഷണങ്ങൾ ലോകത്ത് നടക്കുന്നുണ്ട്.

# പ്രകൃതി

**ഷാജി ആന്റണി**

അവർ വളരട്ടെ
പ്രകൃതിയുടെ മടിയിൽ
മഴയുടെ താരാട്ടു കേട്ട്
ചളിയുടെ സുഗന്ധം നുകർന്ന്
മഴവെള്ളത്തിൽ കളിക്കട്ടെ
കാറ്റിന്റെ സംഗീതം കേൾക്കട്ടെ
ഭൂമിയിൽ അവരുടെ കാലുറക്കട്ടെ

കൃത്രിമ പരിഷ്ക്കാരത്തിൽ നിന്നും
അവർ അൽപ്പം മാറി നടക്കട്ടെ
അവരുടെ അമ്മയോടൊപ്പം
ഈ ഭൂമിയേയുമറിയട്ടെ...
വളരട്ടെ അവരീ

പ്രകൃതിയുടെ മക്കളായി
പ്രകൃതിയിൽ നിന്ന്
തന്നെ പഠിക്കട്ടെ
അവരീ പ്രകൃതിയെ
സ്നേഹിക്കുവാൻ...

അവരുടെ വളർച്ചക്കൊപ്പം
പ്രകൃതി മരിക്കാതിരിക്കാൻ.
അവരുടെ കൂടിയാണീ
പ്രകൃതിയെന്ന് തിരിച്ചറിയാൻ...

അവർ വളരട്ടെ
പ്രകൃതിയുടെ മടിയിൽ
മഴയുടെ താരാട്ടു കേട്ട്
ചളിയുടെ സുഗന്ധം നുകർന്ന്...

വര: സജി വി



# സാഫല്യം

പി ടി മണികണ്ഠൻ, പന്തല്ലൂർ

നീളെയടിച്ചൊരു കാറ്റിന്റെ കൈ തട്ടി
പ്ലാവിലയൊന്നു പൊഴിഞ്ഞു വീണു
ഞെട്ടറ്റു വീഴുന്ന ചങ്ങാതിയെ നോക്കി
വട്ടമെത്താത്തവർ കണ്ണടച്ചു.

താഴത്തു വീണു കിടക്കുന്ന പ്ലാവില
മുത്തശ്ശി കണ്ടു കരുതി വെച്ചു
കഞ്ഞി കുടിക്കുവാൻ മുത്തച്ഛനെത്തുമ്പോൾ
പ്ലാവില കോട്ടിയെടുത്തു വെച്ചു.

ജീവൻ വെടിഞ്ഞിങ്ങു പോന്നിട്ടുമിപ്പോഴും
ജീവനായ് മാറാൻ കഴിഞ്ഞുവല്ലോ
ചൂടുള്ള കഞ്ഞിയാൽ ദേഹം പുകയുമ്പോൾ
പ്ലാവില ഉള്ളാലെ പുഞ്ചിരിച്ചു.





# കുട

രാജഗോപാലൻ നാട്ടുകൽ

മഷികൊണ്ടെഴുതിയ താളുകളിൽ
മിഴിയൂന്നി കുട്ടനിരുന്നിടുന്നൂ
അകലെ കിളിച്ചുണ്ടൻ നാട്ടുമാവിൽ
കുളിരിളം കാറ്റു തിമർത്തിടുന്നൂ
മധുവൂറും മാമ്പഴക്കനിയുതിർത്ത്
കൊതി തീർന്നോരണ്ണാൻ ചിലച്ചിടുന്നൂ
ഇലകൾക്കിടയിൽ ചെറുകിളികൾ
ചിറകു വിടർത്തിക്കളിച്ചിടുന്നൂ.

ചെറുപുസ്തകം മെല്ലെ മാറ്റി വച്ച്
വെറുതേ നടക്കുന്നൂ കുട്ടനിപ്പോൾ!
"പഠനം മതിയാക്കിപ്പോകയാണോ?"
അറയിൽ നിന്നമ്മ വിളിച്ചിടുന്നൂ
"കുട ചൂടിപ്പൊയ്ക്കോളൂ പൊന്നുമോനേ,
കൊടുവെയിലേറ്റാൽ തളർന്നു പോകും!"

"വിരിവാനം പോലെ കുട പിടിച്ച്
പെരിയോരു തേന്മാവുണ്ടൊന്നു ദൂരെ;
പറവകൾ, പൂക്കളും കൂട്ടുകാരും
നിറയുന്ന കാഴ്ചയുമുണ്ടു ദൂരെ;
ശലഭവും തുമ്പിയും കാറ്റുകളും
കുളിരേറ്റും സ്നേഹവുമുണ്ടവിടെ!
പെരുതാം 'കുടക്കീഴിൽ' ഞാനിരുന്ന്
മധുവൂറും മാമ്പഴം തിന്നിടട്ടെ!"

വര: സുജിത് പി വി





# ഇംഗ്ലണ്ട് ലോകചാമ്പ്യന്മാർ

മോഹൻദാസ് അമ്പാട്ട്

2019 മെയ് 30ന് ആരംഭിച്ച പന്ത്രണ്ടാം ഏകദിന ക്രിക്കറ്റ് ടൂർണമെന്റിന്, ഇംഗ്ലണ്ടും വെയിൽസും സംയുക്തമായാണ് ആതിഥ്യമരുളിയത്. ഇതാദ്യമായാണ്, ക്രിക്കറ്റിന്റെ ജന്മനാടായ ഇംഗ്ലണ്ട് ക്രിക്കറ്റ് ലോക കിരീടം സ്വന്തമാക്കുന്നത്. ഏറ്റവും ആവേശം നിറഞ്ഞ ഒരു മത്സരത്തിന്റെ അന്ത്യത്തിൽ, ഭാഗ്യത്തിന്റെ കൂടി പിന്തുണയോടെയാണ് ഇംഗ്ലണ്ട് കിരീടം നേടിയത്.

ലോകകപ്പ് ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും ആവേശം നിറഞ്ഞ ഒരു മത്സരത്തിന്റെ അന്ത്യത്തിൽ, ഭാഗ്യത്തിന്റെ കൂടി പിന്തുണയോടെയാണ് ഇംഗ്ലണ്ട് ന്യൂസിലൻഡിനെ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളിയത്. 2019 ജൂലൈ 14ന് ലണ്ടനിലെ പ്രശസ്തമായ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ നടന്ന ഫൈനൽ നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞതായിരുന്നു. ന്യൂസിലൻഡ് വിജയിക്കുമെന്ന് ഏതാണ്ടുറപ്പിച്ച ഘട്ടത്തിലാണ് മത്സരത്തിന്റെ ഗതി മാറിയത്. ആദ്യം ബാറ്റു ചെയ്ത ന്യൂസിലൻഡ് 50 ഓവറിൽ 241 റൺസ് നേടി. മറുപടിയായി ഇംഗ്ലണ്ട് നേടിയതും 241 റൺസ്. തുടർന്നു നടന്ന സൂപ്പർ ഓവറിലും ഇരു ടീമുകളും 15 റൺസ് വീതം നേടി തുല്യത പാലിച്ചു. അതിനാൽ, ഫൈനൽ മത്സരത്തിലും സൂപ്പർ ഓവറിലുമായി 26 ബൗണ്ടറികൾ നേടിയ ഇംഗ്ളണ്ടിനെ ചാമ്പ്യന്മാരായി പ്രഖ്യാ



ബെൻ സ്റ്റോക്സ്

പിക്കുകയായിരുന്നു. ന്യൂസിലൻഡിന്റെ കണക്കിൽ 17 ബൗണ്ടറികളേ ഉണ്ടായിരുന്നുള്ളു.

ഇതാദ്യമായാണ്, ക്രിക്കറ്റിന്റെ ജന്മനാടായ ഇംഗ്ലണ്ട് ക്രിക്കറ്റ് ലോകകിരീടം സ്വന്തമാക്കുന്നത്. 1975, 1987, 1992 എന്നീ വർഷങ്ങളിൽ ഇംഗ്ലണ്ട് ഫൈനലിലെത്തിയെങ്കിലും ട്രോഫി ഏറ്റുവാങ്ങാൻ ഭാഗ്യമുണ്ടായത് ഓയിൻ മോർഗൻ എന്ന ക്യാപ്റ്റനാണ്. ന്യൂസിലൻഡിന് ഇതു തുടർച്ചയായ രണ്ടാം ഫൈനൽ. 2015 ലെ ഫൈനലിൽ ആസ്ട്രേലിയയാണ് കപ്പിൽ നിന്നും അവരുടെ കൈ തട്ടിമാറ്റിയത്. പുറത്താകാതെ 84 റൺസ് നേടിയ ഇംഗ്ലണ്ടിന്റെ ബെൻ സ്റ്റോക്സ് ഫൈനലിലെയും, ന്യൂസിലൻഡിന്റെ ക്യാപ്റ്റൻ കെയിൻ വില്യംസൺ ടൂർണമെന്റിന്റെയും താരമായി തെരഞ്ഞെടുക്കപ്പെട്ടു. ഈ ലോകകപ്പിൽ 578 റൺസ് ആണ് വില്യംസൺ നേടിയത്. 9 മത്സരങ്ങളിൽ നിന്ന് 5 സെഞ്ചുറികളോടെ 648 റൺസ് നേടിയ, ഇന്ത്യയുടെ രോഹിത് ശർമയാണ് ടൂർണമെന്റിലെ ടോപ് സ്കോറർ. ഒരു ലോകകപ്പിൽ ഏറ്റവും കൂടുതൽ സെഞ്ചുറികൾക്കുടമ എന്ന റെക്കോർഡിനും രോഹിത് അവകാശിയായി. കഴിഞ്ഞ ലോകകപ്പിൽ ഒരു സെഞ്ചുറി നേടിയിട്ടുള്ള രോഹിത്, ലോകകപ്പ് മത്സരങ്ങളിൽ ഏറ്റവും കൂടുതൽ സെഞ്ചുറികൾ (6) എന്ന, സച്ചിൻ ടെണ്ടുൽക്കറുടെ റെക്കോർഡിനും ഒപ്പമെത്തി. 27 വിക്കറ്റുകൾ വീഴ്ത്തിയ, ആസ്ട്രേലിയയുടെ മിച്ചൽ സ്റ്റാക് ആണ് ബൗളർമാരിൽ ഒന്നാം സ്ഥാനത്ത്.

2019 മെയ് 30ന് ആരംഭിച്ച പന്ത്രണ്ടാം ഏകദിന ക്രിക്കറ്റ് ടൂർണമെന്റിന്, ഇംഗ്ലണ്ടും വെയിൽസും സംയുക്തമായാണ് ആതിഥ്യമരുളിയത്. ഇന്ത്യ, ഇംഗ്ലണ്ട്, ആസ്ട്രേലിയ, പാകിസ്താൻ, ബംഗ്ലാദേശ്, ശ്രീലങ്ക, അഫ്ഘാനിസ്ഥാൻ, ദക്ഷിണാഫ്രിക്ക, ന്യൂസിലൻഡ്, വെസ്റ്റ് ഇൻഡീസ് എന്നീ പത്തു രാഷ്ട്രങ്ങൾ ഇത്തവണ ലോകകപ്പിൽ മത്സരിച്ചു. ടീമുകളെ പല ഗ്രൂപ്പുകളായി തിരിച്ച് ലീഗടിസ്ഥാനത്തിൽ നടത്തുന്ന പതിവിൽ നിന്നു വ്യത്യസ്തമായി, എല്ലാ ടീമുകളും പരസ്പരം മത്സരിച്ച്, പോയിന്റുനിലയിൽ മുന്നിൽ വരുന്ന നാലു ടീമുകൾക്ക് സെമിഫൈനലിലേക്ക് പ്രവേശനം നൽകുന്ന 'റൗണ്ട് റോബിൻ' രീതിയാണ് ഇത്തവണ സ്വീകരിച്ചത്. ന്യൂസിലൻഡുമായുള്ള മത്സരം മഴ മൂലം നടക്കാതെ പോയതുകൊണ്ട് ഇന്ത്യക്ക് എട്ടു ടീമുകളുമായി മാത്രമേ ആദ്യ റൗണ്ടിൽ മത്സരിക്കേണ്ടി വന്നുള്ളൂ. ഇംഗ്ലണ്ടിനോടു മാത്രം തോറ്റ ഇന്ത്യ, ഏഴു വിജയങ്ങളുമായി, ഒന്നാം സ്ഥാനക്കാരായിത്തന്നെ സെമിഫൈനലിൽ പ്രവേശിക്കുകയും ചെയ്തു. ആസ്ട്രേലിയ, ഇംഗ്ലണ്ട്, ന്യൂസിലൻഡ് എന്നിവയാണ് അവസാന നാലിലെത്തിയ മറ്റു ടീമുകൾ. സെമിഫൈനലിൽ



ഓയിൻ മോർഗൻ

പക്ഷെ, ഇന്ത്യക്ക് അടിതെറ്റി. ഒന്നാം സ്ഥാനക്കാരായി സെമിയിലെത്തിയ ഇന്ത്യയെ, നാലാം സ്ഥാനക്കാരായ ന്യൂസിലൻഡ് ഇരുപത്തിരണ്ടു റൺസിന് തോൽപ്പിച്ചു. മറുഭാഗത്തും അട്ടിമറി നടന്നു. രണ്ടാം സ്ഥാനക്കാരായ ആസ്ട്രേലിയയെ പുറത്താക്കി മൂന്നാം സ്ഥാനക്കാരായ ഇംഗ്ലണ്ട് കിരീടപ്പോരാട്ടത്തിന് അർഹത നേടി.

## ചരിത്രത്തിലൂടെ

അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങളുടെ എഴുതപ്പെട്ട ചരിത്രം ആരംഭിക്കുന്നത്, കാനഡയും അമേരിക്കയും തമ്മിൽ, 1844 സെപ്റ്റംബർ 24 മുതൽ 26 വരെ നടന്ന ത്രിദിന മത്സരത്തോടെയാണ്. ആ മത്സരത്തിൽ കാനഡ 23 റൺസിന്റെ വിജയം നേടി. കാനഡ നാലുതവണ ലോകകപ്പിൽ പങ്കെടുത്തതൊഴിച്ചാൽ, ഈ രണ്ടു രാഷ്ട്രങ്ങളും ഇന്ന് ക്രിക്കറ്റിൽ സജീവമല്ല. ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ആദ്യത്തെ ക്രിക്കറ്റ് ടെസ്റ്റ്, ഇംഗ്ലണ്ടും ആസ്ട്രേലിയയും തമ്മിൽ, ആസ്ട്രേലിയയിലെ മെൽബൺ ഗ്രൗണ്ടിലാണ് നടന്നത്. 1877 മാർച്ച് 15 മുതൽ 19 വരെ നടന്ന ടെസ്റ്റിൽആസ്ട്രേലിയ 45 റൺസിനു വിജയിച്ചു.



കെയിൻ വില്യംസൺ

**ഏകദിന മത്സരങ്ങളുടെ ജനനം വളരെ അവിചാരിതമായിട്ടാണ് സംഭവിച്ചത്. ഇംഗ്ലണ്ടും ആസ്ട്രേലിയയും തമ്മിൽ മെൽബണിൽ നടക്കേണ്ടിയിരുന്ന ടെസ്റ്റ് മഴ കാരണം മുടങ്ങിയപ്പോൾ, കാണികളെ മുഷിപ്പിക്കാതിരിക്കാനായി, 40 ഓവർ (ഒരു ഓവറിൽ എട്ടു പന്ത്) നീണ്ട ഒരു മത്സരം പെട്ടെന്നു തട്ടിക്കൂട്ടുകയായിരുന്നു. ആസ്ട്രേലിയയ്ക്ക് 5 വിക്കറ്റ് വിജയം സമ്മാനിച്ച ആ മത്സരം വൻ ജനപ്രീതി നേടി. 1971 ജനുവരി 5 നായിരുന്നു അത്.**

ഏകദിന മത്സരങ്ങളുടെ ജനനം വളരെ അവിചാരിതമായിട്ടാണ് സംഭവിച്ചത്. ഇംഗ്ലണ്ടും ആസ്ട്രേലിയയും തമ്മിൽ മെൽബണിൽ നടക്കേണ്ടിയിരുന്ന ടെസ്റ്റ് മഴ കാരണം മുടങ്ങിയപ്പോൾ, കാണികളെ മുഷിപ്പിക്കാതിരിക്കാനായി, 40 ഓവർ (ഒരു ഓവറിൽ എട്ടു പന്ത്) നീണ്ട ഒരു മത്സരം പെട്ടെന്നു തട്ടിക്കൂട്ടുകയായിരുന്നു. ആസ്ട്രേലിയയ്ക്ക് 5 വിക്കറ്റ് വിജയം സമ്മാനിച്ച ആ മത്സരം വൻ ജനപ്രീതി നേടി. 1971 ജനുവരി 5 നായിരുന്നു അത്.

പിന്നീട് ക്രിക്കറ്റ് ടെസ്റ്റുകളോടൊപ്പം ഏകദിന മത്സരങ്ങളും നടത്തുന്ന പതിവുവന്നു. ആവേശവും ഉദ്വേഗവും നിറഞ്ഞ നിമിഷങ്ങൾ ഏറെ സമ്മാനിക്കുന്ന ഏകദിന മത്സരങ്ങൾ, ജനപ്രീതിയുടേയും പ്രചാരത്തിന്റെയും കാര്യത്തിൽ



മിച്ചൽ സ്റ്റാക്

ടെസ്റ്റ് മത്സരങ്ങളെ പിന്തള്ളി മുൻപോട്ടു പോയപ്പോഴാണ്, നാലു വർഷത്തിലൊരിക്കൽ ഏകദിന ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് നടത്താൻ ഇൻറർനാഷണൽ ക്രിക്കറ്റ് കൗൺസിൽ തീരുമാനിച്ചത്.

1975 ജൂൺ 7 ന് ഇംഗ്ലണ്ടിലെ ലോഡ്സ് ഗ്രൗണ്ടിൽ ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലാണ് ആദ്യ ലോകകപ്പിലെ ആദ്യ മത്സരം നടന്നത്. ഇന്ത്യയുടെ മദൻ ലാൽ ലോകകപ്പിലെ ആദ്യത്തെ പന്തെറിഞ്ഞപ്പോൾ, ഡെന്നിസ് അമിസ് അതുനേരിട്ടു. 60 ഓവറിൽ ഇംഗ്ലണ്ട് 4 വിക്കറ്റ് നഷ്ടത്തിൽ 234 റൺസ് നേടി. 137 റൺസ് നേടിയ ഡെന്നിസ് അമിസ് ലോകകപ്പിലെ ആദ്യത്തെ സെഞ്ചുറിക്കും അർഹനായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യയുടേത് ദയനീയ പ്രകടനമായിരുന്നു. ഇന്ത്യയുടെ 11 കളിക്കാർക്കും കൂടി, ഡെന്നിസ് അമിസ് തനിച്ചു നേടിയ സ്കോർ പോലും നേടാനായില്ല. 132 റൺസിന് എല്ലാവരും പുറത്തായി. 102 റൺസിന്റെ തോൽവി. ഒന്നാം ലോകകപ്പിൽ, വെസ്റ്റ് ഇൻഡീസ് ലോകചാമ്പ്യന്മാരായി. ഫൈനലിൽ ആസ്ട്രേലിയയായിരുന്നു എതിരാളികൾ.

1975 ലെ ലോകകപ്പിൽ 'ഈസ്റ്റ് ആഫ്രിക്ക' എന്ന കുഞ്ഞൻ ടീമിനോടെങ്കിലും ഇന്ത്യക്ക് വിജയിക്കാനായെങ്കിൽ, 1979 ൽ നടന്ന രണ്ടാം ലോകകപ്പിൽ ഒരു മത്സരത്തിൽ പോലും ജയിക്കാനായില്ല. ഇത്തവണയും വെസ്റ്റ് ഇൻഡീസ് തന്നെ ചാമ്പ്യന്മാരായി. ഫൈനലിൽ തോൽപ്പിച്ചത് ഇംഗ്ലണ്ടിനെ.

1983 ൽ നടന്ന ലോകകപ്പ്, ഇന്ത്യയുടെ ക്രിക്കറ്റ്ചരിത്രത്തിലെ ഏറ്റവും മഹനീയമായ മുഹൂർത്തം സമ്മാനിച്ചു. തുടർച്ചയായി മൂന്നാം കിരീടം തേടിയിറങ്ങിയ വെസ്റ്റ് ഇൻഡീസിനെ ഫൈനലിൽ, തോൽപ്പിച്ചു കൊണ്ട് ഇന്ത്യ ലോകചാമ്പ്യന്മാരായി. മൊഹീന്ദർ അമർനാഥ് ഫൈനലിലെ മികച്ച താരവുമായി.

ആദ്യ മൂന്നു ലോകകപ്പുകളും (1975, 1979, 2003) നടന്നത് ഇംഗ്ലണ്ടിലാണ്. 1987 ലെ ലോകകപ്പിന് ഇന്ത്യയും പാകിസ്താനും സംയുക്തമായി ആതിഥ്യം വഹിച്ചു. മത്സരദൈർഘ്യം 50 ഓവറാക്കി കുറച്ച ടൂർണമെന്റിൽ ആസ്ട്രേലിയ ചാമ്പ്യന്മാരായി.

ആസ്ട്രേലിയയിലും ന്യൂസിലൻഡിലുമായി നടന്ന, 1992 ലെ ലോകകപ്പിൽ പാകിസ്താനും, 1996 ൽ ഇന്ത്യയിലും ബംഗ്ലാദേശിലും ശ്രീലങ്കയിലുമായി നടന്ന ടൂർണമെന്റിൽ ശ്രീലങ്കയും കിരീടമണിഞ്ഞു.

പിന്നീടുള്ള മൂന്നു ചാമ്പ്യൻഷിപ്പുകളിൽ കളം നിറഞ്ഞാടിയത് ആസ്ട്രേലിയയായിരുന്നു. 1999 ലും 2003 ലും 2007 ലുമായി ആസ്ട്രേലിയ ഹാട്രിക് വിജയം കൊയ്തു. 2003 ൽ ഇന്ത്യയെയാണ് അവർ ഫൈനലിൽ തോൽപ്പിച്ചത്.

2011 ൽ ലോകകപ്പ് വീണ്ടും ഏഷ്യൻ മണ്ണിലെത്തി. ഇന്ത്യയും ബംഗ്ലാദേശും ശ്രീലങ്കയും പാകിസ്താനും ചേർന്നു നടത്താൻ തീരുമാനിക്കപ്പെട്ടിരുന്നുവെങ്കിലും, 2009 ൽ ശ്രീലങ്കൻ ക്രിക്കറ്റ് ടീം ലാഹോറിൽ വച്ച് ആക്രമിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ, പാകിസ്താനിൽ മത്സരങ്ങളൊന്നും നടത്തിയില്ല. 14 രാഷ്ട്രങ്ങൾ പങ്കെടുത്ത ടൂർണമെൻറിൽ ഇന്ത്യ ചാമ്പ്യന്മാരായി. മുംബൈ വാംഖടെ സ്റ്റേഡിയത്തിൽ ശ്രീലങ്കയ്ക്കെതിരെയായിരുന്നു ഫൈനൽ. ഇന്ത്യയുടെ രണ്ടാം കിരീടം.



രോഹിത് ശർമ

മഹേന്ദ്ര സിങ് ധോണിയുടെ നേതൃത്വത്തിലാണ് ഇന്ത്യ 28 വർഷത്തിന് ശേഷം 2011 – ൽ ലോകകപ്പ് കിരീടം നേടിയത്. 91 റൺസായിരുന്നു ഫൈനലിൽ ധോണിയുടെ നേട്ടം.

ആസ്ട്രേലിയയിലും ന്യൂസിലൻഡിലുമായി, 2015ൽ നടന്ന പതിനൊന്നാം ലോകകപ്പിൽ ആസ്ട്രേലിയയാണ് ചാമ്പ്യന്മാരായത്. ന്യൂസിലൻഡിനായിരുന്നു രണ്ടാം സ്ഥാനം.

# ടോം സോയറുടെ സാഹസികജീവിതം


**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**


അടുത്ത പ്രഭാതം പ്രസന്നമായിരുന്നു. ഗ്രാമം ശാന്തമായിരുന്നു. പ്രഭാതഭക്ഷണത്തിനുശേഷം പോളി ആന്റിയുടെ പതിവ് കുടുംബപ്രാർഥനയും വാക്യങ്ങൾ ചൊല്ലലും. സിദ്ദു അവന്റെ വാക്യങ്ങൾ കാണാതെ പഠിച്ചിരുന്നു. ടോമിന് ഒന്നും പഠിക്കാൻ സാധിച്ചില്ല. അവസാനം അവൻ പർവത പ്രസംഗം പഠിക്കാൻ തുടങ്ങി. അതിലും ചെറിയ വാക്യങ്ങൾ ഒന്നും അവന് കണ്ടെത്താനായില്ല. എന്നിട്ടും ഒന്നും ചൊല്ലി കേൾപ്പിക്കാനായില്ല.

പിന്നീട് മേരി, അവനെ സൺഡേ സ്കൂളിൽ പോകാനായി കുളിച്ച് വൃത്തിയാകാൻ സഹായിച്ചു. അവന്റെ ബന്ധുവായ മേരി അവന് ഒരു ബേസിൻ നിറയെ വെള്ളവും ഒരു കഷണം സോപ്പും കൊടുത്തു. ടോം അതുമായി പുറത്തുപോയി. ബേസിൻ ഒരു ചെറിയ ബഞ്ചിൽ വച്ച്, സോപ്പ് വെള്ളത്തിൽ മുക്കിയിട്ട് താഴെ വച്ചു. കുപ്പായത്തിന്റെ കൈകൾ ചുരുട്ടി മുകളിലേക്ക് കയറ്റി. അല്പം വെള്ളം എടുത്ത് തറയിലൊഴിച്ചു. എന്നിട്ട് അടുക്കളിൽ കയറിച്ചെന്ന് വാതിലിനു പിന്നിലെ ടവ്വൽ എടുത്ത് മുഖം തുടച്ചു. മേരി ടൗവ്വൽ വലിച്ചു മാറ്റിയിട്ട് പറഞ്ഞു, ''ടോം, നിനക്ക് നാണമില്ലേ... നീ എന്താ ഇങ്ങനെ ഒരു ചീത്ത കുട്ടിയാകുന്നത്? വെള്ളം നിന്നെ ഉപദ്രവിക്കത്തില്ല.''

മേരി വീണ്ടും വെള്ളം നിറച്ച് നൽകി. ആ പ്രാവശ്യം ടോം കൂടുതൽ സമയം വെളിയിൽ





വര: റോണി ദേവസ്യ

നിന്നു. പിന്നീട് രണ്ട് കണ്ണുകളും അടച്ച് ടവ്വൽ തപ്പിയെടുക്കുന്നതുപോലെ ഭാവിച്ച് അകത്തുകയറി. വെള്ളം ഇറ്റിറ്റു വീഴുന്നുണ്ട്.

പക്ഷേ ടവ്വൽ മാറ്റി നോക്കിയപ്പോൾ അവന്റെ മുഖത്തിന്റെ വൃത്തി താടിക്ക് മുകളിൽ അവസാനിച്ചിരിക്കുന്നു. അതിനു താഴെയും കഴുത്തിലും പൊടിയും ചെളിയും കുഴഞ്ഞ് പറ്റിപ്പിടിച്ച് ഒരു പാടപോലെ കാണപ്പെട്ടു.

മേരി വീണ്ടും അവനെ പുറത്തുകൊണ്ടുപോയി വൃത്തിയായി കുളിപ്പിച്ചു. മുടി ചീകി ഒതുക്കി. ചുരുണ്ടമുടി അവന് ഇഷ്ടമല്ലാതിരുന്നതിനാൽ അവൻ അത് പരത്തിച്ചീകി. പിന്നീട് അവന്റെ ഞായറാഴ്ചക്കുപ്പായം ധരിപ്പിച്ചു. രണ്ട് വർഷമായി ഉപയോഗിക്കുന്ന അതേ കോട്ടും സൂട്ടും. അവയൊന്നും അവന് സുഖകരമായ അനുഭവം ആയിരുന്നില്ല. ഷൂസെങ്കിലും മേരി മറക്കുമെന്നുള്ള അവന്റെ പ്രതീക്ഷയും തകർന്നുപോയി. അവന് അരിശം വന്നു. താൻ ഒരിക്കലും ഇഷ്ടപ്പെടാത്ത എല്ലാ കാര്യങ്ങളും മേരി തന്നെക്കൊണ്ട് നിർബന്ധിച്ച് ചെയ്യിക്കയാണെന്ന് അവൻ മുറുമുറുത്തു.

“ടോമീ... നീ നല്ല കുട്ടിയല്ലേ?” അവസാനം മൂന്ന് കുട്ടികളും സൺഡേ സ്കൂളിലേക്കുപോയി. ടോം ഏറ്റവും അധികം വെറുക്കുന്ന ഒരു സ്ഥലം. മേരിക്കും സിദ്ദുവിനും ഇഷ്ടമുള്ള സ്ഥലവും!

രാവിലെ ഒൻപതു മണി മുതൽ പത്തരവരെയാണ് സൺഡേ സ്കൂളിന്റെ സമയം. അതിനുശേഷം ദേവാലയ ശുശ്രൂഷകൾ ആരംഭിക്കും.

ദേവാലയ വാതിൽക്കൽ ടോം ഒരു ചുവട് പുറകോട്ടു നിന്നു. സൺഡേ സ്കൂൾ കുപ്പായം ധരിച്ചു വന്ന ഒരു ചങ്ങാതിയുമായി സംസാരിക്കാൻ തുടങ്ങി.

മേരി വീണ്ടും അവനെപുറത്തുകൊണ്ടുപോയി വൃത്തിയായി കുളിപ്പിച്ചു. മുടി ചീകി ഒതുക്കി. ചുരുണ്ടമുടി അവന് ഇഷ്ടമല്ലാതിരുന്നതിനാൽ അവൻ അത് പരത്തിച്ചീകി. പിന്നീട് അവന്റെ ഞായറാഴ്ചക്കുപ്പായം ധരിപ്പിച്ചു. രണ്ട് വർഷമായി ഉപയോഗിക്കുന്ന അതേ കോട്ടും സൂട്ടും. അവയൊന്നും അവന് സുഖകരമായ അനുഭവം ആയിരുന്നില്ല.

“ബില്ലീ... നിന്റെ കൈയിൽ ഒരു മഞ്ഞ കൂപ്പൺ ഉണ്ടോ?”

“ഉണ്ട്.”

“അതിന് പകരം നിനക്കെന്താണ് വേണ്ടത്?”

“നീ എന്തു തരും?”

“ഒരു കഷണം പശമിഠായിയും മത്സ്യങ്ങളുടെ പടമുള്ള ഒരു പുസ്തകവും.”

“കാണട്ടെ.”

ടോം അവയെല്ലാം കാണിച്ചുകൊടുത്തു. ബില്ലിന് ഇഷ്ടപ്പെട്ടു. അവർ അവ കൈമാറി. അതിനുശേഷം രണ്ട് ഗോലികൾ കൊടുത്തു. മൂന്ന് ചുവന്ന കൂപ്പണും, മറ്റു ചില ചെറിയ സാധനങ്ങൾ നൽകി രണ്ട് നീല കൂപ്പണുകളും ടോം കരസ്ഥമാക്കി. പതിനഞ്ച് മിനിറ്റുകൂടി അവിടെ നിന്ന്, അതുവഴി വന്ന സകല കുട്ടികളിൽ നിന്നും എന്തെങ്കിലും ഒക്കെ പകരം കൊടുത്തു കുറേ കൂപ്പണുകൾ വാങ്ങി.

അവസാനം ടോം കുറേ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കൂടെ ദേവാലയത്തിനകത്ത് പ്രവേശിച്ചു. തൊട്ടടുത്തുണ്ടായിരുന്ന ഒരു കുട്ടിയുമായി ശണ്ഠകൂടി, അടുത്ത ബെഞ്ചിലിരുന്നവന്റെ ദേഹത്ത് മൊട്ടുസൂചി കൊണ്ട് കുത്തി. അധ്യാപകൻ അവനെ ശാസിച്ചെങ്കിലും ക്ലാസിൽ നിറയെ അത്തരം അനുസരണയില്ലാത്ത വഴക്കാളികളാണ്. ആർക്കും സൺഡേസ്കൂൾ പാഠങ്ങളും വേദപുസ്തക വാക്യങ്ങളും മനഃപാഠം ചൊല്ലാൻ അറിയത്തുമില്ല.

വാക്യങ്ങൾ തെറ്റുകൂടാതെ ചൊല്ലുന്നതിനുള്ള സമ്മാനങ്ങളാണ് ടോം വാങ്ങിക്കൂട്ടിയ പല നിറത്തിലുള്ള കൂപ്പണുകൾ. പത്ത് നീല, ഒരു മഞ്ഞക്കൂപ്പണിനു തുല്യം. പത്ത് മഞ്ഞ കൂപ്പണുകൾ നൽകിയാൽ പ്രധാന അധ്യാപകൻ ഒരു വേദപുസ്തകം സമ്മാനമായി നൽകും. ടോമിന്റെ ക്ലാസിൽ ഒന്നോ രണ്ടോ പേർക്കു മാത്രമാണ് അത്തരം സമ്മാനം ലഭിച്ചിട്ടുള്ളത്. രണ്ടുവർഷത്തെ കഠിന പരിശ്രമത്തിലൂടെ മേരി രണ്ട് വേദപുസ്തകം നേടിയിരുന്നു. വേദപുസ്തകം സമ്മാനമായി ലഭിക്കുന്ന കുട്ടിക്ക് മാന്യമായ സ്ഥാനവും ആദരവും നൽകിയിരുന്നു. ടോം ഒരിക്കലും ആ സമ്മാനം മനസ്സുകൊണ്ട് കൊതിച്ചിട്ടില്ലെങ്കിലും അതിനൊപ്പം ലഭിക്കുന്ന മഹത്വവും മാന്യസ്ഥാനവും അവൻ അതിയായി കൊതിച്ചിരുന്നു.

അധ്യാപകൻ ഉപദേശങ്ങൾ നിറഞ്ഞ ഒരു പ്രസംഗം നടത്തി. അതിനുശേഷം അന്ന് രണ്ട് വിശിഷ്ട അതിഥികൾ വരുന്നുണ്ടെന്നും എല്ലാവരും നല്ല കുട്ടികളായി ഇരിക്കണമെന്നും പറഞ്ഞു. ക്ലാസിലെ കുശുകുശുക്കലുകളും അമർത്തിപ്പിടിച്ച ചിരികളും വർധിച്ചു. വക്കീൽ താച്ചറും അദ്ദേഹത്തിന്റെ സഹോദരൻ ജഡ്ജി താച്ചറും ഭാര്യയും മകളും അതിഥികളായെത്തി.

അതുവരെ ടോം അസ്വസ്ഥനായിരുന്നു. പഴയ സുഹൃത്ത് ആമി ലോറൻസിന്റെ കണ്ണുകളുമായി ഏറ്റുമുട്ടാനായില്ല. പക്ഷേ നവാഗതയെ കണ്ടപ്പോൾ





അവന്റെ ഹൃദയം തുള്ളിച്ചാടി. നൊടിയിടയിൽ അവളുടെ ശ്രദ്ധ ആകർഷിക്കാനായി, അവൻ ചിലരുടെ മുടിയിൽ പിടിച്ച് വലിക്കുകയും മുഖംകോട്ടി പിടിക്കുകയും പലവിധ പ്രദർശനപ്രകടനങ്ങൾ നടത്തുകയും ചെയ്തു. പ്രധാന അധ്യാപകനും അധ്യാപികമാരും അതിഥികളുടെ മുമ്പിൽ തങ്ങളുടെ വലിപ്പം കാണിക്കാനായി ഓടി നടക്കുകയും നിർദേശങ്ങൾ നൽകുകയും ഒക്കെ ചെയ്തു. പക്ഷേ പ്രധാന കാര്യം എങ്ങനെ നടപ്പിലാക്കും? സമർഥനായ ഒരു കുട്ടിക്ക് അതിഥികളുടെ മുമ്പിൽ വച്ച് ഒരു സമ്മാനം നൽകണ്ടയോ? ഒരു കുട്ടി പോലും പത്ത് മഞ്ഞക്കൂപ്പണുകൾ നേടിയിട്ടുണ്ടാകില്ലെന്ന് അധ്യാപകന് അറിയാമായിരുന്നു. അതിഥികൾക്ക് പ്രത്യേക ഇരിപ്പിടം നൽകി ആദരിച്ചു. അധ്യാപകൻ അവരെ കുട്ടികൾക്ക് പരിചയപ്പെടുത്തി. പ്രധാന അധ്യാപകൻ ക്ലാസിലെ മിടുക്കന്മാരുടെ ഇടയിൽക്കൂടി നടന്ന് തിരക്കി. ചിലരുടെ കൈയിൽ ഏതാനും മഞ്ഞക്കൂപ്പണുകൾ ഉണ്ട്. പക്ഷേ ആരുടെ പക്കലും വേദപുസ്തകം സമ്മാനമായി ലഭിക്കാൻ മാത്രമുള്ള കൂപ്പണുകൾ ഇല്ല.

അപ്പോൾ ടോം സോയർ മുന്നോട്ടുവന്ന് ഒൻപത് മഞ്ഞ കൂപ്പണുകളും ഒൻപത് ചുവന്ന കൂപ്പണുകളും പത്ത് നീല കൂപ്പണുകളും നൽകി. തന്റെ സമ്മാനത്തിനായി കാത്തു നിന്നു. ഓർക്കാപ്പുറത്ത് ഇടിവെട്ടിയ പ്രതീതി. അടുത്ത പത്ത് വർഷത്തിനുള്ളിൽ ടോം അത്തരമൊരു സമ്മാനം പ്രതീക്ഷിച്ചു നിൽക്കുമെന്ന് അധ്യാപകൻ സ്വപ്നത്തിൽപ്പോലും ചിന്തിച്ചിരുന്നില്ല. ഇനി ഒഴിഞ്ഞു മാറാനാകില്ല. കൂപ്പണുകൾ സമർപ്പിച്ച സ്ഥിതിക്ക് സമ്മാനം നൽകണം. ടോമിനെ ജഡ്ജിയുടെ അരികിലുള്ള ഒരു സീറ്റിലേക്ക് മാറ്റി ഇരുത്തി. സമ്മാനം നൽകുന്ന വിവരം അധ്യാപകൻ പ്രഖ്യാപിച്ചു. ആ പതിറ്റാണ്ടിലെ മഹാത്ഭുതം. കുട്ടികൾ അവനെ അസൂയയോടെ നോക്കി. വേലി വെള്ള പൂശിയ സമയത്ത് ടോം ശേഖരിച്ച 'വിലപ്പെട്ട' വസ്തുക്കൾ, പകരം വാങ്ങി കൂപ്പണുകൾ നൽകിയ കുട്ടികൾ നിരാശയും അസൂയയും സഹിക്കാനാകാതെ പുകഞ്ഞു. അവനെപ്പോലൊരു കൗശലക്കാരന്റെ വാക്കുകളിൽ കുരുങ്ങി, അവനെ വലിയവനാക്കിയ സ്വന്തം മണ്ടത്തരം ഓർത്ത് അവർ സ്വയം പഴിച്ചു. കഴിയുന്നത്ര പ്രശംസ ചൊരിഞ്ഞ് സമ്മാനം നൽകിയെങ്കിലും അത് ടോം വാക്യങ്ങൾ ചൊല്ലി നേടിയതാണെന്ന് പാവം അധ്യാപകനും വിശ്വസിക്കാനായില്ല. എന്തോ ഒരു ദുരൂഹത എവിടെയോ ഒളിഞ്ഞുകിടന്നു.

ആമി ലോറൻസിനു സന്തോഷമായി. ടോമിന് കാണത്തക്കതുപോലെ അതു പ്രകടിപ്പി

ക്കാൻ അവൾ ശ്രമിച്ചു.

പക്ഷേ ടോം അവളെ നോക്കുന്നതേയില്ല. അവൾക്ക് സംശയം തോന്നി. അവൾ ശ്രദ്ധിച്ചു. അവൾ സത്യം കണ്ടെത്തി. അവളുടെ ഹൃദയം തകർന്നു. അവൾക്ക് അസൂയയും അരിശവും അടക്കാനായില്ല. അവൾ സകലരെയും വെറുത്തു. പ്രത്യേകിച്ച് ടോമിനെ.

ടോമിനെ ജഡ്ജിക്ക് പരിചയപ്പെടുത്തിക്കൊടുത്തു. പക്ഷേ അദ്ദേഹത്തിന്റെ ഔദ്യോഗിക പ്രഭാവത്തിനു മുൻപിൽ അവന്റെ നാവ് അനങ്ങിയില്ല. അതിനേക്കാളേറെ, അദ്ദേഹം അവളുടെ പിതാവ് അല്ലേ? അദ്ദേഹം അവന്റെ തലയിൽ കൈവച്ചു. അവനൊരു മാന്യനാണെന്ന് അഭിപ്രായപ്പെട്ടു. അവന്റെ പേര് ചോദിച്ചു.

''ടോം...''

''ഓ... അങ്ങനെയല്ല... ടോം... പിന്നെ?''

''തോമസ്''

''അങ്ങനെവരട്ടെ. അതിനൊപ്പം മറ്റൊരു പേരുകൂടി ഇല്ലേ?''

''തോമസ് സോയർ''

''അങ്ങനെ പറയണം. നല്ല കുട്ടി. രണ്ടായിരം വാക്യങ്ങൾ കാണാതെ പഠിക്കുക. അതൊരു വലിയ നേട്ടമാണ്. ഇനി ഒരിക്കൽ നീ പഠിച്ച് വലിയ ആളാകുമ്പോൾ സൺഡേസ്കൂൾ പഠനത്തിന്റെ വില നീ മനസ്സിലാക്കും.''

''ഇനി നീ പഠിച്ച ചില വാക്യങ്ങളും വേദപുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങളുടെ പേരുകളും ഞങ്ങളോട് പറയാൻ നിനക്ക് ബുദ്ധിമുട്ടില്ലല്ലോ?''

''പന്ത്രണ്ടു ശിഷ്യന്മാരുടെ പേരുകൾ നിനക്കറിയാമായിരിക്കും അല്ലേ? ആദ്യം തിരഞ്ഞെടുക്കപ്പെട്ട രണ്ട് ശിഷ്യന്മാരുടെ പേരുകൾ പറയാമോ?''

ടോം നാണിച്ചു ചുവന്നു. തല കുനിഞ്ഞു. പ്രധാനാധ്യാപകന്റെ ഹൃദയം പടപടാമിടിച്ചു. അവന് ഒരു ചോദ്യത്തിനും ഉത്തരം നൽകാനാകില്ലെന്ന് അധ്യാപകന് അറിയാം. ജഡ്ജി എന്തിനാണ് അവനോട് ചോദ്യം ചോദിച്ചത്? എങ്കിലും ടോമിനെ പ്രോത്സാഹിപ്പിക്കാനായി അദ്ദേഹം പറഞ്ഞു.

''തോമസ് മടിക്കാതെ ഉത്തരം പറയൂ.''

ടോം നിന്ന് പുകഞ്ഞു.

അപ്പോൾ ജഡ്ജിയുടെ ഭാര്യയായ മാന്യവനിത പറഞ്ഞു. ''നീ എന്നോടു പറയും അല്ലേ? പറയൂ... ആദ്യം തിരഞ്ഞെടുക്കപ്പെട്ട രണ്ട് ശിഷ്യന്മാരുടെ പേരുകൾ... ഉം... പറയൂ...''

''ദാവീദും ഗോല്യാത്തും.''

അന്നത്തെ സൺഡേ സ്കൂൾ ക്ലാസുകൾ അവിടെ അവസാനിച്ചു.

(തുടരും)



കവിത

# കുന്നും കുഞ്ഞും

**സുരേന്ദ്രൻ കാടങ്കോട്**



വര : ആശ ആർ

കാറ്റു കൊതിച്ചുവന്നു
കാറിരുണ്ടുകൂടി

കുന്നു നനഞ്ഞുനിന്നു
കുഞ്ഞു കണ്ടുരസിച്ചു

കുന്നു പൂത്തുതളിർത്തു
കുഞ്ഞു കേറി മണത്തു

കുന്നണിഞ്ഞ പൂക്കൾ
കുഞ്ഞു നുള്ളിയെടുത്തു

കുഞ്ഞു പൂക്കളമിട്ടു
കുന്നു നോക്കി രസിച്ചു

അക്കാലം തുഴഞ്ഞുപോയേ
ഇക്കാര്യം മറഞ്ഞുപോയേ..!

# ഗ്രഹാംബെൽ മെറ്റൽ ഡിറ്റക്റ്റർ കണ്ടെത്തിയത് എങ്ങനെ?

പി പി കെ പൊതുവാൾ


ടെലിഫോൺ കണ്ടുപിടിച്ച് വാർത്താവിതരണരംഗത്ത് വിപ്ലവം സൃഷ്ടിച്ച അലക്സാണ്ടർ ഗ്രഹാംബെൽ , 1881 ൽ നിർമിച്ച് പരീക്ഷിച്ച ഇൻഡക്ഷൻ ബാലൻസ് എന്ന സംവിധാനമാണ് മെറ്റൽ ഡിക്റ്ററിന്റെ കണ്ടുപിടുത്തത്തിന് ഇടയാക്കിയത്. അന്ന് അമേരിക്കയുടെ പ്രസിഡന്റായിരുന്ന ജെയിംസ് ഗാർഫീൽഡിന്റെ നടുവിൽ തുളച്ചുകയറിയ വെടിയുണ്ടയുടെ സ്ഥാനം കണ്ടെത്താൻ വേണ്ടിയാണ് അത് ആദ്യം പരീക്ഷിച്ചത്. പക്ഷേ ആ പരീക്ഷണം വിജയം കണ്ടില്ല. പരാജയകാരണം കണ്ടെത്തിയ അദ്ദേഹം തുടർന്നു നടത്തിയ പരീക്ഷണങ്ങളിൽ വിജയിച്ചു.


അലക്സാണ്ടർ ഗ്രഹാംബെൽ എന്നു കേൾക്കാത്തവരായി കുട്ടികൾക്കിടയിൽ ആരുമുണ്ടാകുമെന്നു തോന്നുന്നില്ല. ടെലിഫോൺ കണ്ടുപിടിച്ച് വാർത്താവിതരണരംഗത്ത് വിപ്ലവം സൃഷ്ടിച്ച മഹത്വ്യക്തി. മറ്റൊരു വലിയ കണ്ടുപിടുത്തത്തിന്റെ ഉപജ്ഞാതാവു കൂടിയാണദ്ദേഹമെന്ന് പലർക്കും അറിഞ്ഞുകൂടെന്നു തോന്നുന്നു. എന്തായിരുന്നുവെന്നോ ആ കണ്ടുപിടുത്തം? മെറ്റൽ ഡിറ്റക്റ്റർ.

ശരീരത്തിൽ ലോഹഭാഗങ്ങൾ തുളച്ചു കയറിയാൽ (ഉദാ: വെടിയുണ്ട) അതിന്റെ സ്ഥാനം കൃത്യമായി കണ്ടെത്താൻ ഈ ഉപകരണം ഉപയോഗിച്ചുവരുന്നു. ലോഹം കൊണ്ടുള്ള സാധനങ്ങൾ ശരീരഭാഗങ്ങളിൽ ഒളിപ്പിച്ചുവച്ചാലും ഈ ഉപകരണം ഉപയോഗിച്ചു കണ്ടെത്താൻ കഴിയും. അതുകൊണ്ട് സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി മെറ്റൽ ഡിറ്റക്റ്റർ ഇന്ന് മാറിയിരിക്കുന്നു.

1881 ൽ ഗ്രഹാംബെൽ നിർമിച്ച് പരീക്ഷിച്ച ഇൻഡക്ഷൻ ബാലൻസ് എന്ന സംവിധാനത്തിൽ നിന്നാണ് ഈ കണ്ടുപിടുത്തത്തിന്റെ തുടക്കം. അന്ന് അമേരിക്കയുടെ പ്രസിഡന്റായിരുന്ന ജെയിംസ് ഗാർഫീൽഡിന്റെ നടുവിൽ തുളച്ചുകയറിയ വെടിയുണ്ടയുടെ സ്ഥാനം കണ്ടെത്താൻ വേണ്ടിയാണ് അത് ആദ്യം പരീക്ഷിച്ചത്.

ടെലിഫോൺ കണ്ടുപിടിച്ചതിനെത്തുടർന്ന് ഗ്രഹാംബെൽ അന്ന് പ്രശസ്തിയുടെ കൊടുമുടിയിലായിരുന്നു. എന്നാൽ അതിലൊന്നും


അലക്സാണ്ടർ ഗ്രഹാംബെൽ



ഇൻഡക്ഷൻ ബാലൻസ് സംവിധാനം ഉപയോഗിച്ചുള്ള പരിശോധന



ഭ്രമിച്ചു പോകാതെ തന്റെ കൊച്ചുവസതിയിൽ പുതിയ പരീക്ഷണങ്ങളുമായി ഒതുങ്ങിക്കഴിഞ്ഞുകൂടുകയായിരുന്നു ആ സമയം.

കമ്പിച്ചുറ്റും വൈദ്യുതിയും ഉപയോഗിച്ച് ശബ്ദത്തെ പ്രക്ഷേപണം ചെയ്യുന്ന ഉപകരണമാണ് ടെലിഫോൺ എന്നറിയാമല്ലോ. ശബ്ദത്തെ വൈദ്യുതിയും വൈദ്യുതിയെ തിരിച്ചു വീണ്ടും ശബ്ദവുമായി മാറ്റിയെടുക്കാൻ കഴിഞ്ഞപ്പോൾ ദൂരഭാഷണത്തിനുള്ള ഈ ഉപകരണം ഉണ്ടായി.

ഈ പരീക്ഷണത്തിന്റെ തുടർച്ചയായി മറ്റൊരു പരീക്ഷണം ആരംഭിച്ചത് ആയിടെയായിരുന്നു. അതിനായി ടെലിഫോണിന്റെ പ്രവർത്തന സംവിധാനത്തിൽ ചെറിയൊരു മാറ്റം വരുത്തുകയായിരുന്നു. ഇതിനായി ഒരേ പോലുള്ള രണ്ടു കമ്പിച്ചുറ്റുകൾ അടുത്തടുത്തു വച്ചു. ആദ്യത്തേതിനെ ഒരു ബാറ്ററിയുമായും രണ്ടാമത്തേതിനെ ശബ്ദസ്വീകരണിയുമായി ബന്ധിപ്പിച്ചു. ഇരു കമ്പിച്ചുറ്റുകൾക്കുമിടയിൽ ലോഹഭാഗവും അലോഹഭാഗവും മാറിമാറി വച്ച് പരീക്ഷിച്ചു. വൈദ്യുതി പരിപഥം പൂർത്തിയായപ്പോൾ ഒരു കാര്യം വ്യക്തമായി. ലോഹഭാഗം വച്ചപ്പോൾ മാത്രം സ്വീകരണിയിൽ ഒരു 'കര കര' ശബ്ദം കേൾക്കാൻ കഴിഞ്ഞു. അലോഹഭാഗം വച്ചപ്പോഴൊന്നും ആ ശബ്ദം ഉണ്ടായില്ല.

വളർത്തുമൃഗങ്ങളുടെയും മറ്റും ശരീരത്തിൽ കമ്പിയും ആണിയും മറ്റും തുളച്ചു കയറാറുണ്ട്. ആഴത്തിൽ തുളച്ചുകയറി അപ്രത്യക്ഷമാകുന്ന ഇത്തരം ലോഹഭാഗങ്ങൾ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത്തരം ലോഹഭാഗങ്ങൾ കണ്ടെത്താൻ ബെൽ തന്റെ ഇൻഡക്ഷൻ ബാലൻസ് ഉപയോഗിക്കാൻ തുടങ്ങി. ശ്രമം വിജയിച്ചതോടെ ഉപകരണം മെറ്റൽ ഡിറ്റക്ടർ എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി. വീട്ടിലും നാട്ടിലും ഈ ഉപകരണം പ്രസിദ്ധമായി.

അങ്ങനെ പരീക്ഷണങ്ങളുമായി കഴിഞ്ഞു പോകവേ അടുത്ത ദിവസത്തെ പത്രവാർത്ത അദ്ദേഹത്തെ ഏറെ ചിന്തിപ്പിച്ചു. പ്രസിഡന്റ് ഗാർഫീൽഡിനു വെടിയേറ്റ വാർത്തയായിരുന്നു അത്. വാഷിങ്ടൺ റെയിൽവേ സ്റ്റേഷനിൽ വച്ചാണ് സംഭവം.

(വെടിയേറ്റു മരിച്ച 4 അമേരിക്കൻ പ്രസിഡന്റുമാരിൽ രണ്ടാമത്തെ ആളാണ് ഗാർഫീൽഡ്. 1865 ൽ ഏബ്രഹാം ലിങ്കൺ, 1881 ൽ ഗാർഫീൽഡ്, 1901 ൽ മക്കിൻലി, 1963 ൽ ജോൺ എഫ് കെന്നഡി)

ആ വർഷം ജൂലൈ രണ്ടിനാണ് സംഭവം. മാതൃവിദ്യാലയത്തിലെ ഒരു പരിപാടിയിൽ പങ്കെടുക്കാൻ തീവണ്ടി കാത്തുനിൽക്കുകയായിരുന്നു പ്രസിഡന്റ്. നട്ടെല്ലിനെ തൊടാതെ ഇടുപ്പുഭാഗത്തെവിടെയോ വെടിയുണ്ട തുളഞ്ഞു കയറുകയായിരുന്നു. ജീവന് തത്കാലം


Photo : Moffett tStudio

ഭീഷണിയില്ലായിരുന്നു, പക്ഷേ വെടിയുടെ സ്ഥാനം കൃത്യമായി കണ്ടെത്താതെ ചികിത്സ വിജയിപ്പിക്കാൻ പ്രയാസമുണ്ടായി. എക്സ്റേ അന്നു കണ്ടുപിടിച്ചിട്ടില്ല. മുറിവിലൂടെ വിരലിട്ട് ഉണ്ടയുടെ സ്ഥാനം കണ്ടെത്താനുള്ള ശ്രമം നടന്നുകൊണ്ടിരുന്നു. അതു പക്ഷേ വിജയിച്ചില്ല.

പ്രസിഡന്റിന്റെ ആരോഗ്യനിലയെ കുറിച്ച് ഓരോ ദിവസവും വന്നുകൊണ്ടിരുന്ന വാർത്തകൾ ബോസ്റ്റണിലെ വീട്ടിലിരുന്നുകൊണ്ട് ശാസ്ത്രജ്ഞൻ ശ്രവിക്കുന്നുണ്ടായിരുന്നു. തന്റെ ഉപകരണം മനുഷ്യനിൽ പരീക്ഷിക്കാനും പ്രസിഡന്റിന്റെ വിലപ്പെട്ട ജീവൻ രക്ഷിക്കാനും കിട്ടിയ അസുലഭ സന്ദർഭമായി അദ്ദേഹം അതിനെ കണ്ടു. തുടർന്ന് ഉപകരണവുമായി രാജ്യത്തെ പ്രഥമ പൗരൻ കിടക്കുന്ന ആശുപത്രിയിലെത്തി.

ടെലിഫോൺ കണ്ടുപിടിച്ചതിന്റെ പേരിൽ ലോകമാകെ ആദരിക്കുന്ന മഹാവ്യക്തിയല്ലെ, പരീക്ഷണം നടത്താൻ ഉടൻ അനുമതി കിട്ടി. മുറിവേറ്റഭാഗത്തിന് അടിയിലും മുകളിലുമായി പ്രവർത്തിക്കുന്ന രീതിയിൽ അദ്ദേഹം ഉപകരണ സംവിധാനത്തെ ബന്ധിപ്പിച്ചു കാത്തിരുന്നു.

പക്ഷേ, പരീക്ഷണം പലതവണ ആവർത്തിച്ചിട്ടും പ്രതീക്ഷിച്ച ശബ്ദം മാത്രം കേട്ടില്ല. പരീക്ഷണം പരാജയപ്പെട്ടന്നർഥം. പക്ഷേ, പിൻമാറാൻ തയ്യാറല്ലായിരുന്നു. പാളിച്ച എവിടെയാണെന്നു
കൃത്യമായി കണ്ടെത്തി അതു തീർത്ത് പരീക്ഷണം ആവർത്തിക്കാൻ അല്പം കൂടി സമയം വേണമായിരുന്നു.



ജെയിംസ് ഗാർഫീൽഡ്
Photo : part of Brady-Handy Photograph Collection

**പ്രസിഡന്റിന്റെ ആരോഗ്യനിലയെ കുറിച്ച് ഓരോ ദിവസവും വന്നുകൊണ്ടിരുന്ന വാർത്തകൾ ബോസ്റ്റണിലെ വീട്ടിലിരുന്നുകൊണ്ട് ശാസ്ത്രജ്ഞൻ ശ്രവിക്കുന്നുണ്ടായിരുന്നു. തന്റെ ഉപകരണം മനുഷ്യനിൽ പരീക്ഷിക്കാനും പ്രസിഡന്റിന്റെ വിലപ്പെട്ട ജീവൻ രക്ഷിക്കാനും കിട്ടിയ അസുലഭ സന്ദർഭമായി അദ്ദേഹം അതിനെ കണ്ടു. തുടർന്ന് ഉപകരണവുമായി അദ്ദേഹം ആശുപത്രിയിലെത്തി.**

നിർഭാഗ്യവശാൽ അതിന് അദ്ദേഹത്തിന് അവസരമുണ്ടായില്ല. ഉപകരണം അഴിച്ച് പരിശോധന ആരംഭിക്കാനിരിക്കെ വീട്ടിൽ നിന്ന് ഒരു അടിയന്തിര സന്ദേശം ശാസ്ത്രജ്ഞനെ തേടിവരുന്നു. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് പൂർണ ഗർഭിണിയായ സഹധർമിണിയെ ആശുപത്രിയിൽ അഡ്മിറ്റു ചെയ്തിരിക്കുന്നു. ഉടനെ സ്ഥലത്തെത്തിയേ തീരൂ. പരീക്ഷണം മാറ്റിവച്ച് അദ്ദേഹം തീവണ്ടി കയറി.

മൂന്നാഴ്ച കഴിഞ്ഞ് പത്രം നോക്കിയപ്പോൾ പ്രസിഡന്റിന്റെ മരണവാർത്ത കണ്ട് ഞെട്ടി. സെപ്റ്റംബർ മധ്യത്തോടെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. അണുബാധമൂലം മുറിവ് പഴുത്തുണ്ടായ സങ്കീർണ പ്രശ്നങ്ങളായിരുന്നു മരണകാരണം. അണുബാധയുണ്ടാക്കിയതോ, പ്രസിഡന്റിനെ ചികിത്സിച്ച ഡോക്ടർമാരും. കൈകളോ ഉപകരണങ്ങളോ അണുമുക്തമാക്കാൻ അവർ തീരെ ശ്രദ്ധിച്ചിരുന്നില്ല. അറിയാത്തതുകൊണ്ടല്ല. ഏതാനും വർഷങ്ങൾ മുമ്പുതന്നെ ബ്രിട്ടീഷു ഡോക്ടറായ ജോസഫ് ലിസ്റ്റർ അണുനശീകരണം (സ്റ്റെറിലൈസേഷൻ ) നടത്തുന്നതിന്റെ പ്രാധാന്യം കണ്ടെത്തിയിരുന്നു. എന്നുമാത്രമല്ല, അമേരിക്കയിൽ എത്തി ആശുപത്രികൾ സന്ദർശിച്ച് അദ്ദേഹം ആ വിഷയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോക്ടർമാർക്ക് ക്ലാസ്സും നൽകിയിരുന്നു. എന്നാൽ പ്രസിഡന്റിനെ ചികിത്സിച്ച ഡോക്ടർമാരുടെ തലവനായിരുന്ന ഡോ. വില്ലാഡ് ബ്ലിസിന്, ലിസ്റ്ററിന്റെ കണ്ടുപിടുത്തത്തോട് പരമ പുച്ഛമായിരുന്നു. വിലപ്പെട്ട ഒരു ജീവനാണ് അതുമൂലം നഷ്ടപ്പെട്ടത്.

പ്രസിഡന്റിന്റെ മരണം ഗ്രഹാംബെല്ലിനെ ഏറെ വിഷമിപ്പിച്ചു. തന്റെ ഉപകരണം പരാജയപ്പെട്ടത് എന്തുകൊണ്ടാണെന്നു കണ്ടെത്തിയേ അടങ്ങൂ എന്ന് അദ്ദേഹത്തിനു വാശിയായി. തുടർന്ന് അദ്ദേഹം ആശുപത്രിയിൽ തിരിച്ചെത്തി രോഗി കിടന്ന കട്ടിലും മറ്റും വിശദമായി പരിശോധിച്ചു. പരാജയകാരണം ആ കട്ടിലിൽ തന്നെ ഉണ്ടായിരുന്നു. കട്ടിലിന്റെ അടിഭാഗത്തു വിരിച്ച പായിൽ ലോഹഭാഗങ്ങൾ ഉണ്ടായിരുന്നു എന്ന്



ആദ്യകാല മെറ്റൽ ഡിറ്റക്റ്റർ

അദ്ദേഹം കണ്ടെത്തി. വെടിയുണ്ട തറച്ച ഭാഗം ഡിറ്റക്റ്ററിന്റെ ഇരുചുറ്റുകൾക്കുമിടയിൽ വരത്തക്കവിധം ഉപകരണം ഘടിപ്പിച്ചപ്പോൾ കട്ടിലിന്റെ ലോഹഭാഗം അതിന്റെ പ്രവർത്തനത്തിൽ ഇടപെട്ടതായി തുടർന്നു നടത്തിയ നിരീക്ഷണങ്ങളിൽ നിന്നു മനസ്സിലായി. ഉപകരണം പണിമുടക്കിയതിന് അതായിരുന്നു കാരണം.

ആശുപത്രിയല്ലേ, വെടിയേറ്റ് ചികിത്സയ്ക്കെത്തുന്നവർ വേറെയുമുണ്ടാകുമല്ലോ. അവരിലെല്ലാം പരീക്ഷണം വിജയകരമായി ആവർത്തിച്ച് ഡോക്ടർമാരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു.

തുടർന്ന് കണ്ടുപിടുത്തത്തിന്റെ വിശദമായ നാൾവഴികൾ പ്രബന്ധരൂപത്തിലാക്കി അടുത്ത വർഷം (1882) അത് അമേരിക്കയിലെ പ്രമുഖ ശാസ്ത്രസമിതിയുടെ സമ്മേളനത്തിൽ അവതരിപ്പിച്ച് ശാസ്ത്രലോകത്തിന്റെ അംഗീകാരം നേടി.

ബെല്ലിന്റെ ഈ ആദ്യകാല മെറ്റൽ ഡിറ്റക്റ്റർ പിന്നീട് പല മാറ്റങ്ങൾക്കും വിധേയമായി. എ സി കറന്റ് കണ്ടെത്തിയതോടെ ഉപയോഗം കൂടുതൽ സുഗമമായി. ഇലക്ട്രോണിക് യുഗപ്പിറവിയോടെ പിന്നെയും മാറ്റങ്ങൾ ഉണ്ടായി. അത് എന്തായാലും മനുഷ്യശരീരത്തിനകത്തു കടന്നുകൂടിയ ലോഹഭാഗങ്ങളെ വേദന അറിയാതെ കണ്ടെത്തുന്നതിന് അദ്ദേഹം അന്നു കണ്ടെത്തിയ പ്രേരിത സന്തുലന ഉപകരണം തന്നെയാണ് എല്ലാറ്റിനും അടിസ്ഥാനമായി പ്രവർത്തിക്കുന്നത്.

## ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിച്ചു

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2019 വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിച്ചു. 2016, 2017, 2018 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച ബാലസാഹിത്യ കൃതികൾക്കാണ് പുരസ്കാരം നൽകുന്നത്. 20,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

കഥ/ നോവൽ, കവിത, നാടകം, വിവർത്തനം/ പുനരാഖ്യാനം, ശാസ്ത്രം, വൈജ്ഞാനികം (ശാസ്ത്രം ഒഴികെ), ജീവചരിത്രം/ ആത്മകഥ, ചിത്രീകരണം, ചിത്രപുസ്തകം, പുസ്തക ഡിസൈൻ/ പ്രൊഡക്ഷൻ എന്നിങ്ങനെ 10 വിഭാഗങ്ങളിലാണ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ കൃതികൾ അതേ വിഭാഗത്തിൽ വീണ്ടും പരിഗണിക്കില്ല. അവർക്ക് മറ്റ് വിഭാഗങ്ങളിലേക്ക് കൃതികൾ അയക്കാം.

പുസ്തകത്തിന്റെ നാല് പ്രതികൾ വീതം **ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം 34** എന്ന വിലാസത്തിൽ ആഗസ്റ്റ് അഞ്ചിന് മുമ്പായി ലഭിക്കണം.

# ഹൃദയത്തെ വെടിപ്പാക്കുക

ഉല്ലല ബാബു

വിജയലക്ഷ്മി പണ്ഡിറ്റ്– മോത്തിലാൽ നെഹ്റുവിന്റെ മകൾ. ജവഹർലാൽ നെഹ്റുവിന്റെ സഹോദരി. ഇന്ത്യയിലെ ആദ്യത്തെ വനിതാമന്ത്രി. ഐക്യരാഷ്ട്രസഭയിലേക്ക് പ്രതിനിധി സംഘത്തെ നയിച്ച ആദ്യ വനിത. യു എൻ പൊതുസഭയുടെ അധ്യക്ഷസ്ഥാനം അലങ്കരിച്ച ആദ്യ വനിത. ലോകത്തെ ആദ്യവനിതാ സ്ഥാനപതി. ഇങ്ങനെ പല വിശേഷണങ്ങൾ വിജയലക്ഷ്മി പണ്ഡിറ്റിന് ചേരും.

രഞ്ജിത്ത് പണ്ഡിറ്റ് ആയിരുന്നു വിജയലക്ഷ്മിയുടെ ഭർത്താവ്. ആ വിവാഹജീവിതം അധികകാലം നീണ്ടുനിന്നില്ല. വിജയലക്ഷ്മിക്ക് കേവലം നാൽപ്പത്തിനാല് വയസ്സുള്ളപ്പോൾ ഭർത്താവ് മരിച്ചു. പിന്നീടങ്ങോട്ട് അവരുടെ ജീവിതം ദുസ്സഹമായിരുന്നു. ഭർത്താവിന്റെ സ്വത്തിൽ നിന്ന് അവർക്കോ മക്കൾക്കോ ഒന്നും നൽകിയില്ല. ഇത് അവരെ വല്ലാതെ വേദനിപ്പിച്ചു. എങ്കിലും ജീവിതത്തിനുമുമ്പിൽ അവർ തളർന്നില്ല. കുട്ടികളെ ഒക്കെ പഠിപ്പിച്ചു മിടുക്കരാക്കി. ഭർത്താവിന്റെ വീട്ടുകാരോടുള്ള അമർഷവും അരിശവും അവരുടെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്നു.

ആയിടയ്ക്ക് അമേരിക്കയിലെ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്യാനുള്ള അവസരം അവർക്ക് ലഭിക്കുകയുണ്ടായി. പോകുന്നതിനു മുമ്പ് മഹാത്മാഗാന്ധിയുടെ അനുഗ്രഹം തേടി അവർ അദ്ദേഹത്തിന്റെ അടുക്കലെത്തി. ഭർത്താവിന്റെ വീട്ടുകാരുമായി അവർക്കുണ്ടായിരുന്ന പിണക്കത്തെക്കുറിച്ചു ഗാന്ധിജിക്ക് നന്നായി അറിയാമായിരുന്നു. അവരോട് ഇപ്പോഴും ശത്രുതാമനോഭാവത്തോടെയാണോ പെരുമാറുന്നതെന്ന് ഗാന്ധിജി അന്വേഷിച്ചു. അതേ എന്ന ഭാവത്തിൽ വിജയലക്ഷ്മി പണ്ഡിറ്റ് തലയാട്ടി. യാത്ര പറയാനെങ്കിലും അവിടെ പോയിരുന്നോ എന്നായി ഗാന്ധിജി. അതിന് കണ്ണടയ്ക്കൽ മാത്രമായിരുന്നു മറുപടി.

ഒരു മന്ദഹാസത്തോടെ ഗാന്ധിജി പറഞ്ഞു. ''സത്യത്തിൽ നിങ്ങൾ മാത്രമാണ് നിങ്ങളെ ദ്രോഹിക്കുന്നത്. നിങ്ങളുടെ ഉള്ളു മുഴുവൻ വൈരാഗ്യവും അമർഷവും നിറഞ്ഞിരിക്കുകയാണ്. അത് നിങ്ങൾ നീക്കുക. അല്ലെങ്കിൽ നിങ്ങൾ നിങ്ങളോടുതന്നെ ചെയ്യുന്ന ദ്രോഹമായിരിക്കും. ഉള്ളിൽ വിദ്വേഷവും പകയും വച്ചുകൊണ്ടിരുന്നാൽ നിങ്ങൾക്കെങ്ങനെ വിദേശത്ത് സ്വസ്ഥത കിട്ടും? എങ്ങനെ സന്തോഷം കണ്ടെത്തും? വിനയമുണ്ടാകുക. അഹന്തയും പൊങ്ങച്ചവും മാറ്റിവയ്ക്കുക. നിങ്ങളുടെ പ്രിയപ്പെട്ടവൻ നഷ്ടപ്പെട്ടതു ശരിതന്നെ. അതിന്റെ കൂടെ കൂടുതൽ ദുഃഖവും വരുത്തിവയ്ക്കണോ? ഹൃദയത്തെ വെടിപ്പാക്കുക. അതിനുള്ള കരുത്താർജിക്കുക.''

ഈ വാക്കുകൾ ഒരു പുനർചിന്തനത്തിന് വഴിയൊരുക്കി. ഒട്ടും താമസിയാതെ ഭർത്തൃവീട്ടുകാരുമായി അവർ യോജിപ്പിലെത്തി. ഹൃദയത്തിൽ നിന്ന് വലിയൊരു ഭാരം ഇറക്കിവച്ച ഒരനുഭൂതി അവർക്കു ലഭിച്ചു.



വര: ആശ ആർ

# പുരസ്കാര നിറവിൽ...



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും നൂറ്റിയമ്പതോളം പുസ്തകങ്ങളുടെ രചയിതാവുമായ ശ്രീ പള്ളിയറ ശ്രീധരൻ മികച്ച ബാലസാഹിത്യ കൃതിക്കുള്ള അബുദാബി ശക്തി അവാർഡിന് അർഹനായി. 'കഥയല്ല, ജീവിതം തന്നെ' എന്ന പുസ്തകത്തിനാണ് അവാർഡ് ലഭിച്ചത്.

## ഭീമ അവാർഡ് 'വനയാത്ര' യ്ക്ക്



ആർ വിനോദ്കുമാർ



ഡോ. ആർ ജയകുമാരി




ഇരുപത്തിയൊമ്പതാമത് ഭീമ ബാലസാഹിത്യ അവാർഡ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'വനയാത്ര' എന്ന നോവലിന് ലഭിച്ചു. തിരുവനന്തപുരം ഗവ. വിമൻസ് കോളജ് മുൻ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. ആർ ജയകുമാരിയും തിരുവനന്തപുരം കാലടി സ്വദേശി ആർ വിനോദ് കുമാറും ചേർന്നാണ് 'വനയാത്ര' എന്ന പുസ്തകം രചിച്ചത്. 70,000/- രൂപയാണ് അവാർഡ് തുക.

# ബഷീറിന്റെ ആദ്യത്തെ കഥാരചന

**ജോസഫ് പനയ്ക്കൽ**

വൈകിയാണ് ബഷീർ ഉണർന്നത്. പുസ്തകം വായിച്ചുവായിച്ചിരുന്ന് തലേന്നു രാത്രി ഉറങ്ങിയത് അർധരാത്രി കഴിഞ്ഞായിരുന്നു. കിടന്ന പായ ചുരുട്ടി മുറിയുടെ മൂലയിൽ ചാരിവച്ചു. തലയണയില്ല. പുറത്തുപോയി മുഖവും കൈയും കഴുകി വന്നപ്പോൾ ഒരു ചൂടുചായ കുടിക്കണമെന്നാഗ്രഹിച്ചു. പക്ഷേ, ഹോട്ടലുകാരൻ സാമിക്ക് ഇപ്പോൾ തന്നെ കാണുമ്പോൾ മുഖം തെളിയാറില്ലല്ലോ എന്നോർത്തു. ചായയും ഊണും കടംതരുന്നതിന്റെ പറ്റുകണക്ക് കൂടിക്കൂടി വരുന്നതിലുള്ള അതൃപ്തിയാണ്. എങ്കിലും ചെന്നാൽ തരാതിരിക്കില്ല. സാമി നല്ല മനുഷ്യനാണ്.



വര: ടി ആർ രാജേഷ്

എറണാകുളം ഷണ്മുഖം റോഡിനരികിലെ ഒരു ലോഡ്ജിന്റെ അറ്റത്തെ ഒരു മുറി വാടകയ്ക്കെടുത്താണ് താമസിക്കുന്നത്. ഇരിക്കാൻ കസേരയോ ബഞ്ചോ ഇല്ല. മേശയില്ല, കട്ടിലില്ല. ആകെയുള്ളത് ഒരു തകരപ്പെട്ടിയാണ്. വസ്ത്രങ്ങളും അത്യാവശ്യവസ്തുക്കളും കടലാസ്സുകളും അതിലാണ്.

ബ്രിട്ടീഷ് ഭരണത്തിനെതിരായി സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന കാലം. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനുള്ള ആവേശംകൊണ്ട് ഹൈസ്കൂൾപഠനം ഉപേക്ഷിച്ച് കോഴിക്കോട്ടുപോയി ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് പോലീസ് അറസ്റ്റുചെയ്തു. ലോക്കപ്പ് മർദനം അനുഭവിച്ചു. ജയിൽവാസവും.

അതിനുശേഷം പഠനം തുടരാനും നാട്ടിൽ നിൽക്കാനും കഴിയാതെ നാടുവിട്ടു. കറാച്ചിയിലും ബോംബെയിലും ഹൈദ്രാബാദിലും ഡൽഹിയിലുമൊക്കെ അലഞ്ഞുനടന്നു. കൈയിൽ പൈസയൊന്നുമില്ലാതെയാണ് സഞ്ചാരം. ജീവിക്കാൻ വേണ്ടി പല വേഷങ്ങൾ കെട്ടി. തെരുവ് മാജിക്കുകാരൻ, പാചകക്കാരൻ, ഹോട്ടൽ പണിക്കാരൻ. അതിനി

ടയിൽ വിരസതയും വിഷമതകളും അകറ്റാൻ കിട്ടിയ പുസ്തകങ്ങൾ വായിച്ചു.

പല ഭാഷകൾ കേട്ടു. പല തരം വേഷങ്ങൾ കണ്ടു. പല മത വിശ്വാസികളെ പരിചയപ്പെട്ടു. പലവിധ ആചാരങ്ങൾ കണ്ടു. വൈവിധ്യമാർന്ന അനേകം സംസ്കാരങ്ങൾക്കിടയിലൂടെ കടന്നുപോയി. എല്ലാവരെയും സ്നേഹിച്ചു. വൈവിധ്യങ്ങളും വൈചിത്ര്യങ്ങളും നിറഞ്ഞ, നല്ലതും ചീത്തയുമായ ഒരു പാട് അനുഭവങ്ങളും അറിവുകളും കൊണ്ടു സമ്പന്നമായ ഒരു മനസ്സിന്റെ ഉടമയായാണ് ജന്മദേശമായ വൈക്കം തലയോലപ്പറമ്പിലെത്തിയത്.

അപ്പോഴേക്കും ബഷീർ വിശാലമായ പ്രാപഞ്ചിക വീക്ഷണവും സ്വതന്ത്രചിന്തയും പ്രകൃതിസ്നേഹവും മാനവീയ കാഴ്ചപ്പാടുമുള്ള ഒരു യുവാവായി മാറിയിരുന്നു. എങ്കിലും തൊഴിലും വരുമാനവുമില്ലാതെ വീട്ടിൽ വാപ്പയെ ആശ്രയിച്ചു കഴിയാൻ ഇഷ്ടപ്പെട്ടില്ല. സ്വാതന്ത്ര്യത്തോടെ ജീവിക്കണം. അതിന് എന്തെങ്കിലുമൊരു ജോലി തേടിപ്പിടിക്കണം. അതിനുവേണ്ടിയാണ് എറണാകുളത്തുവന്ന് ലോഡ്ജ് മുറി വാടകയ്ക്കെടുത്ത് താമസമാക്കിയത്.

അവിടെ അനേകം സുഹൃത്തുക്കളെ നേടാൻ അനായാസം കഴിഞ്ഞെങ്കിലും ഒരു ജോലി സമ്പാദിക്കൽ അത്ര എളുപ്പമായിരുന്നില്ല. കൈയിൽ കരുതിവച്ച കാശെല്ലാം തീർന്നു. സാമിയുടെ ഹോട്ടലിൽ നിന്നാണ് ആദ്യം മുതലേ ഊണും ചായയും. കാശു തീർന്നപ്പോൾ കടംപറ്റലായി. എന്നിട്ടും പ്രത്യാശയോടെ കനിവറ്റ ലോകത്തിന്റെ മുഖത്തുനോക്കി ബഷീർ പുഞ്ചിരിച്ചു. മനസ്സു തളരുന്നുവെന്ന് തോന്നുമ്പോൾ കൈവശമുള്ള പുസ്തകം എടുത്തു വായിക്കും. കഥകളും തത്വചിന്തകളുമാണ് ഇഷ്ടം. യാത്രകൾക്കിടയിൽ വാങ്ങിയ കുറച്ചു പുസ്തകങ്ങളാണ് ശേഷിക്കുന്ന സമ്പാദ്യം.

**അപ്പോഴേക്കും ബഷീർ വിശാലമായ പ്രാപഞ്ചിക വീക്ഷണവും സ്വതന്ത്രചിന്തയും പ്രകൃതിസ്നേഹവും മാനവീയ കാഴ്ചപ്പാടുമുള്ള ഒരു യുവാവായി മാറിയിരുന്നു. എങ്കിലും തൊഴിലും വരുമാനവുമില്ലാതെ വീട്ടിൽ വാപ്പയെ ആശ്രയിച്ചു കഴിയാൻ ഇഷ്ടപ്പെട്ടില്ല. സ്വാതന്ത്ര്യത്തോടെ ജീവിക്കണം.**

അതെല്ലാം മുറിയിൽ ഭിത്തിയോടു ചേർത്ത് നിലത്ത് ഒരു പത്രക്കടലാസ്സിൽ അടുക്കി വച്ചിട്ടുണ്ട്.

അന്നും കുളിച്ച് കഴുകി ഉണക്കിയ മുണ്ടും ഷർട്ടും ഭേഷായി ധരിച്ച് സുന്ദരനായി പുറത്തിറങ്ങി. അടുത്തുതന്നെയുള്ള സാമിയുടെ ഹോട്ടലിൽ നിന്ന് രണ്ടുദോശയും ഒരു ചായയും കഴിച്ച് പറ്റെഴുതി അദ്ദേഹം ജോലിയന്വേഷിച്ചിറങ്ങി. സ്നേഹനിധിയായ സൂര്യന്റെ വെളിച്ചവും ചൂടും ഉദാരമായി ചൊരിഞ്ഞനുഗ്രഹിച്ചു. വഴിയോര വൃക്ഷങ്ങൾ ശീതളഛായ വിരിച്ചുകൊടുത്തു. കായൽക്കാറ്റു വന്നു സ്നേഹത്തോടെ തലോടി. അതെല്ലാം ആസ്വദിച്ചങ്ങനെ നടക്കുമ്പോൾ ഒരു ചെറിയ ബോർഡ് കണ്ടു.

'ജയകേസരി പത്രം' ഓഫീസ്. കൊള്ളാമല്ലോ. ഒന്നു കേറിനോക്കിയാലോ? ബോംബെയിൽ വച്ച് കുറച്ചുനാൾ ഒരിംഗ്ലീഷ് പത്രമാപ്പീസിൽ സഹായിയായി പണിയെടുത്തിട്ടുള്ള പരിചയമുണ്ട്. പിന്നെ സംശയിച്ചുനിന്നില്ല. നേരേ കയറിച്ചെന്നു.

ഒരു ചെറിയ ഓടിട്ടകെട്ടിടം. മുറിയിൽ ഒരാൾ മേശയ്ക്കരികെയിരുന്ന് എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. സുമുഖനും ശാന്തപ്രകൃതിയുമുള്ള ഒരു മുപ്പത്തഞ്ചുകാരൻ. നെറ്റിയിൽ ചന്ദനം, ഗോപിക്കുറി. അത് ജയകേസരി പത്രാധിപർ പത്മനാഭ പൈയാണ്. അദ്ദേഹം തലനിവർത്തി സൗമ്യമായി പുഞ്ചിരിച്ച് ആഗതനെ സ്വീകരിച്ചിരുത്തി.

''എന്തിനാണാവോ വന്നത്?'' സവിനയം അദ്ദേഹം ആരാഞ്ഞു.

ബഷീർ ഒന്നു പുഞ്ചിരിച്ച് വിനയപൂർവം സ്വയം പരിചയപ്പെടുത്തി. ബോംബെയിലും ഡൽഹിയിലുമൊക്കെ സഞ്ചരിച്ചലഞ്ഞതിനെക്കുറിച്ചും ഒരു ഇംഗ്ലീഷ് പത്രമാപ്പീസിൽ കുറച്ചുനാൾ ജോലി ചെയ്ത പരിചയത്തെക്കുറിച്ചുമെല്ലാം പറഞ്ഞു. പത്മനാഭ പൈ എല്ലാം സകൗതുകം കേട്ടു.

''എനിക്കിവിടെ എന്തെങ്കിലുമൊരു ജോലി തരാമോ?'' ബഷീർ വിനയത്തോടെ അഭ്യർഥിച്ചു.

പത്മനാഭ പൈ ഹൃദ്യമായൊന്നു ചിരിച്ചു. എന്നിട്ട് സ്വരം താഴ്ത്തി പറഞ്ഞു.

''ഈ പത്രമാപ്പീസില് ഞാൻ മാത്രമേ ഒരു ജോലിക്കാരനായുള്ളൂ. പത്രമുടമയും പത്രാധിപരും ഞാൻ തന്നെ. പ്രൂഫ് നോട്ടവും എഴുത്തുകാരനും വിതരണവും ഞാൻതന്നെ. ഓഫീസ് പ്യൂണും, അടിച്ചുവാരൽക്കാരനും ഞാൻ തന്നെ. ഇനി മറ്റൊരാൾക്ക് എന്തുജോലി നൽകും? അതിനൊള്ള വരുമാനം കൂടി വേണമല്ലോ?''

പത്മനാഭ പൈ എന്ന ജയകേസരി പത്രാധിപരെ ബഷീർ അത്ഭുതസ്തബ്ധനായി നോക്കി നിശ്ശബ്ദനായി. ഇനി ഒന്നും പറയാനില്ല. ഇറങ്ങിപ്പോകാം എന്നു വിചാരിക്കെ പത്രാധിർ ചോദിച്ചു.

''ആട്ടെ, താങ്കൾക്കു കഥയെഴുതാവോ?''

വീഴാൻ പോകുന്നവന് ഒരു പിടിവള്ളി തടഞ്ഞതുപോലെ ബഷീർ പറഞ്ഞു.

''ഓ, കഥയെഴുതാമല്ലോ.''

''എന്നാ ഒരു കഥയെഴുതി

കൊണ്ടരൂ...'' പത്മനാഭ പൈ പുഞ്ചിരിയോടെ പറഞ്ഞു.

ആശ്വാസത്തോടെ നന്ദിപറഞ്ഞ് ബഷീർ ഇറങ്ങി. എന്നാൽ യഥാർഥത്തിൽ ബഷീർ അതുവരെ കഥയൊന്നും എഴുതിയിരുന്നില്ല. കഥകൾ ധാരാളം വായിക്കാറുണ്ട്. കഥയെഴുതണമെന്നു തീവ്രമായി മോഹിച്ച് ചിലതൊക്കെ കുത്തിക്കുറിച്ചു നോക്കിയിട്ടുണ്ട്. പക്ഷേ, ഒന്നും മുഴുവനായില്ല. എഴുതിയതൊന്നും തൃപ്തിയായി തോന്നിയില്ല. എങ്കിലും കഥയെഴുതണമെന്ന ഒരു ഭ്രമം ഉള്ളിലുണ്ട്. മുമ്പ് ചില കുറിപ്പുകളും ചെറുലേഖനങ്ങളുമെഴുതി ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

ഇനിയിപ്പോൾ ജീവിതത്തിൽ പിടിച്ചുനിൽക്കണമെങ്കിൽ എങ്ങനെയെങ്കിലും ഒരു കഥ പടച്ചുണ്ടാക്കിയേ പറ്റൂ.

ലോഡ്ജ്മുറിയിൽ തിരിച്ചെത്തിയ ബഷീർ തന്റെ തകരപ്പെട്ടിയിൽ സൂക്ഷിച്ച, മുമ്പെഴുതിയ കടലാസുകൾ എടുത്തു കുത്തിയിരുന്നു വായിച്ചുനോക്കി. സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നു രൂപപ്പെടുത്തിയ സംഗതികളാണ് അവയിലുള്ളത്. അനുഭവങ്ങളെ അതേപടി എഴുതിയാൽ കഥ നന്നാവില്ലെന്നു തോന്നി. ലേഖനമെഴുതാൻ പ്രയാസമില്ല. അതുപോലെയല്ല കഥാരചന. ആശയത്തെ ഉള്ളിലൊളിപ്പിച്ച് സംഭവത്തെ ഔചിത്യത്തോടെ ആവിഷ്കരിക്കണം. കഥാപാത്രങ്ങളുടെ വൈകാരിക ഭാവങ്ങളും കാഴ്ചപ്പാടുകളും ആഖ്യാനത്തിലൂടെ പ്രകടമാക്കണം. പാത്രസൃഷ്ടി മിഴിവുള്ളതാകണം. സങ്കീർണമായ രചനാതന്ത്രങ്ങൾ ആവശ്യമാണ്. വാക്കുകൾ സൂക്ഷ്മതയോടെ പ്രയോഗിക്കണം. അത്ര എളുപ്പമുള്ള കാര്യമല്ല. കുറേ ബുദ്ധിമുട്ടിയിട്ടാണെങ്കിലും ഒരു കഥയെഴുതിയൊപ്പിക്കാതെ പറ്റില്ല. പത്മനാഭ പൈക്ക് കഥയിഷ്ടപ്പെടുകയും വേണം.

മുമ്പെഴുതിയവയിലൊന്ന് കുറേ മാറ്റം വരുത്തി തിരുത്തിയെഴുതി മുഴുമിപ്പിച്ചാൽ തരക്കേടില്ലാത്ത കഥയാക്കാം എന്നു തോന്നി. കുറച്ചുസമയം അതിനെക്കുറിച്ചാലോചിച്ചും സങ്കല്പിച്ചും ഇരുന്നു. പിന്നെ നിലത്തിരുന്ന് തകരപ്പെട്ടിമേൽ കടലാസുവച്ച് എഴുതാൻ തുടങ്ങി. കുറേ എഴുതിക്കഴിഞ്ഞ് അതുവായിച്ച് വാക്കുകളും വാചകവുമൊക്കെ വെട്ടിയും തിരുത്തിയും പകർത്തിയെഴുതിയും കഥയെഴുത്ത് മുന്നോട്ടു കൊണ്ടുപോയി. രണ്ടുദിവസത്തെ പരിശ്രമംകൊണ്ട് കഥ പൂർത്തിയാക്കി. അതു വീണ്ടും വീണ്ടും വായിച്ചുനോക്കി. ചില തിരുത്തലും കൂട്ടിച്ചേർക്കലുമൊക്കെ നടത്തി. അവസാനം അതു പകർത്തിയെഴുതി ജയകേസരി ഓഫീസിൽ കൊണ്ടുപോയി പത്രാധിപരുടെ കൈയിൽ കൊടുത്തു.

എങ്കിലും ബഷീറിന് ഒരു ശങ്ക. പത്മനാഭ പൈക്ക് ഇഷ്ടപ്പെടുമോ? പത്മനാഭ പൈ അപ്പോൾത്തന്നെ കഥ നിവർത്തി മുന്നിൽ വച്ചു വായന തുടങ്ങി. മനസ്സിലൊരു പരിഭ്രമം തോന്നിയ ബഷീർ പുറത്തേക്കിറങ്ങിപ്പോയി. കുറച്ചുനേരം കഴിഞ്ഞ് ഒരു ചായ കുടിച്ച് അല്പം ഉന്മേഷവാനായി തിരിച്ചുചെന്നു. വിടർന്ന മുഖത്തോടും തിളങ്ങുന്ന മിഴികളോടും കൂടി പത്മനാഭ പൈ ബഷീറിനെ കെട്ടിപ്പിടിച്ച് ചിരിച്ചുകൊണ്ടു പറഞ്ഞു.

''കഥ അസ്സലായിട്ട്ണ്ട്ട്ടോ! തകർപ്പൻ കഥ.''

സന്തോഷം കൊണ്ട് ബഷീറിന്റെ മിഴികളിൽ നനവൂറി. തനിക്ക് കഥയെഴുതാൻ കഴിയുമെന്ന് ഒരു പത്രാധിപർ അംഗീകരിച്ചിരിക്കുന്നു. ബഷീറിന് ആത്മവിശ്വാസം തോന്നി.

അടുത്തലക്കം 'ജയകേസരി'യിൽ ബഷീറിന്റെ ആദ്യത്തെ കഥ 'തങ്കം' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു. കഥയുടെ പേര് തങ്കം. കഥയിലെ കഥാനായികയുടെ പേരാണത്. തങ്കംപോലെ തിളങ്ങുന്ന സുന്ദ



**വാതിൽ തുറന്നത് അവിടെ തനിച്ചു താമസിക്കുന്ന തങ്കം. അവൾ കരുണയോടെ അയാളെ അകത്തുകയറ്റിയിരുത്തി. അയാൾ തന്റെ ദയനീയ കഥ പറഞ്ഞു. അതുകേട്ട് അവൾ കരഞ്ഞു. അതുകണ്ട് അയാളും കരഞ്ഞു. പിന്നെ ഇരുവരും ഒരുമിച്ചിരുന്ന് കരഞ്ഞു.**

രിയാണ് കഥാനായിക എന്നു പേരു കേൾക്കുമ്പോൾ തോന്നിയേക്കാം. എന്നാൽ കഥാകൃത്തിന്റെ വിവരണം നോക്കുക.

"കവികളെല്ലാം ചുറ്റും നിന്നു വാഴ്ത്തത്തക്ക ആകാര സൗഷ്ഠവത്തിന്റെയും സൗന്ദര്യസമ്പത്തിന്റെയും സമ്മോഹനമായ സമ്മേളനമാണ് എന്റെ തങ്കം എന്നു നിങ്ങൾ വിശ്വസിച്ചുപോയിട്ടുണ്ടെങ്കിൽ അതൊരു തെറ്റു തന്നെയാണ്. എന്റെ തങ്കത്തിന്റെ നിറം തനി കറുപ്പാണ്. വെള്ളത്തിൽ മുക്കിയെടുത്ത ഒരു തീക്കൊള്ളി. കറുപ്പല്ലാതുള്ള ശരീരഭാഗം കണ്ണിന്റെ വെള്ളമാത്രം. എങ്കിലും ശരീരഘടനയിൽ യുവത്വത്തിന്റെ സുന്ദരശില്പംപോലെയാണ്. തങ്കം എന്റെ പ്രാണനാഥയാണ്. തങ്കത്തിന്റെ പ്രേമവല്ലരി പടർന്നു വളരുന്ന ആ ഏക തേന്മാവാണ് ഞാൻ. പവിത്രമായ തങ്കത്തിന്റെ പ്രേമത്തിനു പാത്രമായ എന്നോട് അല്പം അസൂയയും അനല്പമായ ബഹുമാനവും നിങ്ങൾക്കുണ്ടെന്നെനിക്കറിയാം.''

നർമരസം കലർന്ന ഒരു ആഖ്യാനശൈലി ഈ ആദ്യ കഥയിൽത്തന്നെ ബഷീറിന്റെ അനുഗൃഹീതസിദ്ധിയെ പ്രകാശിപ്പിക്കുന്നു. ആരെയും ആഹ്ലാദിപ്പിക്കുന്ന ഒരു ഹാസ്യഭാവം വിവരണത്തിലുണ്ട്. തുടർന്നു കഥാനായകൻ സ്വന്തം രൂപസൗന്ദര്യത്തെക്കുറിച്ചു പറയുന്നു.

"കാലിനു മുടന്തുണ്ട്. ഉണങ്ങിച്ചുങ്ങിയ വേലിപ്പത്തലുപോലെയാണതിന്റെ സ്ഥിതി. പിന്നെ ചാക്കിൽക്കെട്ടി പുറത്തു തൂക്കിയ ചക്കപോലെ ഒരു കൂനുമുണ്ട്. ശിരോഭാഗമാണെങ്കിൽ മത്തങ്ങപോലെ. കണ്ണുകൾ രണ്ടും ഭിന്നാഭിപ്രായക്കാരും...''

ഇങ്ങനെയുള്ള നായികാനായകന്മാർ തമ്മിലാണ് പ്രേമം. അവർ തമ്മിൽ കണ്ടുമുട്ടിയ അനർഘ മുഹൂർത്തത്തെക്കുറിച്ചു പറയുന്നതിങ്ങനെ.

യാചകനായ കഥാനായകൻ കർക്കടകമാസത്തിലെ കറുത്ത വാവുരാത്രിയിൽ കോരിച്ചൊരിയുന്ന മഴയിൽ ഒരു വലിയ വീടിന്റെ ഉമ്മറത്തൊരു കോണിൽ കയറി ചുരുണ്ടുകൂടിയിരുന്നു. അവിടത്തെ കൊച്ചെജമാനൻ അയാളെ അടിച്ചും ചവിട്ടിയും ഇറക്കിവിട്ടു. ഇരുട്ടിലൂടെ നനഞ്ഞൊലിച്ച് വേച്ചുവേച്ച് നടക്കുമ്പോൾ ഒരു കൊച്ചു ചെറ്റക്കുടിലിനകത്ത് നേർത്ത വെട്ടം കണ്ടു. അയാൾ ആ കുടിലിന്റെ ചെറ്റയിൽ തട്ടിവിളിച്ചു.

വാതിൽ തുറന്നത് അവിടെ തനിച്ചു താമസിക്കുന്ന തങ്കം. അവൾ കരുണയോടെ അയാളെ അകത്തുകയറ്റിയിരുത്തി. അയാൾ തന്റെ ദയനീയ കഥ പറഞ്ഞു. അതുകേട്ട് അവൾ കരഞ്ഞു. അതുകണ്ട് അയാളും കരഞ്ഞു. പിന്നെ ഇരുവരും ഒരുമിച്ചിരുന്ന് കരഞ്ഞു.

ധനികന്റെ മനുഷ്യത്വരാഹിത്യത്തേയും സമാനദുഃഖിതരായ രണ്ടുപേരുടെ മാനസികൈക്യത്തേയുമാണ് ഈ കഥാസന്ദർഭം ദ്യോതിപ്പിക്കുന്നത്.

അങ്ങനെ അവരിരുവരും സസ്നേഹം ഒരുമിച്ചു താമസിക്കുന്നു. കഥ അവസാനിക്കുന്നത് കഥാനായകന്റെ ആഹ്ലാദവചനങ്ങളോടെയാണ്.

"ഞങ്ങളങ്ങനെ കഴിയുകയാണ്... ആനന്ദത്തിന്റെ ആരാമത്തിന്റെ പൂഞ്ചിറകുകൾ വിരുത്തി പാറിപ്പറക്കുന്ന രണ്ടു പൈങ്കിളികളാണു ഞങ്ങൾ.''

"തങ്കം! എന്റെ തങ്കം തനിത്തങ്കം തന്നെയാണ്. മഴവില്ലൊളിയാൽ പൊന്നുടുപ്പിട്ട വസന്തപ്രഭാതമാണവൾ.''

ഈ കഥ വായിച്ചുകഴിയുമ്പോൾ വായനക്കാരന്റെ മനസ്സിലുണ്ടാകുന്ന വെളിച്ചമെന്താണ്? സൗന്ദര്യമെന്നത് ബാഹ്യരൂപത്തിലുള്ളതുമാത്രമല്ല. വൈരൂപ്യത്തിനകത്തും സൗന്ദര്യമുണ്ട്. സ്നേഹവും മനുഷ്യത്വവുമാണ് ആ സൗന്ദര്യം.

ആദ്യകഥയിൽത്തന്നെ ബഷീറിന് ജീവിതത്തെക്കുറിച്ച് ഒരു ദാർശനിക വീക്ഷണം ആവിഷ്കരിക്കാൻ കഴിഞ്ഞു. പ്രതിഭാധനനായ ഒരെഴുത്തുകാരന്റെ പിറവിയായിരുന്നു അത്.

ബഷീറിന്റെ ആദ്യകഥയ്ക്കു പ്രതിഫലമായി പത്മനാഭ പൈ 12 അണ കൊടുത്തു. 16 അണയാണ് ഒരുരൂപ. മുക്കാൽ രൂപ കിട്ടിയപ്പോൾ താനൊരു ധനികനായതു പോലെ ബഷീറിനു തോന്നിയത്രെ. ഒരണ കൊടുത്താൽ ഹോട്ടലിൽനിന്ന് ഒരു ഊണു കിട്ടുന്ന കാലമായിരുന്നു അത്.

പിന്നീട് മലയാള കഥാസാഹിത്യത്തിലെ സുൽത്താൻ എന്ന ബഹുമതി ബഷീർ സ്വന്തമാക്കി. ബാല്യകാലസഖി, പാത്തുമ്മയുടെ ആട്, ശബ്ദങ്ങൾ, ജന്മദിനം, ന്റുപ്പാപ്പയ്ക്കൊരാനേണ്ടാർന്നു, മരണത്തിന്റെ നിഴലിൽ, പ്രേമലേഖനം, മുച്ചീട്ടുകളിക്കാരന്റെ മകൾ, ആനവാരിയും പൊൻകുരിശും തുടങ്ങി എത്രയെത്ര മികച്ച കൃതികൾ വൈക്കം മുഹമ്മദ് ബഷീർ എന്ന സുൽത്താന്റേതായുണ്ട്.

ആദ്യത്തെ കഥയെഴുത്ത് അനുഗൃഹീതമായ ഒരു യാദൃച്ഛികതയായിരുന്നു എന്നു പറയാം.

*(പ്രൊഫ. എം കെ സാനുവിന്റെ 'ബഷീർ ജീവിതവും കഥകളും' എന്ന കൃതിയോടു കടപ്പാട്.)*

# മഹാഭാരതം



സുഗതകുമാരി

ആന ആനയോടും കുതിരപ്പട കുതിരപ്പടയോടും കാലാൾ കാലാളിനോടും ഏറ്റുമുട്ടി ഘോരമായിത്തീർന്ന ആ രണമധ്യത്തിൽ ദ്രോണരുടെ രഥം ധർമ പുത്രർക്കു നേർക്ക് കുതിച്ചെത്തി. രാജാവിനെ കാത്തുനിന്നു പടവെട്ടുന്ന പാണ്ഡവസേനയെ കൊന്നൊടുക്കുന്ന ദ്രോണരോട് യുധിഷ്ഠിരനും മത്സ്യരാജാവും പാഞ്ചാലരും ശിഖണ്ഡിയും സാത്യകിയും വാശിയോടെ പൊരുതി. അതിനിടയിൽ ഭൂമി കുലുക്കിക്കൊണ്ട് ഭഗദത്തന്റെ നീല മല പോലുള്ള മഹാഗജം, സുപ്രതീകം വന്നെത്തി പാണ്ഡവപ്പടയെ ചവുട്ടിയും തുമ്പിക്കൈയിൽ താഡിച്ചും എടുത്തെറിഞ്ഞും കൊന്നൊടുക്കിത്തുടങ്ങി.

ദ്രോണകർണാദികളുടെ ഒന്നിച്ചുള്ള ആക്രമണം പൊറുക്കാഞ്ഞ് പാണ്ഡവസേന അല്ലലിലാണ്ടു. ദ്രോണരുടെ പൊന്നുംകിണ്ടി അടയാളമുള്ള കൊടി ഏറ്റവുമുയരെ പാറിക്കളിക്കുന്നത് കാണായി. ആചാര്യന്റെ വില്ല് മിന്നൽപ്പിണർപോലെ ചുഴന്നു വീശുന്നത് കാണായി. കണ്ടുനിന്നവരും കയർത്തെതിർത്തവരും മാറത്ത് കൂരമ്പു തറച്ചു മറിഞ്ഞുവീണു പിടഞ്ഞു. ദ്രോണമയമായിത്തീർന്നൂ പോർക്കളം മുഴുവനും. മറ്റൊരിടത്തു പോർ ചെയ്തു നിൽക്കവേ അതു കണ്ട ഭീമൻ ധർമപുത്രരുടെയരികിലേക്കു കുതിച്ചെത്തി. മദയാനയെപ്പോലെ എല്ലാം തകർത്തുള്ള ആ വരവുകണ്ട ദുര്യോധനനും കർണനും അശ്വഥാമാവും മറ്റ് വീരന്മാരും അങ്ങോട്ടേക്കു പാഞ്ഞെത്തി. വീരരായ രാജകുമാരന്മാർ തമ്മിലും പടനായകന്മാർ തമ്മിലും ഭീകരമായ ദ്വന്ദ്വയുദ്ധങ്ങളുണ്ടായി. ഭീകരനായ അലംബുഷനെ അലറിക്കൊണ്ട് ഘടോൽക്കചൻ നേരിട്ടു. ഭീമനും ഭഗദത്തനും തമ്മിൽ ഉഗ്രയുദ്ധം നടന്നു. സുപ്രതീകമെന്ന മദയാന ഭീമനെ കൊല്ലാൻ കിണഞ്ഞു ശ്രമിച്ചു. കണ്ണുരുട്ടിയും കനത്തകാലുകളാലും തുമ്പിക്കൈയാലും മർദിച്ചും ഭീമന്റെ തേരും കുതിരകളും അവൻ പൊടിച്ചുകളഞ്ഞു. ഭീമൻ ഓടി ആനയുടെ കീഴിൽ കയറി അവനെ തച്ചു കൊല്ലാൻ ശ്രമിച്ചപ്പോൾ ആന തുമ്പിക്കൈ നീട്ടി ഭീമനെ പിടിച്ച് നിലത്തോടുചേർത്ത് അമർത്തി. മുട്ടു കുത്തിപ്പോയ ഭീമൻ പിടഞ്ഞെഴുന്നേറ്റ് വീണ്ടും ആനയുമായി ചുറ്റിക്കളിക്കുംപോലെ യുദ്ധം തുടങ്ങിയപ്പോൾ പാണ്ഡവപക്ഷത്തെ മദയാനകൾ തുണയ്ക്കെത്തി. ഭീമൻ മാറിക്കളഞ്ഞു. ഉടഞ്ഞുകിടക്കുന്ന തേരും കൊടിയും കണ്ടും ഭീമനെ കാണാതെയും ധൃഷ്ടദ്യുമ്നൻ പരിഭ്രാന്തനായി അവിടേക്കു പാഞ്ഞെത്തി. എതിർത്ത ആനകളെ കുത്തിവീഴ്ത്തിയ സുപ്രതീകത്തെ യുധിഷ്ഠിരൻ തേർക്കൂട്ടവുമായി വളഞ്ഞു ഘോരയുദ്ധം തുടർന്നു.

യുദ്ധഭൂമിയുടെ തെക്കേ തലയ്ക്കൽ സംശപ്തകന്മാരോടു കഠിനയുദ്ധം ചെയ്യുകയാണ് ഈ നേരത്തെല്ലാം കൃഷ്ണാർജുനന്മാർ. ഭഗദത്തന്റെ ആനയുടെ ഭയാനകമായ അലർച്ച കേട്ട അർജുനൻ അങ്ങോട്ടു തേരുവിടാൻ ശ്രമിച്ചുവെങ്കിലും സംശപ്തകന്മാർ തടഞ്ഞുനിർത്തി. ക്രുദ്ധനായ പാർഥൻ ദിവ്യാസ്ത്രങ്ങളാൽ അവരെ പ്രഹരിച്ച് കൊന്നുവീഴ്ത്തി. ആയുധങ്ങൾ ചിന്നിച്ചിതറി കൈകാൽ തലയറ്റ് പടവെട്ടിയവർ വീണു പിടഞ്ഞു. അവർക്കിടയിലൂടെ തേരോടിച്ച് കൃഷ്ണാർജുനന്മാർ യുധിഷ്ഠിര സവിധത്തിലെത്തി. അവിടെ ആനയും വില്ലാളികളുമായി ഭീകരമായ യുദ്ധം നടക്കുന്നതു കാണായി. താമരക്കുളം കലക്കുന്നതുപോലെ ആ മദയാന സേനാനിരയെ കലക്കിമറിച്ചു. അർജുനന്റെ വരവുകണ്ട ഭഗദത്തൻ തന്റെ മത്തനായ ആനയെ അങ്ങോട്ടു തിരിച്ച് കൃഷ്ണാർജ്ജുനന്മാരിൽ അമ്പുകൾ വർഷിച്ചു. ആനയെ കൊല്ലാൻ മടിച്ച് പാർഥൻ ഭഗദത്തനെ മാത്രം എതിർത്തെയ്യവേ ഭഗദത്തൻ കാരിരുമ്പുകളാൽ ശ്രീകൃഷ്ണന്റെ തിരുമെയ്യു പിളർന്നു. അർജുനൻ അതുകണ്ടു പൊറുക്കാതെ ഭഗദത്തനെയും പരിജനങ്ങളെയും അമ്പുകളാൽ മൂടി. ആനയുടെ പടച്ചട്ട അമ്പാൽ പിളർന്നു. അസ്ത്രവർഷം ചൊരിയുന്നതെല്ലാം അർജുനൻ മുറിച്ചെറിഞ്ഞ് കൂരമ്പുകൾ അയയ്ക്കുന്നതേറ്റ് പൊറുതിമുട്ടി ക്രുദ്ധനായിത്തീർന്ന ഭഗദത്തൻ മന്ത്രം ജപിച്ച് മഹാദിവ്യമായ നാരായണാസ്ത്രം പാർഥന്റെ നേർക്ക് പ്രയോഗിച്ചു. ജ്വലിച്ചണയുന്ന



## സേനാപതി ദ്രോണർ (തുടർച്ച)



വര: ജയേന്ദ്രൻ

നാരായണാസ്ത്രം കണ്ട് നാലുപാടും ഹാ ഹാ എന്ന് ഭയാരവം ഉയരവേ ശ്രീനാരായണൻ തന്നെ തന്റെ തിരുമാറുകാട്ടി ആ അസ്ത്രാഘാതം ഏറ്റുവാങ്ങി! ശ്രീനാരായണന്റെ തിരുമാറിൽ നാരായണാസ്ത്രം വനമാലയായി മാറി മണം പരത്തി വിലസുന്ന കാഴ്ച കണ്ട് ആകാശത്തു ദേവകൾ ആനന്ദതുന്ദിലരായി. എന്നാൽ അർജുനന്റെ മുഖം വാടി. 'വാസുദേവ, അങ്ങ് യുദ്ധം ചെയ്യുകയില്ലെന്നല്ലേ ശപഥം ചെയ്തത്? ഞാൻ ദുർബലനെന്നു കരുതിയോ ഇങ്ങനെ അസ്ത്രം ഏറ്റുവാങ്ങിയത്?' എന്നു പരിഭവിച്ച പാർഥനെ ഭഗവാൻ മധുരവാണികളാൽ ആശ്വസിപ്പിച്ചു. നാരായണാസ്ത്രം ഭഗദത്തൻ ഏറെക്കാലം തപസ്സുചെയ്തു നേടിയതാണെന്നും അതിന് പ്രത്യസ്ത്രമില്ലെന്നും മനസ്സിലാക്കിയ പാർഥൻ വീണ്ടും ഭഗദത്തനോട് ക്രോധത്തോടെ യുദ്ധം തുടങ്ങി. സേനകളെ ചവിട്ടിമെതിച്ചു നിൽക്കുന്ന മദയാനയുടെ മസ്തകത്തിൽ അസ്ത്രമെയ്തു തറപ്പിച്ച് ആ ഭീമാകാരനായ ഗജവീരൻ അലറിക്കൊണ്ട് കൊമ്പുകുത്തി നിലംപതിച്ചു പ്രാണൻ വെടിഞ്ഞു. ആ നിമിഷം തന്നെ അർധചന്ദ്രാകാരമായ അർജുനബാണത്താൽ കനകകിരീടാലങ്കൃതമായ ഭഗദത്തശിരസ്സും അറ്റുവീണു.

യുദ്ധം തുടരുകയാണ്. ഭഗദത്തപതനം കണ്ട് ക്ഷോഭിച്ച കൗരവന്മാരുടെ കൂട്ടത്തിലെ ധൃതരാഷ്ട്രസ്യാലരായ വൃഷകാചലരാജാക്കന്മാരെ അർജുനൻ വധിച്ചതുകണ്ട് ദുർമതിയായ ശകുനി വിചിത്രങ്ങളായ മായകളെ പാണ്ഡവരുടെ നേർക്ക് പ്രയോഗിച്ചു. ഒരായിരം ആയുധജാലങ്ങളും പാറകളും അസ്ഥിഖണ്ഡങ്ങളും പാർഥന്റെ നേർക്ക് പറന്നുചെന്നു. അതോടൊപ്പം പോത്ത്, സിംഹം, വ്യാഘ്രം, പുലി, ചെന്നായ, കരടി, പാമ്പ്, കുരങ്ങ് മുതലായ നൂറുനൂറു വന്യമൃഗങ്ങൾ ചീറിക്കൊണ്ടു പാഞ്ഞടുത്തു. പെട്ടെന്ന് ഇരുട്ട് നിറഞ്ഞു. പാർഥനെ ഭത്സിക്കുന്ന നീചവാക്കുകൾ ഉയർന്നു കേൾക്കായി. ജ്യോതിർമയാസ്ത്രത്താൽ പാർഥൻ ഇരുട്ടുമുടിച്ചപ്പോൾ വെള്ളപ്പൊക്കമായി. ആദിത്യാസ്ത്രത്താൽ ചിരിച്ചുകൊണ്ട് പാർഥൻ അതും വറ്റിച്ചപ്പോൾ മായാവിയായ ശകുനി തേരു തിരിച്ച് ഓടിക്കളഞ്ഞു.

ഈ സമയമെല്ലാം മറ്റ് യുദ്ധമുഖങ്ങളിൽ വീരന്മാർ തങ്ങളിൽ പൊരുതുകയായിരുന്നു. ഭീമപരാക്രമംകൊണ്ട് കൗരവസേന പലപ്പോഴും ഉടഞ്ഞുതകർന്നു. അശ്വത്ഥാമാവും ദുര്യോധനനും ദുശ്ശാസനനും കർണനും കൃപരും ശല്യരും പല സൈന്യമുഖങ്ങളിൽ നിന്ന് പാണ്ഡവസേനയുമായി പൊരുതി. യുധിഷ്ഠിരനും നകുലനും സഹദേവനും അഭിമന്യുവും കുരുസേനയെ തടഞ്ഞുനിർത്തി പടനായകന്മാരെ കൊന്നൊടുക്കി. യുധിഷ്ഠിരനും ശല്യരും പലവട്ടം ഏറ്റുമുട്ടി. (തുടരും)

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## മഴപ്പാട്ട്

ഓടിക്കിതച്ചുവന്നെത്തും മഴ
താഴേക്കു വീഴും മഴ
ഒഴുകിക്കിതച്ചാർത്തു പായും മഴ
പുഴയോടു കൂട്ടുകൂടീടും മഴ
ഒടുവിൽ കടലിലേക്കെത്തും മഴ
നീരാവിയായിട്ടു മാറും മഴ
ഏഴുവർണങ്ങളായ് തീരും മഴ
മഴവില്ലിനു നിറമേകും മഴ
കുട്ടികളൊത്തു കളിക്കും മഴ
പകുതിയിൽവച്ച് മറയും മഴ
കാറ്റിനോടൊന്നിച്ച് പോകും മഴ
മേഘങ്ങളിൽ ചെന്നൊളിക്കും മഴ.



വര: ഗോപു പട്ടിത്തറ

**ശ്രീദേവ് എ ആർ, ക്ലാസ് 8,**
**ഗവ. നാഷണൽ ബോയ്സ് ഹൈസ്കൂൾ,**
**കൊടകര**

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# ആൻ ഫ്രാങ്ക് എന്ന കുട്ടി

**ആസിയ നിസ്സാം, ക്ലാസ് 6 സി, എൻ വി യു പി സ്കൂൾ, വയല, അഞ്ചൽ**

വലുതാകുമ്പോൾ എഴുത്തുകാരിയാവണമെന്നാണ് ആ പെൺകുട്ടിയുടെ സ്വപ്നം. സ്വപ്നം കണ്ടതുപോലെ അവൾ എഴുത്തുകാരിയായി. എന്നാൽ താൻ എഴുതിയതൊക്കെ ലോകം അക്ഷമയോടെ വായിക്കുന്നതു കാണാൻ മാത്രം അവൾക്ക് ഭാഗ്യമുണ്ടായില്ല.

ലോകമറിയുന്ന എഴുത്തുകാരിയാവുക എന്ന അസാധാരണ സ്വപ്നം സഫലമാക്കി. വലുതാവുക എന്ന സാധാരണ ആഗ്രഹം ബാക്കിവച്ച് ലോകത്തോട് വിടപറഞ്ഞ ആ പെൺകുട്ടിയുടെ പേരാണ് ആൻ ഫ്രാങ്ക്. ലോകത്തിലെ അധികമാളുകൾക്കും കഴിയാത്ത തരത്തിൽ അവൾ സ്വന്തം ജീവിതം രേഖപ്പെടുത്തി പ്രകാശം പരത്തുന്ന വാക്കുകളിലൂടെ. ചരിത്രത്തിലെ ഇരുളടഞ്ഞ ഒരു കാലഘട്ടത്തിന്റെ കഥ പറഞ്ഞു.

ഇനി നമുക്ക് ആനിന്റെ ജീവിതത്തിലേക്കു പോകാം. 1929 ജൂൺ 12 ന് ജർമനിയിലെ പ്രശസ്തമായ ഫ്രാങ്ക്ഫർട്ട് നഗരത്തിൽ ഓട്ടോ ഫ്രാങ്കിന്റെയും എഡിത്ത് ഫ്രാങ്കിന്റെയും ഇളയമകളായി ആൻ ഫ്രാങ്ക് പിറന്നു.

മനുഷ്യചരിത്രത്തിൽ ഏറ്റവും നാശം വിതച്ച യുദ്ധമായിരുന്നു രണ്ടാം ലോകമഹായുദ്ധം. തികച്ചും വ്യത്യസ്തമായ രണ്ട് ആത്മകഥകളിലൂടെ ആ മഹായുദ്ധത്തെക്കുറിച്ച് ലോകം ഇന്നും ഓർക്കുന്നു. അതിലൊന്ന് യുദ്ധത്തിന്റെ മുഖ്യ ശില്പി സാക്ഷാൽ ഹിറ്റ്ലറുടെ ആത്മകഥ 'മെയ്ൻ കാംഫ്' ( എന്റെ പോരാട്ടം). മറ്റൊന്ന്



ആൻ ഫ്രാങ്കിന്റെ 'ഡയറി ഓഫ് ആൻ ഫ്രാങ്ക്' എന്ന ഡയറിക്കുറിപ്പുകളും.

യൂറോപ്പ് പിടിച്ചടക്കാൻ സ്വപ്നം കണ്ട ഒരു യുദ്ധ ക്കൊതിയന്റെ ജീവിതദർശനങ്ങളായിരുന്നു ഹിറ്റ്ലറുടെ ആത്മകഥയെങ്കിൽ യുദ്ധത്തിന്റെ യാതനകൾക്ക് സ്വയം അറിയാതെ ഇരയാകേണ്ടിവന്ന ഒരു പെൺകുട്ടിയുടെ ജീവിത അനുഭവങ്ങളും സ്വപ്നങ്ങളുമായിരുന്നു ആനിന്റെ ഡയറിക്കുറിപ്പുകൾ.

ജർമനിയിൽ ജനിച്ച ആൻ ഫ്രാങ്ക് വളർന്നത് ഹോളണ്ടിലാണ്. 1942 ൽ തന്റെ 13-ാം പിറന്നാൾ ദിനത്തിൽ അവൾക്ക് ഒരു ഡയറി സമ്മാനമായി ലഭിച്ചു. 'കിറ്റി' എന്ന ഓമനപ്പേരിട്ട ആ ഡയറിയിൽ 1942 ജൂൺ 14 മുതൽ അവൾ എഴുതിത്തുടങ്ങി.ഏറെ പ്രിയപ്പെട്ട കൂട്ടുകാരിക്ക് കത്ത് എഴുതുന്നതുപോലെ.

1942 മുതൽ 1944 വരെയുള്ള രണ്ടുവർഷം ആൻ ഫ്രാങ്കും കുടുംബവും ഹിറ്റ്ലറിനെ ഭയന്ന് ആംസ്റ്റർഡാമിലെ ഒരു ഒളിയിടത്തിൽ കഴിഞ്ഞു. ഒളിവിൽ കഴിഞ്ഞ കാലത്ത് താനും കുടുംബവും അറിഞ്ഞതും അനുഭവിച്ചതുമായ കാര്യങ്ങൾ ആൻ സ്വന്തം ഡയറിയിൽ കുറിച്ചിട്ടു. രണ്ടുവർഷത്തിനുശേഷം ഹിറ്റ്ലറുടെ രഹസ്യപോലീസ് ആനിനെയും കുടുംബത്തെയും അറസ്റ്റു ചെയ്തു. 1945 ൽ ഹിറ്റ്ലറുടെ കോൺസൻട്രേഷൻ ക്യാംപിൽ വച്ച് ആനും സഹോദരിയും ടൈഫസ് രോഗം പിടിപെട്ടു മരിച്ചു. മരിച്ചിട്ടും മായാതെ ആ ചിരിക്കുന്ന മുഖം ഇപ്പോഴും ലോകത്തിന്റെ മുന്നിലുണ്ട്.

# അക്ഷരയാത്ര തൃശ്ശൂർ ജില്ലയിലെ വിവിധ സ്കൂളുകളിൽ...

സേക്രഡ് ഹാർട്ട് സി ജി എച്ച് എസ് എസിലെ ഉദ്ഘാടനം സാഹിത്യകാരി ലളിത ലെനിൻ നിർവഹിച്ചു.






കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. ടി കെ നാരായണൻ പോട്ടോർ കുലപതി മുൻഷി ഭവൻസ് വിദ്യാമന്ദിറിലെ ഉദ്ഘാടനം നിർവഹിച്ചു.



കാൽഡിയൻ സിറിയൻ ഹയർ സെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം കവിയും സംസ്കൃത സർവ്വകലാശാല അധ്യാപിക യുമായ ഡോ. ശ്രീലതാ വർമ്മ നിർവഹിച്ചു.







പുറനാട്ടുകര കേന്ദ്രീയ വിദ്യാലയത്തിലെ ഉദ്ഘാടനം സാഹിത്യകാരൻ ഡോ. എം എൻ വിനയകുമാർ നിർവഹിച്ചു.

കുറ്റിക്കാട് സെയിന്റ് സെബാസ്റ്റ്യൻ ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം സിപ്പി പള്ളിപ്പുറം നിർവഹിച്ചു.







ചാലക്കുടി സേക്രഡ് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം സാഹിത്യകാരൻ സെബാസ്റ്റ്യൻ പള്ളിത്തോട് നിർവഹിച്ചു.

ചാലക്കുടി ക്രസന്റ് പബ്ലിക് സ്കൂളിലെ ഉദ്ഘാടനം സിപ്പി പള്ളിപ്പുറം നിർവഹിച്ചു.







ചാലക്കുടി കാർമൽ ഹയർ സെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം കവിയും ഗാനരചയിതാവും ആയ പനമ്പിള്ളി വാസുദേവൻ നിർവഹിച്ചു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 August 2019
Regd KL/TV (N)/399/2018-2020 Published on 29-07-2019 Vol:25, Issue:08, ₹20

